# സീറോമലബാർ വിഷൻ

സീറോമലബാർസഭയുടെ മുഖപത്രം

SEPTEMBER 2026 | Vol - 6 ● Issue - 9 ● 16 Page Tabloid | www.syromalabarvision.com


# ESA അഥവാ പരിസ്ഥിതി സംവേദക മേഖല: പ്രതിസന്ധികളും പ്രശ്നപരിഹാരങ്ങളും



ഡോ. ചാക്കോ കാളംപറമ്പിൽ

പശ്ചിമഘട്ടം ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുള്ള തപ്തി നദി മുതൽ തെക്ക് കന്യാകുമാരി വരെ ഏകദേശം 1500 കിലോമീറ്റർ ദൂരത്തിൽ വ്യാപിച്ചുകിടക്കുന്നതും ശരാശരി 600 മീറ്ററിലധികം ഉയരമുള്ളതുമായ മലനിരകളാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം, തമിഴ്നാട് എന്നീ ആറ് സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന സ്വഭാവിക ഭൂപ്രകൃതിയും ജൈവവൈവിധ്യത്തിന്റെ അമൂല്യകലവറയുമാണ്. എല്ലാവർഷവും ജൂൺ ആദ്യവാരത്തിൽ ആരംഭിക്കുന്ന കാലവർഷത്തെ ഈ മേഖലകളിൽ ലഭ്യമാക്കി തരുന്ന പശ്ചിമഘട്ടത്തിന്റെ സംരക്ഷണം തലമുറകളുടെ ഉത്തരവാദിത്വമാണ്.

പരിസ്ഥിതിസംരക്ഷണവും ജനജീവിതവും തമ്മിൽ ഏറ്റുമുട്ടേണ്ടതില്ല. പശ്ചിമഘട്ട സംരക്ഷണത്തിന്റെ പേരിൽ കർഷകരെയോ ജനങ്ങളെയോ പ്രതിസ്ഥാനത്ത് നിർത്തുന്നത് തെറ്റാണ്; അതുപോലെ കർഷകരുടെ ആശങ്കകൾ അവഗണിച്ച് പരിസ്ഥിതി സംരക്ഷണം നടപ്പാക്കുന്നതും. പരിസ്ഥിതി സംരക്ഷിക്കുമ്പോൾ സുസ്ഥിര വികസനത്തിന്റെ കേന്ദ്രസ്ഥാനത്ത് മനുഷ്യനായിരിക്കണം എന്ന യുനസ്കോയുടെ പ്രഖ്യാപിതനയം ആയിരിക്കണം സർക്കാരിന്റെ നിയമനിർമാണത്തിന്റെ മാനദണ്ഡം.എന്നാൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ ഇ എസ് എ വിജ്ഞാപനത്തിലൂടെ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും ഉൾപ്പെടുന്ന ഭൂമികൾ വനം ആക്കി മാറ്റാൻ ശ്രമിക്കുന്നതും ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും അടക്കമുള്ള റവന്യൂ ഭൂമിയിൽ വനനിയമം ബാധകമാക്കുന്നതും തികച്ചും അശാസ്ത്രീയമാണ്. അതിനാൽ 2026 ജൂലൈ 27ന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറത്തിറക്കിയ ഏഴാമത് ഇ.എസ്.എ കരട് വിജ്ഞാപനം (പരിസ്ഥിതി സംവേദന പ്രദേശം /ഇക്കോളേജിക്കലി സെൻസിറ്റീവ് ഏരിയ) അന്തിമ വിജ്ഞാപനം ആയി പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് കേരളത്തിന്റെ യാഥാർഥ്യങ്ങൾ പരിഗണിച്ച് സമഗ്രമായ തിരുത്തലുകൾ അനിവാര്യമാണ്. കേന്ദ്ര മന്ത്രാലയം പുറപ്പെടുവിച്ച പുതിയ കരട് വിജ്ഞാപനത്തിൽ ആറ് സംസ്ഥാനങ്ങളിലായി 56,825.7 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ഇ.എസ്.എ യായി നിർദേശിച്ചിരിക്കുന്നത്. കേരളത്തിലെ പന്ത്രണ്ട് ജില്ലകളിലെ 131 വില്ലേജുകളിലായി 9,993.7 ചതുരശ്ര കിലോമീറ്റർ ഇതിൽ ഉൾപ്പെടുന്നു. 2026 സെപ്റ്റംബർ 25 വരെയാണ് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാനുള്ള സമയപരിധി.

## ഭൂപടങ്ങളുടെ അപൂർണത

ഇ.എസ്.എ സംബന്ധിച്ച ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് സാധാരണജനങ്ങൾക്ക് ഇ.എസ്.എയുടെ കൃത്യമായ അതിർത്തി മനസിലാക്കാൻ കഴിയുന്ന വിധത്തിലുള്ള സമ്പൂർണ ഭൂപടങ്ങൾ, കരട് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള കഡസ്ട്രറൽ മാപ്പിലൂടെ ലഭ്യമല്ല എന്നതാണ്. കൂടാതെ കഡസ്ട്രറൽ മാപ്പുകൾ വിവിധ അളവുകളിൽ അശാസ്ത്രീയമായി കൂട്ടിയോജിപ്പിച്ചതിനാൽ അതു ജിയോറെഫറൻസുകൾ ചെയ്ത് സ്ഥലീയ രേഖകൾ ആക്കുവാൻ പര്യാപ്തമല്ല. പ്രസ്തുത മാപ്പുകളിൽ പലതിലും ശരിയായ മാപ്പ് സ്കെയിലിംങ്ങും (1:4000) നടത്തിയിട്ടില്ല. അതിനാൽ കഡസ്ട്രറൽ മാപ്പുകളിൽനിന്ന് ഇ.എസ്.എയുടെ വിസ്തീർണ്ണം ഡിജിറ്റലൈസ് ചെയ്തു നിർണയിക്കുന്നത് അസാധ്യമാണ്. ഭൂപടം ജനങ്ങൾക്ക് വായിക്കാനാകാത്തതാണെങ്കിൽ പൊതുജനാഭിപ്രായം സ്വീകരിക്കുന്ന പ്രക്രിയ തന്നെ അപൂർണമാകും.

അതുകൊണ്ട് കേരള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും കേരള ജൈവവൈവിധ്യ ബോർഡും അടിയന്തരമായിതാഴെപ്പറയുന്നവപ്രസിദ്ധീകരിക്കണം: ഓരോ വില്ലേജിലെയും കൃത്യമായ ഇ.എസ്.എ അതിർത്തി; സർവ്വേ നമ്പർ/ ബ്ളോക്ക് നമ്പർ അടിസ്ഥാനത്തിലുള്ള കഡസ്ട്രറൽ മാപ്പ്; ഇ.എസ്.എ യിൽ ഉൾപ്പെടുന്ന വനഭൂമി, സംരക്ഷിതഭൂമി ഇവയുടെ വിസ്തീർണം; തോട്ടഭൂമി, കൃഷിഭൂമി, ജനവാസമേഖല എന്നിവ വേർതിരിച്ചുള്ള ഭൂവിനിയോഗ മാപ്പ് ഇവയെല്ലാം ഉടൻ ജനങ്ങൾക്ക് ലഭ്യമാക്കണം. ഒപ്പം ജനവാസ കേന്ദ്രങ്ങളെ കൃഷിയിടങ്ങളിലും തോട്ടങ്ങളെയും ഒഴിവാക്കി നിലവിലുള്ള വനമേഖലകളും സംരക്ഷിത മേഖലകളും മാത്രം ഇ എസ് എ യിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന് അടിയന്തരമായി ഈ മാപ്പ് സമർപ്പിക്കണം. അങ്ങനെ സമർപ്പിക്കുന്ന പ്രദേശങ്ങളിലെ ഇ എസ് എ പരിധിയിൽ കേരളത്തിലെ റവന്യൂ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കൃത്യമായി അന്തിമ വിജ്ഞാപനത്തിൽ രേഖപ്പെടുത്തണം.



**പശ്ചിമഘട്ടത്തെ സംരക്ഷിക്കേണ്ടത് ജനങ്ങളെ പുറത്താക്കിക്കൊണ്ടല്ല; ജനങ്ങളോടൊപ്പം നിന്നുകൊണ്ടാകണം. ഇപ്പോൾ പ്രസിദ്ധീകരിച്ച ഏഴാമത്തെ കരട് വിജ്ഞാപനം ഒരു അന്തിമ തീരുമാനം അല്ല. കേന്ദ്രം തന്നെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിച്ചിരിക്കുകയാണ്. അതിനാൽ ഇത് കേരളത്തിന് പിഴവുകൾ ചൂണ്ടിക്കാട്ടാനും ശാസ്ത്രീയമായ തിരുത്തലുകൾ ആവശ്യപ്പെടാനും ലഭിച്ച നിർണായക അവസരമായി കണക്കാക്കണം.**

## സംസ്ഥാന സർക്കാരിന്റെ ഇ എസ് എ റിപ്പോർട്ടുകളിലെ വൈരുദ്ധ്യം.

### a) ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിക്ക് പറ്റിയ പാളിച്ച

കേരളത്തിലെ ഇ.എസ്.എ നിർണയചരിത്രത്തിൽ ഏറ്റവും ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണ് 123 വില്ലേജുകളിൽ 9,107 ചതുരശ്ര കിലോമീറ്റർ ഭൂമി വനഭൂമിയാണെന്നുള്ള കണ്ടെത്തൽ. ജനപങ്കാളിത്തം ഇല്ലാതെ തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ടിനേ തുടർന്ന് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ അന്നത്തെ ഉമ്മൻചാണ്ടി സർക്കാർ ഉമ്മൻ വി. ഉമ്മൻ അധ്യക്ഷനായ മൂന്ന് അംഗ വിദഗ്ധസമിതിയെ ഫിസിക്കൽ വെരിഫിക്കേഷനുവേണ്ടി നിയോഗിച്ചു. ഉമ്മൻ കമ്മിറ്റി തയാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലെ ഇ.എസ്.എ 9,993.7 ചതുരശ്ര കിലോമീറ്ററായി നിർദ്ദേശിക്കപ്പെട്ടു. അതിൽ 9,107 ചതുരശ്ര കിലോമീറ്റർ വനഭൂമിയും 886.7 ചതുരശ്ര കിലോമീറ്റർ വനേതരവുമാണെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. കമ്മിറ്റി റിപ്പോർട്ടിനേ തുടർന്ന് സംസ്ഥാന സർക്കാർ സമർപ്പിച്ച ശുപാർശയാണ് കഴിഞ്ഞ ആറ് കരടു വിജ്ഞാപനങ്ങളിലും ഏഴാമത്തെ ഇപ്പോഴത്തെ കരട് വിജ്ഞാപനത്തിലും നൽകിയിരിക്കുന്നത്.

ഇ.എസ്.എ യായി കരടിൽ രേഖപ്പെടുത്തിയിട്ടുള്ള 9,107 ചതുരശ്ര കിലോമീറ്റർ വനഭൂമി യഥാർഥത്തിൽ 123 വില്ലേജുകളിലെ വനമേഖലയുടെ വിസ്തൃതിയല്ല മറിച്ച് വനം വകുപ്പിന്റെ അന്നത്തെ ഔദ്യോഗിക രേഖ അനുസരിച്ച് കേരളത്തിലെ മുഴുവൻ ഫോറസ്റ്റ് വിസ്തൃതിയാണ്.

അതിനാൽ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പ്രസ്തുത റിപ്പോർട്ടിലെ പിശക് പുനഃപരിശോധിക്കേണ്ടതാണ്. ഈ തെറ്റിന്റെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെട്ട 123 വില്ലേജുകളിലെ ഇ.എസ്.എ വിസ്തീർണം, ലക്ഷകണക്കിന് ഏക്കർ കൃഷിഭൂമിയും മുപ്പത് ലക്ഷത്തിലധികം ജനങ്ങൾ പാർക്കുന്ന ജനവാസ കേന്ദ്രങ്ങളും അന്തിമവിജ്ഞാപനത്തിലൂടെ വനഭൂമിയായി മാറ്റപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. ഈ തെറ്റുതിരുത്തുവാൻ ഭരണകൂടവും ഉദ്യോഗസ്ഥരും തയാറാകണം.

എന്നാൽ വില്ലേജുകളുടെ എണ്ണത്തിൽ സംസ്ഥാന സർക്കാരിന്റെ രേഖകൾ അനുസരിച്ച് 123-ൽ എട്ടു വില്ലേജുകൾ ഭരണപരമായ വിഭജനത്തിന് വിധേയമായതുകൊണ്ട് പുതിയ എട്ടു വില്ലേജുകൾ കൂടി ഉൾപ്പെടുത്തി 131 വില്ലേജുകളായി അവസാനത്തെ രണ്ട് കരടു വിജ്ഞാപനങ്ങളിൽ കാണിച്ചിട്ടുണ്ട്. ഈ പുതിയ വില്ലേജുകളുടെ മാപ്പുകൾ ആകട്ടെ കരട് വിജ്ഞാപനത്തിൽ അവകാശപ്പെടുന്ന കേരള ബയോഡേഴ്സിറ്റി ബോർഡിന്റെ സൈറ്റിൽ ലഭ്യവുമല്ല എന്നറിയുന്നു.

### b) വില്ലേജ് ഇ.എസ്.എയുടെ അടിസ്ഥാന യൂണിറ്റാകരുത്

കേരളത്തിന്റെ പ്രത്യേക ഭൂമിശാസ്ത്ര സാമൂഹിക സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട തിരുത്തൽ വേണ്ടത് മുഴുവൻ വില്ലേജിനെ ഇ.എസ്.എയായി പ്രഖ്യാപിക്കുന്ന രീതി ഒഴിവാക്കുക എന്നതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള മുൻ നിർദേശങ്ങളിൽ, ഒരു വില്ലേജിന്റെ നിശ്ചിത ശതമാനം ഇ.എസ്.എ പരിധിയിൽ വരുമ്പോൾ മുഴുവൻ വില്ലേജിനെയും ഇ.എസ്.എയായി പരിഗണിക്കുന്ന സമീപനം തിരുത്തണമെന്ന് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കേരളം പോലെ ജനസാന്ദ്രത കൂടുതലുള്ളതും ആളോഹരി സ്ഥലലഭ്യത കുറവായ ഒരു സ്ഥലത്ത് ഒരേ വില്ലേജിനുള്ളിൽ വനവും കൃഷിയിടവും പട്ടണവും ആശുപത്രിയും വിദ്യാഭ്യാസ സ്ഥാപനങ്ങളും വീടുകളും തോട്ടങ്ങളും വ്യാപാരകേന്ദ്രങ്ങളും ഉണ്ടെന്നും അതേ റിപ്പോർട്ട് വ്യക്തമാക്കുന്നു.

അതുകൊണ്ട് വില്ലേജ് ഭരണപരമായ യൂണിറ്റാണ്; അത് പരിസ്ഥിതിശാസ്ത്രപരമായ ഏകകമല്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, വന നിയമങ്ങൾ ബാധകമാക്കുന്ന കാര്യത്തിൽ പോലും നിയമം അമന്റ് ചെയ്ത്, വില്ലേജുകളെ ഒഴിവാക്കി, വാർഡുകളിലേക്ക് നിജപ്പെടുത്തിയ ചരിത്രം കേരളത്തിനുണ്ട്. തന്നെയുമല്ല സംസ്ഥാനസർക്കാർ ഇപ്പോഴത്തെ കരട് വിജ്ഞാപനം അനുസരിച്ച് 131 വില്ലേജുകളെ മുഴുവനായി ഇ.എസ്.എയായി പ്രഖ്യാപനം നടത്തുന്നതിലൂടെ, 546 പഞ്ചായത്തുകളിൽ ആയി വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ടത്തെയും ആയിരത്തോളം പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന കേരളത്തിന്റെ പരിസ്ഥിതിയെയും സംരക്ഷിക്കാം എന്നത് മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയാണ്.

### c) ജനവാസ മേഖല, കൃഷി, തോട്ടങ്ങൾ എന്നിവ ഇ.എസ്.എ. യിൽ നിന്ന് ഒഴിവാക്കണം

കേരളത്തിന്റെ പശ്ചിമഘട്ട മേഖല മറ്റു പല സംസ്ഥാനങ്ങളിലേതിൽനിന്നും വ്യത്യസ്തമാണ്. ഇവിടെ വനമേഖലകളോടുചേർന്ന് മതിയായ റവന്യൂ രേഖകൾ ഉള്ള ഭൂമിയിൽ തന്നെ നൂറ്റാണ്ടുകളായി മനുഷ്യവാസവും കൃഷിയും തോട്ടക്കൃഷിയും നിലനിൽക്കുന്നു. കാപ്പി, ഏലം, കുരുമുളക്, റബർ, ചായ തുടങ്ങിയ തോട്ടങ്ങൾ പല പ്രദേശങ്ങളിലും പ്രാദേശിക സമ്പദ്വ്യവസ്ഥയുടെ അടിത്തറ

ശേഷം പേജ് 5-ൽ

## എഡിറ്റോറിയൽ

# ഇനിയും മലയോര ജനതയെ വഞ്ചിക്കരുത്!

പശ്ചിമഘട്ടത്തിലെ മലയോരപ്രദേശത്ത് ഉപജീവനത്തിനുവേണ്ടി മണ്ണിൽ അധ്വാനിച്ച് അഭിമാനത്തോടെ ജീവിക്കുന്ന കർഷകരുടെ മനസ്സിൽ പരിസ്ഥിതിസംരക്ഷണത്തിന്റെ പേരുപറഞ്ഞ് തീ കോരിയിട്ട് ഒരു വ്യാഴവട്ടക്കാലമായി. മാധവ് ഗാഡ്ഗിൽ എന്ന പരിസ്ഥിതി പ്രവർത്തകന്റെ ഏകപക്ഷീയമായ റിപ്പോർട്ടും അതിനെ രാഷ്ട്രീയ കുത്തകസമ്മർദ്ദങ്ങൾക്കുവേണ്ടി വെട്ടിത്തിരുത്തി തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ടും നമ്മുടെ നാട്ടിലെ കർഷകരുടെ ജീവിതത്തെ അസ്ഥിരപ്പെടുത്തിയതിന്റെയും ഭാവിസ്വപ്നങ്ങൾ തകർത്തുടച്ചതിന്റെയും പ്രതികരണങ്ങളും നിലവിളികളും മറക്കാനായിട്ടില്ല. പരിസ്ഥിതി സംരക്ഷണത്തെ സമഗ്രതയിൽ സമീപിക്കാതെ, അതിന്റെ കാതലായ അംശങ്ങൾ തള്ളിക്കളഞ്ഞു, അടച്ചിട്ട മുറികളിലിരുന്നു എന്തിനെയും തിരുത്താനും തങ്ങൾക്ക് അനുകൂലമായ തീരുമാനങ്ങൾ എടുപ്പിക്കാനും കഴിവുള്ളവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് കേരളത്തിലെ 123/131 വില്ലേജുകളിൽമാത്രം പരിസ്ഥിതിസംരക്ഷണം ഒരുക്കിയതിലെ അശാസ്ത്രീയതയും അധാർമികതയും കാലത്തിന്റെ മനസാക്ഷിയുടെ ചുവരുകളിൽ കണ്ണീരിലും വിയർപ്പിലും രക്തത്തിലും ചരിത്രം ആലേഖനം ചെയ്തുവച്ചിട്ടുണ്ട്.

2014 കേന്ദ്രസർക്കാർ ആദ്യ കരടുരേഖ പുറത്തിറക്കിയപ്പോൾ കേന്ദ്രത്തിൽ യുപിഎ സർക്കാരും കേരളത്തിൽ യുഡിഎഫ് സർക്കാരും ആയിരുന്നു ഭരണത്തിൽ. മലയോര കർഷകർ നേരിടാൻപോകുന്ന വലിയ വിപത്തിനെ അന്നത്തെ ഭരണാധികാരികളും രാഷ്ട്രീയപാർട്ടികളും കണ്ണടച്ചിരുട്ടാക്കിയപ്പോൾ സഭ സമരരംഗത്തിറങ്ങി. പിന്നീട് കണ്ടത് ജനകീയ സമരമായിരുന്നു. പ്രശ്നങ്ങളുടെ രൂക്ഷത മനസ്സിലാക്കി എന്നു വരുത്തിതീർത്ത് താൽക്കാലിക രക്ഷപ്പെടൽ അധികാരികൾ നടത്തിയെങ്കിലും കേരളത്തിലെ ജനങ്ങളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുള്ള ഒരു പരിസ്ഥിതിസംരക്ഷണത്തിന് മാറിമാറി വന്ന സർക്കാരുകൾ അലംഭാവം കാണിച്ചു എന്നതു പറയാതിരിക്കാൻവയ്യ. കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ച് മാപ്പുകൾ തയ്യാറാക്കാനോ ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും തോട്ടങ്ങളും ഒഴിവാക്കി വനഭൂമിയും പാറക്കെട്ടുകളും പുൽമേടുകളുംമാത്രം എക്കോളജിക്കലി സെൻസിറ്റീവ് ഏരിയ ആയി ഉൾപ്പെടുത്തി കേന്ദ്രത്തിൽ സമർപ്പിക്കാനും ഉദ്യോഗസ്ഥർ തയ്യാറായില്ല. അതിനാലാണ് 2026 ഏഴാമത്തെ കരടു വിജ്ഞാപനം ഇറങ്ങുമ്പോഴും കേരളം മലയോരജനതയുടെ സംരക്ഷണത്തിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നത് യാഥാർഥ്യമായി നിലകൊള്ളുന്നത്. 2014 ഉന്നയിച്ച അതേ ആവശ്യങ്ങളുമായി മലയോര ജനത യുഡിഎഫ് സർക്കാരിന്റെ സത്വര നടപടി ആവശ്യപ്പെടുമ്പോൾ 2014ലെ പിഴവു പരിഹരിച്ചു മലയോരജനതയ്ക്ക് നീതിനടത്തിക്കൊടുക്കാൻ യുഡിഎഫ് സർക്കാരിനു 2026-ൽ അവസരം കൈവന്നിരിക്കുകയാണ്. അന്തിമ വിജ്ഞാപനം വന്നതിനുശേഷം രാഷ്ട്രീയംപറയാൻ കാത്തിരിക്കുന്ന പഴയ ശൈലി മാറ്റി സംസ്ഥാന സർക്കാർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. പരിസ്ഥിതി സംരക്ഷിക്കേണ്ടത് എല്ലാവരുടെയും കടമയാണ്. 121 വില്ലേജുകളെ ചാപ്പ കുത്തി മാറ്റിനിറുത്തിയിട്ട് ബാക്കിയുള്ള വില്ലേജുകളിൽ പ്രകൃതിയെ തുരന്നുനശിപ്പിക്കുന്ന ക്വാറികളും വ്യവസായങ്ങളും നടത്താൻ ഒത്താശ ചെയ്തതിനു പറ്റിയ പങ്കിന്റെ പ്രായശ്ചിത്തം ആയിട്ടെങ്കിലും രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളും ഈ വിഷയം ഗൗരവമായി എടുക്കണം.

എവിടെയെങ്കിലും മണ്ണിടിയുകയോ ഉരുൾപൊട്ടുകയോ ചെയ്താൽ മലയോര കർഷകരെയും അവരുടെ തേങ്ങലുകളെ ഭരണസംവിധാനങ്ങളെ അലോസരപ്പെടുത്തുന്ന രീതിയിൽ ഏകോപിപ്പിച്ചു എന്ന കുറ്റം ചുമത്തപ്പെട്ട സഭയെയും കുറ്റപ്പെടുത്തി വിഷയം മാറ്റിവിടുന്ന കപട പരിസ്ഥിതിവാദികൾ ഇനിയും ഈ രംഗം നിയന്ത്രിക്കാൻ അനുവദിക്കരുത്. പതിറ്റാണ്ടുകളായി കൈവശംവച്ച മണ്ണിൽ കൃഷിചെയ്ത് തലമുറകളെ വളർത്തിയെടുത്ത മലയോര കർഷകരെ വഴിയാധാരമാക്കി വഞ്ചിക്കാൻ ഇനിയും ആരും കൂട്ടുനിൽക്കരുത്. ജാഗ്രതയോടെ പ്രവർത്തിക്കേണ്ട കാലമാണിത്. കേരളത്തിലെ ഒരു ജനവാസകേന്ദ്രവും കൃഷിഭൂമിയും തോട്ടവും ഇഎസ്എ എന്ന അനീതിയുടെ മുദ്ര ചാർത്തപ്പെടാൻ ഇടയാകാതിരിക്കാൻ മലയോരകർഷകരും കർഷകസംഘടനകളും രൂപതാസംവിധാനങ്ങളും സർക്കാരിനെ സഹായിക്കണം; സമ്മർദ്ദം ചെലുത്തണം. ഇനിയും മലയോര ജനത വഞ്ചിതരാകരുത്. ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. ജോമി കുമ്പുകാട്ട്
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. സനൽ മാളിയേക്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP

**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9207057969, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**സെപ്തംബർ 1:** എട്ടുനോമ്പാരംഭം

**സെപ്തംബർ 5:** കൊൽക്കൊത്തയിലെ വിശുദ്ധ തെരേസ

**സെപ്തംബർ 6:** ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളിയുടെ ചരമം (2020)

**സെപ്തംബർ 8:** പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേലിന്റെ അഭിഷേകം (1998)

**സെപ്തംബർ 10:** മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തായുടെ ചരമം (1786)

**സെപ്തംബർ 11:** ബിഷപ് മാർ ജോസ് ചിറ്റൂപ്പറമ്പിലിന്റെ അഭിഷേകം (2010)

**സെപ്തംബർ 12:** വിശുദ്ധ ജോൺ ക്രിസോസ്തോം

**സെപ്തംബർ 14:** വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

**സെപ്തംബർ 15:** ബിഷപ് മാർ ജോസഫ് കൊടകല്ലിലിന്റെ അഭിഷേകം (2015)

ബിഷപ് മാർ ക്ലെമന്റ് തോട്ടുങ്കലിന്റെ ചരമം (1991)

**സെപ്തംബർ 16:** ബിഷപ് മാർ ജോർജ് രാജേന്ദ്രന്റെ അഭിഷേകം (2012)

**സെപ്തംബർ 17:** മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ ചരമം (2025)

ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ സിഎംഐ യുടെ അഭിഷേകം (2013)

**സെപ്തംബർ 19:** ബിഷപ് മാർ ജോസ് കല്ലുവേലിന്റെ അഭിഷേകം (2015)

**സെപ്തംബർ 21:** വിശുദ്ധ മത്തായി ശ്ലീഹ

ബിഷപ് മാർ ജോസ് പുത്തൻവീട്ടിലിന്റെ അഭിഷേകം (2013)

**സെപ്തംബർ 26:** വിശുദ്ധ വിൻസെന്റ് ഡി പോൾ

**സെപ്തംബർ 27:** ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ അഭിഷേകം (2014)

**സെപ്തംബർ 29:** പ്രധാനമാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ

**സെപ്തംബർ 30:** വിശുദ്ധ ജെറോം

# നാമഹേതുകതിരുനാൾ മംഗളങ്ങൾ

**സെപ്തംബർ 21**


ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്


ബിഷപ് മാർ മാത്യു അറയ്ക്കൽ



ബിഷപ് മാർ മാത്യു വാണിയക്കിഴക്കേൽ


ബിഷപ് മാർ മാത്യു നെല്ലിക്കുന്നേൽ

**സെപ്തംബർ 26**


ബിഷപ് മാർ വിൻസെന്റ് നെല്ലായിപ്പറമ്പിൽ

**സെപ്തംബർ 29**


മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്

**വഴികാട്ടികൾ**

# അന്ധനായ ദീദിമൂസ്

**റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം**



ക്രിസ്തുവർഷം 310 നും 313 നും ഇടയിൽ അലക്സാണ്ട്രിയായിൽ ജനിച്ച ദീദിമൂസ് തന്റെ 84-ാമത്തെ വയസിൽ ഇഹലോകവാസം വെടിഞ്ഞു എന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. 'മഹത്‌വ്യക്തികളെക്കുറിച്ചു' (De viris Illusterbus) എന്ന തന്റെ ഗ്രന്ഥത്തിന്റെ 109-ാമത്തെ അധ്യായമായി ദീദിമൂസിനെ അവതരിപ്പിക്കുമ്പോൾ അദ്ദേഹം ജീവനോടെയുണ്ടെന്നും അദ്ദേഹത്തിന് അപ്പോൾ 83 വയസായിരുന്നുവെന്നും വി. ജറോമും സാക്ഷ്യംനല്കുന്നുണ്ട്. വെറും നാലു വയസു പ്രായമുണ്ടായിരുന്നപ്പോഴേ കാഴ്ചശക്തി നഷ്ടപ്പെട്ടുവെങ്കിലും ആ കാലഘട്ടത്തിലെ ഏറ്റവും അറിവുള്ള ആളായി വളരാൻ ദീദിമൂസിന് കഴിഞ്ഞു. കാഴ്ചാപരിമിതി കേൾവികൊണ്ട് പരിഹരിച്ച അദ്ദേഹം കേട്ടവയെല്ലാം ഹൃദയഫലകങ്ങളിൽ എഴുതിയെന്ന് ചരിത്രകാരനായ റൂഫിനൂസ് പറയുന്നു. കുറച്ചുകാലംകൊണ്ട് ഭാഷാശാസ്ത്രവിഷയങ്ങളിലും വി.ഗ്രന്ഥത്തിലും അഗാധജ്ഞാനം നേടാൻ ദീദിമൂസിന് കഴിഞ്ഞു. റൂഫീനൂസിന്റെ സാക്ഷ്യമനുസരിച്ചു ദീദിമൂസ് തന്റെ യൗവനത്തിൽ അന്ധതമാറാൻ ഒരിക്കലും പ്രാർഥിച്ചില്ല, മറിച്ച് ഹൃദയത്തിന്റെ ഉൾക്കാഴ്ചയായിരുന്നു അദ്ദേഹത്തിന്റെ സകലപ്രാർഥനകളുടെയും വിഷയം. അലക്സാണ്ട്രിയായുടെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ അത്തനേഷ്യസ് അലക്സാണ്ട്രിയൻ വിദ്യാക്ഷേത്രത്തിന്റെ തലവനായി അദ്ദേഹത്തെ നിയമിച്ചു. ഏകദേശം അമ്പതുവർഷം അദ്ദേഹം തൽസ്ഥാനത്തുതുടർന്നു. റൂഫീനൂസ് ആറുവർഷക്കാലം അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. ചരിത്രകാരനായ പല്ലാദിയൂസ് പത്തുവർഷത്തിനിടെ (388-398) നാലുതവണ അദ്ദേഹത്തെ സന്ദർശിച്ചിട്ടുണ്ട്. വി. ജെറോമാകട്ടെ ഒരുമാസക്കാലം അദ്ദേഹത്തോടൊപ്പം താമസിച്ചു വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുള്ള വിശുദ്ധ ഗ്രന്ഥഭാഗങ്ങളെക്കുറിച്ചു സംശയനിവാരണം നടത്തി.

സങ്കീർത്തനങ്ങളുടെ പൂർണവ്യാഖ്യാനം, മത്തായി-യോഹന്നാൻ സുവിശേഷങ്ങളുടെ വ്യാഖ്യാനം, ആരിയനിസത്തിനെതിരായ രണ്ടു ഗ്രന്ഥങ്ങൾ, പിന്നീട് വി.ജെറോം ലത്തീൻ ഭാഷയിലേക്ക് വിവർത്തനം ചെയ്ത പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഗ്രന്ഥം, ഏശയ്യായുടെ പ്രവചനങ്ങളെ അധികരിച്ചുള്ള പതിനെട്ടുവാല്യങ്ങൾ, ഹോസിയാ പ്രവചനങ്ങളുടെ വ്യാഖ്യാനമായി മൂന്നുഗ്രന്ഥങ്ങൾ, ജോബിന്റെ പുസ്തകത്തിന്റെ വ്യാഖ്യാനം, സക്കറിയാ പ്രവചനങ്ങൾക്ക് അഞ്ചുഗ്രന്ഥങ്ങളിലായി നല്കിയ വ്യാഖ്യാനം എന്നിവ അദ്ദേഹത്തിന്റെ രചനകളിൽ ചിലതുമാത്രമാണെന്നാണ് ജറോം സാക്ഷ്യപ്പെടുത്തുന്നത്. (DVI 109).

അദ്ദേഹത്തിന്റെ ആരാധനാപാത്രമായിരുന്ന ഒരിജന്റെ ദൈവശാസ്ത്രപിശകുകളിൽ ചിലത് ദീദിമൂസും ആവർത്തിച്ചു എന്ന പില്ക്കാലകൗൺസിലുകളുടെ കണ്ടെത്തൽ മൂന്നാം കോൺസ്റ്റാന്റിനോപ്പിൽ (68081), രണ്ടാം നിഖ്യാ (787) അദ്ദേഹത്തിന്റെ കൃതികൾ പലതും നശിപ്പിക്കപ്പെടാൻ കാരണമായി. എന്നാൽ ഏതാനും ചില പഠനങ്ങളിൽ വന്ന വീഴ്ച ആ വിശുദ്ധ ജീവിതത്തിന്റെ മാറ്റു കുറയ്ക്കുന്നില്ല. അവിവാഹിതനായ അൽമായനായിരുന്ന അദ്ദേഹം മരുഭൂമി പിതാക്കന്മാരുടെ കാലത്ത് ഗ്രാമത്തിൽത്തന്നെ കഠിനമായ താപസജീവിതം നയിക്കാമെന്ന് കാട്ടിത്തന്നു. പരിശുദ്ധ ത്രീത്വത്തെയും മിശിഹാശാസ്ത്രത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ഔദ്യോഗികസഭാദർശനങ്ങൾക്ക് അടിത്തറപാകി. 'അന്ധനായ ദീദിമൂസ്' എന്നതിനുപകരം 'ദീർഘദർശിയായ ദീദിമൂസ്' എന്ന പ്രയോഗം വിശുദ്ധ ജെറോം കൂടുതൽ ഇഷ്ടപ്പെട്ടത് അതുകൊണ്ടാണ്. ■

# സിനഡനന്തര സർക്കുലർ

## മുപ്പത്തിനാലാം സിനഡ്, രണ്ടാം സമ്മേളനം

**സിറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

സീറോമലബാർസഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2026 ആഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ വിശ്വാസജീവിതത്തെയും അജപാലനപ്രവർത്തനങ്ങളെയും കാലഘട്ടത്തിന്റെ വെല്ലുവിളികളോടു കൂടുതൽ ഫലപ്രദമായി പ്രതികരിക്കുന്നവിധത്തിൽ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ മാർഗങ്ങൾ സിനഡിൽ വിശദമായി ചർച്ചചെയ്തു. പ്രാർഥനയ്ക്കും സാഹോദര്യത്തിനും സഭയുടെ കൂട്ടായ്മയ്ക്കും ഊന്നൽ നല്കി നടന്ന ഈ സിനഡ്, പരിശുദ്ധാത്മാവിന്റെ കൃപയിൽ മെത്രാന്മാർ ഒരുമിച്ചു ദൈവ ഹിതം അന്വേഷിച്ച അനുഗ്രഹപ്രദമായ ദിവസങ്ങളായിരുന്നു. സിനഡുസമ്മേളനത്തിന്റെ വിജയത്തിനായി പ്രാർഥിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### സഭാസമൂഹത്തിന്റെ ശക്തീകരണം

2024-ൽ പാലായിൽ നടന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർച്ചയായി നാം സമുദായശക്തീകരണവർഷം ആചരിച്ചുവരികയാണല്ലോ. ആനുകാലിക ലോകത്തിന്റെ വിവിധ വെല്ലുവിളികളെ നേരിടാൻ സഭാംഗങ്ങളുടെ ആത്മീയവും സാമൂഹികവുമായ ശക്തീകരണം അനിവാര്യമാണെന്ന ബോധ്യമാണ് ഈ വർഷാചരണത്തിലേക്കു നമ്മെ നയിച്ചത്. വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർക്കുന്ന സമുദായാംഗങ്ങളെ ഒരു വിശ്വാസിസമൂഹമായി നിലനിറുത്തുന്നതു സഭയോടുള്ള ബന്ധവും സഭാംഗങ്ങളായിരിക്കുന്നതിലുള്ള അഭിമാനബോധവുമാണ്.

ജനസംഖ്യാശോഷണം, സഭാത്മകബോധത്തിന്റെ കുറവ്, കൃഷിവ്യാപാര മേഖലകളോടുള്ള പുതുതലമുറയുടെ താല്പര്യക്കുറവ്, സമൂഹത്തിന്റെ മുഖ്യധാരകളിലെ നമ്മുടെ അസാന്നിധ്യം തുടങ്ങിയവ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഈ വെല്ലുവിളികൾ നമ്മെ ഭയപ്പെടുത്തുന്നതിനുപകരം പുതിയ പ്രവർത്തനശൈലികൾ കണ്ടെത്തുന്നതിനുള്ള പ്രചോദനമായി മാറണം. രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലയിൽ, ആത്മീയബോധ്യങ്ങളിൽ ആഴപ്പെട്ടു കൂടുതൽ കരുത്തോടെ സുവിശേഷത്തിന്റെ സാക്ഷികളാകാനാണു നാം ശ്രമിക്കേണ്ടത്. അതോടൊപ്പം, ഇളംതലമുറയെ വിശ്വാസത്തിലും സഭാവബോധത്തിലും ഉറപ്പിക്കാനും അവരുടെ കഴിവുകളും വിഭവശേഷിയും വളർത്തിയെടുക്കാനുമുള്ള പരിശ്രമങ്ങൾ കൂടുതൽ തീക്ഷ്ണമായി നടത്തേതുണ്ട്. സമുദായശക്തീകരണവർഷത്തിൽ നമ്മുടെ രൂപതകളിൽ ആരംഭിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സഭയെയും സമുദായത്തെയും ബലപ്പെടുത്തുമെന്നു സിനഡു വിലയിരുത്തി. ഇതിനായി നിസ്വാർഥമായി അധ്വാനിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

### ആഴപ്പെടേണ്ട വിശ്വാസജീവിതം

കുടുംബങ്ങളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും വിശ്വാസരൂപീകരണവും വിശ്വാസശക്തീകരണവും സഭയുടെ കരുതലിന്റെ ഭാഗമാണ്. ലോകമെമ്പാടും സീറോമലബാർ സഭ വളർന്നതിന്റെപിന്നിൽ പ്രവാസികളുടെ വിശ്വാസതീക്ഷ്ണത പ്രധാനപ്പെട്ട ഘടകമായിരുന്നുവെന്നതു നിസ്തർക്കമാണ്. തങ്ങളുടെ പൂർവികരുടെ അതേ വിശ്വാസതീക്ഷ്ണ തയോടെ മക്കളെ വളർത്താൻ പുതിയ തലമുറയിലെ ഭൂരിപക്ഷം മാതാപിതാക്കളും പരി ശ്രമിക്കുന്നുവെന്നതു നമുക്ക് അഭിമാനകരമാണ്. എന്നാൽ, ഇന്ന് അനുദിന ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്ന ഡിജിറ്റൽ സങ്കേതങ്ങളാൽ പ്രത്യേകിച്ച്, സമൂഹ മാധ്യമങ്ങളാൽ സ്വാധീനിക്കപ്പെടുന്നവരിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക നിരീശ്വരത്വത്തിന്റെ സ്വാധീനം അനുദിനം വർധിതമാകുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ കുടുംബങ്ങളുടെ വിശ്വാസപരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്നു. ഏകരക്ഷകനായ ഈശോമിശിഹായെക്കുറിച്ചും മിശിഹായുടെ മൗതികശരീരമായ സഭയെക്കുറിച്ചുമുള്ള ബോധ്യങ്ങൾ വിശ്വാസജീവിതത്തിൽ നിരന്തരം ആഴപ്പെടുത്തേണ്ടതുണ്ട്. വിശ്വാസതീക്ഷ്ണ തയിൽ കുടുംബങ്ങളെയും യുവജനങ്ങളെയും കുട്ടികളെയും കാലത്തിനൊത്തു വളർത്താൻ ഉതകുന്നരീതിയിൽ അജപാലനപ്രവർത്തനങ്ങൾ ക്രമീകരിക്കാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. മൂല്യശോഷണം, വ്യക്തിവാദം, സാമ്പത്തിക സമ്മർദങ്ങൾ, തലമുറകൾ തമ്മിലുള്ള അകലം, ഡിജിറ്റൽ സംസ്കാരത്തിന്റെ സ്വാധീനം തുടങ്ങിയ നിരവധി വെല്ലു വിളികളെ നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, കുടുംബജീവിതത്തിലേക്കുള്ള ദൈവവിളിയെ വിലമതിക്കാനും വിവാഹമെന്ന കൂദാശയുടെ കൃപകൾ സ്വീകരിക്കാനും യുവജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യം, മയക്കുമരുന്നു തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടവും ബോധവത്ക്കരണവും നാം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

### പ്രേഷിതപ്രവർത്തനത്തിനു നവോന്മേഷം

ഭാരതംമുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്താനുള്ള സാധ്യത ലഭിച്ചതുമുതൽ, ഏറെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ സുവിശേഷ വത്ക്കരണപ്രവർത്തനങ്ങൾ സീറോമലബാർസഭ നടത്തിവരുന്നു. ക്രൈസ്തവൻ ആയിരിക്കുക എന്നാൽ സുവിശേഷകൻ ആയിരിക്കുക എന്നുകൂടിയാണ് (CCC 900) എന്ന ബോധ്യം നമുക്കുണ്ടാകണം. 'നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രഘോഷിക്കുവിൻ' (മർക്കോ.16:15) എന്ന കല്പന ലഭിച്ചവരായതുകൊണ്ടു, സുവിശേഷപ്രഘോഷണം നമ്മുടെ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഭാഗമാണ്. ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദത്തിലൂടെ ഏതു മതത്തിലും വിശ്വസിക്കാനും വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പുനല്കിയിട്ടുണ്ടല്ലോ. നമ്മുടെ വിശ്വാസത്തിൽനിന്നു ഉടലെടുക്കുകയും എന്നാൽ മതവിശ്വാസങ്ങൾക്കതീതമായി എല്ലാവരെയും ആശ്ലേഷിക്കുന്നതുമാണു സഭയുടെ സേവനമേഖലകൾ. എന്നാൽ, നിർബന്ധിത മത പരിവർത്തനം എന്ന ആരോപണം ഉന്നയിച്ചു നമ്മുടെ വിശ്വാസ ജീവിതത്തെയും ജീവകാരുണ്യവിദ്യാഭ്യാസ ശുശ്രൂഷകളെയും തടസ്സപ്പെടുത്തുന്ന പ്രവണതകൾ ഇന്ത്യയുടെ മതേതരസ്വഭാവത്തിനു യോജിച്ചതല്ല എന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

2024ലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം 'ജീവൻ ജ്യോതി' എന്ന പേരിൽ അല്മായ പ്രേഷിത മുന്നേറ്റത്തിനു സഭാതലത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2033ലെ രക്ഷാകരസംഭവത്തിന്റെ മഹാജൂബിലി ലക്ഷ്യമാക്കി സഭയുടെ പ്രേഷിതദൗത്യത്തിനു പുതിയ ഉണർവുനല്കുന്ന പദ്ധതിയാണു ജീവൻജ്യോതി വിഭാവനംചെയ്യുന്നത്. ഈ മുന്നേറ്റത്തിന്റെ ഭാഗമായി ഓരോ രൂപതയിലും പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിക്കാനും ശക്തിപ്പെടുത്താനും ആഹ്വാനംചെയ്യുന്നു. വളരെ ദുർഘടമായ സാഹചര്യങ്ങളിലും ഈശോയ്ക്കു സാക്ഷ്യം വഹിക്കുന്ന മിഷനറിമാരെ സഭ ഏറെ വാത്സല്യപൂർവം അഭിവാ ദനംചെയ്യുന്നു.

### പരിഹാരം കാണേണ്ട ജീവിതപ്രശ്നങ്ങൾ

കേരളത്തിൽനിന്നുള്ള ഏതാനും പാർലമെന്റ്, നിയമസഭാസാമാജികരുമായി സംവദിച്ചു സഭയും സമൂഹവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരസ്പരം ശ്രദ്ധയിൽപ്പെടുത്താനും പരിഹാരങ്ങൾ അന്വേഷിക്കാനും സിനഡുപിതാക്കന്മാർക്ക് അവസരം ലഭിച്ചു. ആവശ്യമായ കൂടിയാലോചനകൾക്കു ശേഷം ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമയ ബന്ധിതമായി നടപ്പാക്കണമെന്നും അധ്യാപകനിയമനപ്രതിസന്ധിയുൾപ്പെടെ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്കും വർഷങ്ങളായി തീരുമാനമാകാതെ നീളുന്ന പരിസ്ഥിതിലോലമേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നുള്ള ആവശ്യങ്ങൾ ജനപ്രതിനിധികളുടെമുൻപിൽ അവതരിപ്പിച്ചു. അതോടൊപ്പം, നിയമവിധേയമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസസാമൂഹിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന നിയമനിർമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നതിലുള്ള ആശങ്കയും പങ്കുവച്ചു. രാജ്യത്തെ നിയമങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും മാനിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമവ്യവസ്ഥകൾ രൂപപ്പെടുന്നത് ഏറെ ഉൽകണ്ഠാജനകമാണ്. അതേസമയം, ദുർഘടമായ പാതകളിലൂടെ സഞ്ചരിച്ചുകൊണ്ടാണു സഭ എന്നും ലോകത്തിന്റെ പ്രകാശമായി നിലകൊണ്ടിട്ടുള്ളതെന്നു നാം മറക്കരുത്. പ്രതിസന്ധികളെ അതിജീവിച്ചു സത്യത്തിനും നീതിക്കും മനുഷ്യന്റെ അന്തസ്സിനും വേണ്ടി ശബ്ദമുയർത്തിക്കൊണ്ടു സമൂഹത്തിന്റെ നന്മയ്ക്കായുള്ള സഭയുടെ ദൗത്യം കൂടുതൽ ശക്തമായി നമുക്കു തുടരാം.

### കൂട്ടായ്മ നമ്മുടെ ഉത്തരവാദിത്വം

പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടെങ്കിലും, 'സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരവും നല്കപ്പെട്ടിരിക്കുന്ന' (മത്താ. 28:18) നമ്മുടെ കർത്താവിലാണു നമ്മുടെ പ്രത്യാശ. 'കർത്താവു കൂടെനടക്കുന്ന ജനമെന്ന'നിലയിൽ (പുറ. 33:14) കൂടുതൽ കരുത്തോടെ മുന്നോട്ടുപോകേണ്ടവരാണ് നാം. നമ്മുടെ സഭയുടെ ഒരുമിച്ചുള്ള യാത്രയിൽ വലിയൊരു ചുവടുവയ്പായിരുന്നു അൾത്താരയിലെ ഐക്യം. വ്യത്യസ്തമായ കുർബാന അർപ്പണരീതികൾ നമ്മുടെ സഭയുടെ ഐക്യബോധത്തെ സാരമായിബാധിച്ചുവെന്ന തിരിച്ചറിവിലാണു 1999 മുതൽ ഐക്യശ്രമങ്ങൾ ആരംഭിച്ചത്. അതു പൂർണമായി നടപ്പിൽ വരുത്താൻ സാധിക്കാത്തതു ദുഃഖകരമാണ്. എന്നാൽ വാക്കുകൾകൊണ്ടു പരസ്പരം മുറിപ്പെടുത്തി ഒരിക്കലും ഐക്യം സാധ്യമാക്കാനാവില്ലെന്നു നാം തിരിച്ചറിയണം. പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പാ ആഹ്വാനംചെയ്തതുപോലെ, 'നമ്മുടെ വാക്കുകൾ നിരായുധീകരിക്കാം; അങ്ങനെ ലോകത്തെ നിരായുധീകരിക്കാൻ നമുക്കു സഹായിക്കാം. അതിനാൽ ഉപയോഗിക്കുന്ന വാക്കുകൾ, നമുക്കുള്ള മുൻവിധികൾ, അവയിൽ ഒളിഞ്ഞുകിടക്കുന്നതോ പ്രകടമായതോ ആയ ആക്രമണോത്സുകത എന്നിവയെ ക്കുറിച്ചു നാമെല്ലാവരും ആത്മശോധന ചെയ്യേതുണ്ട്' (മാനവമഹത്വം, 214).

നിരന്തരമായ പ്രാർഥനയും വ്യക്തിപരമായ മാനസാന്തരവും പരസ്പരമുള്ള അനുരഞ്ജനവുംമാത്രമേ ശാശ്വതമായ സമാധാനത്തിലേക്കു നയിക്കൂ. 'നീതിയില്ലാതെ സമാധാനം നില നില്ക്കുകയില്ല' എന്ന സത്യം അംഗീകരിക്കുമ്പോഴും കോടതിവ്യവഹാരങ്ങളിലൂടെയല്ല സഭയിൽ സമാധാനം നേടേണ്ടതെന്നു എല്ലാവരും തിരിച്ചറിയണം. ജയപരാജയങ്ങളിലല്ല, ക്രൂശിതന്റെ വിധേയത്വത്തിലൂടെയാണു രക്ഷ കൈവരുന്നത്. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു അഭിവന്ദ്യ പിതാക്കന്മാരുടെ നിർദേശങ്ങൾ സ്വീകരിച്ച് ഐക്യത്തിന്റെ സന്ദേശ വാഹകരാകാൻ നമുക്കു ശ്രമിക്കാം. 'ദൈവകൃപ സംഘർഷങ്ങളെ അത്ഭുതകരമായി ഒറ്റയടിക്ക് ഇല്ലാതാക്കുന്നില്ല; മറിച്ച്, അത് തിന്മയ്ക്കെതിരെയുള്ള സജീവമായ പ്രതിരോധത്തിനും തിന്മയെ മറികടക്കുന്നതിലെ അത്ഭുതകരമായ സർഗാത്മകതയ്ക്കും പ്രചോദനമേകുന്നു' (മാനവമഹത്വം, 211) എന്ന പരിശുദ്ധ പിതാവു ലെയോ മാർപാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. നന്മയുടെ പുതിയമാനങ്ങൾ തേടിക്കൊണ്ടു പരിമിതികളെ മറികടക്കാൻ നമുക്കു പരിശ്രമിക്കാം.

### കാലാനുസൃതമായ പുരോഹിതപരിശീലനം

പൗരോഹിത്യ ദൈവവിളികളാൽ സഭയെ സമ്പന്നമാക്കുന്ന സർവശക്തനായ ദൈവത്തിനു നമുക്കു നന്ദിപറയാം. ആധുനികലോകത്തിൽ വൈദികർ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ സിനഡു ചർച്ചയ്ക്കു വിഷയമാക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനു വൈദികർക്കുവേണ്ടിയുള്ള കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. വൈദികവിദ്യാർഥികളുടെ പരിശീലനം കാലത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനു തയ്യാറാക്കിയ പാഠ്യപദ്ധതി മൈനർ സെമിനാരിമുതൽ ആരംഭിച്ചുവെന്നതു സന്തോഷകരമാണ്. വിശ്വാസതീക്ഷ്ണതയാൽനിറഞ്ഞു സഭയുടെ മനുഷ്യരായി മിശിഹായ്ക്കു സാക്ഷ്യംനല്കാൻ വൈദികർക്കു സാധിക്കുമ്പോഴാണു ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം വ്യാപിക്കുന്നത്.

സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെക്കുറിച്ചും സഭ ദൈവത്തിനു നന്ദി പറയുന്നു. സമർപ്പിതസമൂഹങ്ങളിലൂടെ എത്രമാത്രം അനുഗ്രഹങ്ങളാണു ദൈവം നമുക്കു ചൊരിയുന്നത്. കാരുണ്യ വിദ്യാഭ്യാസമേഖലകളിലും പ്രേഷിതപ്രവർത്തനങ്ങളിലും ത്യാഗനിർഭരമായി ശുശ്രൂഷചെയ്യുന്ന സമർപ്പിതർ സുവിശേഷത്തിന്റെ സൗരഭ്യം ലോകത്തിൽ പ്രസരിപ്പിക്കുന്നവരാണ്. അതിനാൽത്തന്നെ സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതുണ്ട്. സിനഡു സമ്മേളനത്തിന്റെ ഭാഗമായി സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുമായി നടത്തിയ കൂടിക്കാഴ്ച വളരെ ഫലപ്രദമായിരുന്നു.

### സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ

സീറോമലബാർസഭയുടെ പുരാതനവും സമ്പന്നവുമായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും സഹായിക്കുന്ന ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ പൊതുസമൂഹത്തിനായി തുറന്നുകൊടുക്കാൻ നമുക്കു കഴിഞ്ഞു. ഈ കേന്ദ്രത്തിൽ സജ്ജീകരിച്ചിരിക്കുന്ന സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയം കേരളത്തിലേതന്നെ പ്രധാനപ്പെട്ട ക്രിസ്ത്യൻ

ശേഷം പേജ് 13-ൽ

# മനുഷ്യവിരുദ്ധമാകരുത് പശ്ചിമഘട്ടത്തിന്റെ സംരക്ഷണം



റവ. ഡോ. ടോം ഓലിക്കരോട്ട്

പന്ത്രണ്ട് വർഷമായി കേരളത്തിലെ 131 റവന്യൂ വില്ലേജുകളിലെ ലക്ഷക്കണക്കിന് മനുഷ്യർ സ്വന്തം ഭൂമിയിൽത്തന്നെ അനിശ്ചിതത്വത്തിന്റെ തടവിലാണ്. അവർ താമസിക്കുന്ന വീടുകൾ, കൃഷിഭൂമികൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾഒരു ജനസമൂഹത്തിന്റെ സമ്പൂർണ ജീവിതവ്യവസ്ഥ തന്നെഇപ്പോഴും പരിസ്ഥിതിലോല പ്രദേശം (Ecologically Sensitive Area-ESA) എന്ന നിർവചനത്തിന്റെ നിഴലിലാണ്.

2026 ജൂലൈ 27ന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറത്തിറക്കിയ ഏഴാമത്തെ കരട് വിജ്ഞാപനവും ഈ അനിശ്ചിതത്വത്തിന് വിരാമമിട്ടിട്ടില്ല. മറിച്ച്, കഴിഞ്ഞ പന്ത്രണ്ടു വർഷമായി നീണ്ടുനിൽക്കുന്ന ആശങ്കകൾക്കും അവകാശനിഷേധങ്ങൾക്കും വീണ്ടും അറുപത് ദിവസത്തെ ദീർഘിപ്പിക്കൽ മാത്രമാണ് അതു സമ്മാനിച്ചിരിക്കുന്നത്. പശ്ചിമഘട്ടം ഇന്ത്യയുടെ ഏറ്റവും വിലപ്പെട്ട ജൈവവൈവിധ്യ സമ്പത്തുകളിൽ ഒന്നാണെന്നതിൽ തർക്കമില്ല. അതിനെ സംരക്ഷിക്കേണ്ടത് ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും ഒരുപോലെ ഉത്തരവാദിത്വമാണ്. എന്നാൽ, പരിസ്ഥിതി സംരക്ഷണത്തിന്റെപേരിൽ പതിറ്റാണ്ടുകളായി അവിടെ ജീവിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ അനിശ്ചിതത്വത്തിലാക്കുന്ന സമീപനമാണ് ഇന്നു ചോദ്യം ചെയ്യപ്പെടുന്നത്.

ഈ വിവാദത്തിന്റെ തുടക്കം 2010-ൽ പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിൽ സമർപ്പിച്ച റിപ്പോർട്ടിലും തുടർന്ന് 2013-ൽ ഡോ. കെ. കസ്തൂരിരംഗൻ അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലുമാണ്. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള രണ്ട് റിപ്പോർട്ടുകളും സമീപനത്തിൽ വ്യത്യസ്തമായിരുന്നെങ്കിലും, അവയെ തുടർന്നാണ് 2014-ൽ ആദ്യ കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതിനുശേഷം അന്തിമവിജ്ഞാപനം ഇതുവരെ ഉണ്ടായിട്ടില്ല. പകരം, കാലാവധി അവസാനിക്കുമ്പോഴൊക്കെ പുതിയ കരടു വിജ്ഞാപനങ്ങൾ പുറത്തിറങ്ങുകയാണ്. ഏഴ് വിജ്ഞാപനങ്ങൾക്കുശേഷവും ജനങ്ങളുടെ ആശങ്കകൾക്ക് വ്യക്തമായ പരിഹാരം കാണാനായിട്ടില്ല. ഭരണകൂടം സമയം നീട്ടിക്കൊണ്ടിരിക്കുമ്പോൾ, അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നത് മലനിരകളിൽ ജീവിക്കുന്ന സാധാരണ മനുഷ്യരാണ്. പരിസ്ഥിതിയും മനുഷ്യജീവിതവും പരസ്പരവിരുദ്ധങ്ങളല്ല. എന്നാൽ, നയരൂപീകരണത്തിലെ കാലതാമസവും ഭരണപരമായ അലംഭാവവും കാരണം, പരിസ്ഥിതി സംരക്ഷണവും ജനങ്ങളുടെ ജീവിതാവകാശവും തമ്മിലുള്ള കൃത്രിമ സംഘർഷമാണ് ഇന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, ഈ ചർച്ചയുടെ കേന്ദ്രമാകേണ്ടത് കാടുകളല്ല, മനുഷ്യരാണ്; ഭൂപടങ്ങളല്ല, ജീവിതങ്ങളാണ്.

## കണക്കുകൾ പറയുന്ന അസ്വസ്ഥതപ്പെടുത്തുന്ന യാഥാർഥ്യം

കേരളത്തിൽ പരിസ്ഥിതിലോല പ്രദേശമായി (ESA) നിർദേശിക്കപ്പെട്ടിരിക്കുന്ന വിസ്തീർണം 9,993.7 ചതുരശ്ര കിലോമീറ്ററാണ്. 2026 ജൂലൈ 27ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഏഴാമത്തെ കരട് വിജ്ഞാപനത്തിലും ഈ വിസ്തൃതിയിൽ മാറ്റമൊന്നുമില്ല. എന്നാൽ, പഞ്ചായത്ത് വില്ലേജ് വിഭജനങ്ങളെത്തുടർന്ന് ഇഎസ്എ പരിധിയിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ എണ്ണം 123ൽ നിന്ന് 131ആയി ഉയർന്നു. ഈ കണക്കുകൾ കേവലം ഭൂപടത്തിലെ രേഖകളല്ല. ഓരോ വില്ലേജിനും പിന്നിൽ മനുഷ്യജീവിതങ്ങളുണ്ട്; കുടുംബങ്ങളുണ്ട്; കൃഷിയിടങ്ങളും സ്ഥാപനങ്ങളും ആരാധനാലയങ്ങളും വിദ്യാലയങ്ങളുമുണ്ട്. അവയെല്ലാം ഇന്നും അനിശ്ചിതത്വത്തിന്റെ നിഴലിലാണ്. കേന്ദ്രസർക്കാരിന്റെ കണക്കുകൾ പ്രകാരം, പശ്ചിമഘട്ട സംസ്ഥാനങ്ങളിൽ നിർദിഷ്ട ഇഎസ്എ വിസ്തൃതിയുടെ കാര്യത്തിൽ മഹാരാഷ്ട്രയ്ക്കും കർണാടകയ്ക്കും പിന്നിൽ മൂന്നാം സ്ഥാനത്താണ് കേരളം. എന്നാൽ ഈ കണക്കുകളെ സംസ്ഥാനങ്ങളുടെ ആകെ ഭൂവിസ്തൃതിയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോഴാണ് മറ്റൊരു ചിത്രം തെളിയുന്നത്. മഹാരാഷ്ട്രയുടെ ആകെ ഭൂവിസ്തൃതി 3,07,713 ചതുരശ്ര കിലോമീറ്ററാണ്; കർണാടകയുടേത് 1,91,791 ചതുരശ്ര കിലോമീറ്റർ. ഇതുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ആകെ ഭൂവിസ്തൃതി 38,863 ചതുരശ്ര കിലോമീറ്റർ മാത്രമാണ്. അതിൽനിന്നാണ് ജനവാസമേഖലകളും കൃഷിഭൂമികളും ഉൾപ്പെടുന്ന 9,993.7 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശമായി നിർദേശിച്ചിരിക്കുന്നത്.

ഇവിടെ മറ്റൊരു താരതമ്യവും ശ്രദ്ധേയമാണ്. കേരളത്തേക്കാൾ മൂന്നിരട്ടിയിലധികം വിസ്തൃതിയുള്ള തമിഴ്നാട്ടിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന ഇഎസ്എ വിസ്തൃതി 6,914 ചതുരശ്രകിലോമീറ്റർമാത്രമാണ്. ഏകദേശം അഞ്ചിരട്ടിയോളം വലിയ ഭൂവിസ്തൃതിയുള്ള ഗുജറാത്തിൽ അത് 449 ചതുരശ്ര കിലോമീറ്റർമാത്രമാണ്. ഈ കണക്കുകൾ സംസ്ഥാനങ്ങൾക്കിടയിലെ ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ മാത്രമല്ല, അതിർത്തി നിർണയത്തിലും പ്രദേശനിർവചനത്തിലും സ്വീകരിച്ച സമീപനങ്ങളെക്കുറിച്ചും ചോദ്യങ്ങൾ ഉയർത്തുന്നു. കേരളം ഉന്നയിച്ച പ്രധാന ആവശ്യം വ്യക്തമായിരുന്നു: ജനവാസ മേഖലകളും കൃഷിഭൂമികളും തോട്ടങ്ങളും പൂർണമായി ഒഴിവാക്കി പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതി 9,993.7 ചതുരശ്ര കിലോമീറ്ററിൽ നിന്ന് 8,590.69 ചതുരശ്ര കിലോമീറ്ററായിപുനർനിർണയിക്കണമെന്നത്. എന്നാൽ ഈ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചില്ല.

ഇത് കണക്കുകളുടെ മാത്രം തർക്കമല്ല. ഒരു പ്രദേശത്തെ പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കുമ്പോൾ, അവിടെ തലമുറകളായി ജീവിക്കുന്ന ജനങ്ങളുടെ ജീവിതം, ഉപജീവനം, സ്വത്തവകാശം, ഭാവി എന്നിവയും ഒരുപോലെ പരിഗണിക്കപ്പെടേണ്ടതാണ്. അതാണ് കേരളത്തിലെ മലനിരകളിൽ താമസിക്കുന്ന ജനങ്ങൾ കഴിഞ്ഞ പന്ത്രണ്ട് വർഷമായി ആവർത്തിച്ചുപറയുന്നത്. അതുകൊണ്ടുതന്നെ, ഈ വിഷയത്തിന്റെ കേന്ദ്ര ചോദ്യം ഇതാണ്: പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് മനുഷ്യരെ മാറ്റിനിർത്തിയാണോ, അതോ മനുഷ്യരെയും പ്രകൃതിയെയും ഒരുപോലെ സംരക്ഷിക്കുന്ന നയങ്ങളിലൂടെയാണോ? ഈ ചോദ്യത്തിനുള്ള വിശ്വസനീയമായ ഉത്തരമാണ് ഇനിയും ലഭിക്കാനുള്ളത്.

## കേരളം എവിടെയാണ് പിന്നാക്കം പോയത്?

ഇഎസ്എ വിവാദം പന്ത്രണ്ട് വർഷം പിന്നിടുമ്പോൾ ഉയരുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇതാണ്: ഈ അനിശ്ചിതത്വത്തിന് ഉത്തരവാദി കേന്ദ്രസർക്കാർ മാത്രമാണോ? കേന്ദ്രസർക്കാരിന്റെ വിജ്ഞാപനങ്ങൾ തുടർച്ചയായി പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിട്ടുണ്ടെങ്കിലും, കേരളത്തിന്റെ ഭാഗത്തുനിന്നുള്ള ഭരണപരമായ കാലതാമസവും ഈ പ്രതിസന്ധി രൂക്ഷമാക്കിയെന്ന വിമർശനം ശക്തമാണ്. ജനവാസമേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ, വനമേഖലകൾ എന്നിവ വ്യക്തമായി വേർതിരിച്ച് റവന്യൂ വില്ലേജുകളുടെ അതിർത്തികൾ കൃത്യമായി നിർണയിക്കുന്ന ഫീൽഡ് സർവേയും ശാസ്ത്രീയ മാപ്പിങ്ങും സമയബന്ധിതമായി പൂർത്തിയാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞില്ലെന്നത് ഈ വിഷയത്തിലെ ഏറ്റവും വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇതേ ആശങ്കകൾ നേരിട്ട മറ്റു സംസ്ഥാനങ്ങൾ സ്വീകരിച്ച സമീപനം ശ്രദ്ധേയമാണ്. തമിഴ്നാടും ഗോവയും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഉപഗ്രഹചിത്രങ്ങൾ, ജിയോസ്പേഷ്യൽ മാപ്പിങ്, ഫീൽഡ് സർവേ എന്നിവയുടെ അടിസ്ഥാനത്തിൽ ജനവാസമേഖലകളും വനമേഖലകളും വ്യക്തമായി വേർതിരിച്ച് കേന്ദ്രസർക്കാരിന് പുതുക്കിയ വിവരങ്ങൾ സമർപ്പിച്ചു. അതുവഴി, മനുഷ്യവാസമുള്ള പ്രദേശങ്ങളെ ഇഎസ്എ പരിധിയിൽ നിന്ന് പരമാവധി ഒഴിവാക്കാൻ അവർക്കു സാധിച്ചു. കേരളത്തിനും സമാനമായ അവസരങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, നടപടിക്രമങ്ങളിലെ കാലതാമസവും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവും കാരണം അത് ഫലപ്രദമായി ഉപയോഗിക്കാനായില്ല. ജനപ്രതിനിധികൾ, കർഷകസംഘടനകൾ, സഭകൾ, സാമൂഹികസംഘടനകൾ എന്നിവ ആവർത്തിച്ച് ഉന്നയിച്ച ആശങ്കകൾ ഭരണനടപടികളായി മാറാൻ വൈകി.

കേരള കത്തോലിക്കാ മെത്രാൻ സമിതി (KCBC) അടുത്തിടെ ചൂണ്ടിക്കാട്ടിയതും ഇതേ കാര്യമാണ്. റവന്യൂ വില്ലേജുകളുടെ അതിർത്തികൾ ശാസ്ത്രീയമായി പുനർനിർണയിക്കുകയും ഫീൽഡ് സർവേ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നതിൽ ഉണ്ടായ വീഴ്ചയാണ് ഇന്നത്തെ പ്രതിസന്ധിക്ക് പ്രധാന കാരണങ്ങളിലൊന്നെന്ന് കെസിബിസി വിലയിരുത്തി.

ഇപ്പോൾ ഏഴാമത്തെ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് വീണ്ടും അഭിപ്രായം രേഖപ്പെടുത്താൻ അവസരം നൽകിയിട്ടുണ്ട്. അതിനാൽ, പഴയ എതിർപ്പുകൾ ആവർത്തിക്കുന്നതിൽ മാത്രം കാര്യമില്ല. കൃത്യമായ ശാസ്ത്രീയ വിവരങ്ങൾ, പുതുക്കിയ ഭൂപടങ്ങൾ, തെളിവുകളുടെ അടിസ്ഥാനത്തിലുള്ള നിർദേശങ്ങൾ, ജനവാസമേഖലകളുടെ വ്യക്തമായ രേഖപ്പെടുത്തൽ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിക്കേണ്ടത് അനിവാര്യമാണ്.

ഈ വിഷയത്തിൽ കേന്ദ്രവും സംസ്ഥാനവും പരസ്പരം പഴിചാരുന്നതുകൊണ്ട് പരിഹാരമുണ്ടാകില്ല. ഭരണപരമായ ഉത്തരവാദിത്വം ഏറ്റെടുത്ത്, പരിസ്ഥിതി സംരക്ഷണവും ജനങ്ങളുടെ ജീവിതാവകാശവും ഒരുപോലെ ഉറപ്പാക്കുന്ന പ്രായോഗിക പരിഹാരമാണ് ഇനി വേണ്ടത്. കാരണം, ഓരോ പുതിയ വിജ്ഞാപനവും ഒരു ഔദ്യോഗിക രേഖ മാത്രമല്ല; മലനിരകളിൽ ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുടെ ഭാവിയെ വീണ്ടും അനിശ്ചിതത്വത്തിലേക്ക് തള്ളിവിടുന്ന ഒരു ഓർമപ്പെടുത്തൽ കൂടിയാണ്.

## പരിസ്ഥിതി സംരക്ഷണത്തിന് മനുഷ്യനെ ബലിയാടാക്കാനാവില്ല

പശ്ചിമഘട്ടം സംരക്ഷിക്കപ്പെടണം. അത് ഇന്ത്യയുടെ ജൈവവൈവിധ്യത്തിന്റെ അമൂല്യ സമ്പത്താണ്. വനങ്ങളും ജലസ്രോതസ്സുകളും വന്യജീവികളും വരുംതലമുറകൾക്കായി സംരക്ഷിക്കേണ്ടത് ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും ഒരുപോലെ ഉത്തരവാദിത്വമാണ്. എന്നാൽ, പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ മനുഷ്യരെ അനിശ്ചിതത്വത്തിലാക്കുന്ന നയങ്ങൾക്ക് നീതിയുടെ മുഖമുണ്ടാകില്ല. മലയോരങ്ങളിലെ ജനങ്ങൾ കാടിന്റെ ശത്രുക്കളല്ല. സർക്കാർ നയങ്ങളുടെ ഭാഗമായി പതിറ്റാണ്ടുകൾക്ക് മുമ്പ് കുടിയേറി, കാടിനെ കൃഷിഭൂമിയാക്കി മാറ്റിയവരും കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തേകിയവരുമാണ് അവർ. പ്രളയവും ഉരുൾപൊട്ടലും വന്യമൃഗശല്യവും വിലത്തകർച്ചയും അതിജീവിച്ചിട്ടും കൃഷി കൈവിടാതെ തുടരുന്ന ആയിരക്കണക്കിന് കുടുംബങ്ങളാണ് ഇന്ന് ഇഎസ്എ അനിശ്ചിതത്വത്തിന്റെ ഏറ്റവും വലിയ ഇരകൾ.

പന്ത്രണ്ട് വർഷമായി തുടരുന്ന ഈ അനിശ്ചിതത്വം ഭൂമിയുടെ ഉപയോഗത്തെ മാത്രമല്ല, ജനങ്ങളുടെ ഭാവിയെക്കൂടിയാണ് ബാധിക്കുന്നത്. വീടുകൾ നവീകരിക്കുന്നതിലും പുതിയ നിർമാണങ്ങൾ നടത്തുന്നതിലും ഭൂമി കൈമാറുന്നതിലും വായ്പ ലഭിക്കുന്നതിലും വികസന പദ്ധതികൾ നടപ്പാക്കുന്നതിലും ഉയരുന്ന ആശങ്കകൾ അവരുടെ സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു. ഒരു തലമുറ മുഴുവൻ 'താൽക്കാലിക' അവസ്ഥയിൽ ജീവിക്കാൻ നിർബന്ധിതരാകുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് അഭിമാനകരമല്ല.

ഇപ്പോൾ കേന്ദ്ര സർക്കാർ നൽകിയിരിക്കുന്ന അറുപത് ദിവസത്തെ സമയപരിധി മറ്റൊരു ഔപചാരിക നടപടിക്രമമായി ചുരുങ്ങരുത്. കേരള സർക്കാർ ശാസ്ത്രീയവും തെളിവ്അധിഷ്ഠിതവുമായി പുതുക്കിയ നിർദേശങ്ങൾ സമയബന്ധിതമായി സമർപ്പിക്കണം. ജനവാസമേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഇഎസ്എ പരിധിയിൽനിന്ന് വ്യക്തമായി വേർതിരിക്കുന്നതിനാവശ്യമായ സർവേയും രേഖപ്പെടുത്തലും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. അതേസമയം, പരിസ്ഥിതി സംരക്ഷണത്തിന്റെ ദേശീയ ലക്ഷ്യം ദുർബലമാക്കാതെ ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്ന പരിഹാരം കണ്ടെത്തേണ്ട ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനുമുണ്ട്.

ഇന്ന് പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് നാം ഏറെ സംസാരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, ജലക്ഷാമം, വനനശീകരണം, ജൈവവൈവിധ്യത്തിന്റെ നഷ്ടം എന്നിവയെക്കുറിച്ച് ലോകം ആശങ്കപ്പെടുന്നു. എന്നാൽ അതേ സമയം, നഗരജീവിതത്തിന്റെ സൗകര്യങ്ങളും ആഡംബരങ്ങളും വർധിപ്പിക്കുന്നതിനായി മലനാടുകളും കുന്നുകളും കാടുകളും നദികളും നിർദാക്ഷിണ്യം ചൂഷണം ചെയ്യപ്പെടുന്നു എന്നത് വലിയൊരു വിരോധാഭാസമാണ്. ഖനനത്തിനായി മലകൾ തുരക്കപ്പെടുന്നു; അണക്കെട്ടുകൾക്കും മറ്റ് പദ്ധതികൾക്കുമായി നദികളുടെ സ്വാഭാവിക ഒഴുക്ക് മാറ്റപ്പെടുന്നു; വൻകിട റിസോർട്ടുകൾക്കും വിനോദസഞ്ചാര പദ്ധതികൾക്കുമായി കുന്നിൻപ്രദേശങ്ങളും വനഭൂമികളും കൈയേറപ്പെടുന്നു. നഗരങ്ങളിൽ നിന്നുള്ള മനുഷ്യരുടെ വിനോദത്തിനും സാമ്പത്തിക ലാഭത്തിനും വേണ്ടി മലനാടിന്റെ നിശ്ശബ്ദതയും പ്രകൃതിയുടെ സന്തുലിതാവസ്ഥയും തകർക്കപ്പെടുമ്പോൾ, അതിന്റെ വില നൽകേണ്ടിവരുന്നത് അവിടുത്തെ സാധാരണ ജനങ്ങളും കർഷകരും വന്യജീവികളും വരുംതലമുറകളുമാണ്. പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതും അവിടെ ജീവിക്കുന്ന മനുഷ്യരെ സംരക്ഷിക്കുന്നതും പരസ്പരവിരുദ്ധമായ ലക്ഷ്യങ്ങളല്ല. സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനതത്ത്വം ഇവ രണ്ടിനും ഇടയിൽ നീതിപൂർണമായ സന്തുലനം കണ്ടെത്തുക എന്നതാണ്. പരിസ്ഥിതി സംരക്ഷണം മനുഷ്യനെ ഒഴിവാക്കിയുള്ള പദ്ധതിയാകുമ്പോൾ അത് ജനദ്രോഹപരമായി മാറും; മനുഷ്യന്റെ ആവശ്യങ്ങൾ മാത്രം പരിഗണിച്ച് പ്രകൃതിയെ അവഗണിക്കുമ്പോൾ അത് ഭാവിതലമുറകളോടുള്ള അനീതിയാകും.

പന്ത്രണ്ടു വർഷവും ഏഴ് വിജ്ഞാപനങ്ങളും പിന്നിട്ടിട്ടും ഒരു സ്ഥിരപരിഹാരം കണ്ടെത്താൻ കഴിയാത്തത് സർക്കാരിന്റെ നയരൂപീകരണത്തിന്റെ പരാജയമാണ്. ഇനിയും പുതിയ വിജ്ഞാപനങ്ങളിലൂടെ സമയം നീട്ടുകയല്ല വേണ്ടത്; ജനങ്ങളുടെ ജീവിതവും പ്രകൃതിയുടെ നിലനിൽപ്പും ഒരുപോലെ ഉറപ്പാക്കുന്ന നീതിയുക്തവും ശാസ്ത്രീയവുമായ അന്തിമതീരുമാനമാണ് ജനങ്ങൾ കാത്തിരിക്കുന്നത്. ■

## ESA അഥവാ പരിസ്ഥിതി സംവേദക മേഖല

**1–ാം പേജ് തുടർച്ച**

യാണ്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പരമ്പരാഗത തോട്ടങ്ങൾ, കൃഷി ഭൂമി, ജനവാസമേഖല, സ്വാഭാവിക പ്രദേശം എന്നിവ കൃത്യമായി വേർതിരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**d) നിലവിലുള്ള വനവും സംരക്ഷിത പ്രദേശങ്ങളും മാത്രം ഇ.എസ്.എ യിൽ വ്യക്തമായി ഉൾപ്പെടുത്തണം**

ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, അണക്കെട്ടുകൾ, നിർണായക വന്യജീവിവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥകൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങൾ ഇ.എസ്.എയുടെ അന്തിമ ഭൂപടത്തിൽ വ്യക്തമായി ഉൾപ്പെടുത്തണം. അതിനാൽ സംരക്ഷിത വനമേഖലകൾക്കും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾക്കും ശക്തമായ സംരക്ഷണം നൽകുകയും അതേസമയം സാധാരണ കർഷകന്റെ ജീവിതഭൂമിയെ അതേ രീതിയിൽ നിയന്ത്രിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തമായ വേർതിരിക്കൽ സമീപനമാണ് സ്വീകരിക്കേണ്ടത്.

**e) സ്ഥല പരിശോധന വീണ്ടും നടത്തണം**

ഉപഗ്രഹ ചിത്രങ്ങളെ മാത്രം ആശ്രയിച്ചുള്ള ഇ.എസ്.എ നിർണ്ണയം തോട്ടങ്ങൾ വനഭൂമിയായി പ്രത്യക്ഷപ്പെടാനുള്ള സാധ്യത വർധിപ്പിക്കുന്നു. അതിനാൽ അന്തിമ വിജ്ഞാപനം ഉപഗ്രഹചിത്രങ്ങളും കഡസ്ട്രൽ മാപ്പും സ്ഥല പരിശോധനയും ജനങ്ങൾക്ക് പരിശോധിക്കാനുള്ള അവസരവും സംയോജിപ്പിച്ച് വേണം തയ്യാറാക്കാൻ. ഓരോ ഇ.എസ്.എ വില്ലേജിലും റവന്യൂ, വനം, കൃഷി വകുപ്പുകൾ, ഗ്രാമസഭ എന്നിവയുടെ പ്രതിനിധികളടങ്ങിയ സംയുക്ത സംഘം സ്ഥലപരിശോധന നടത്തുന്നത് കൂടുതൽ വിശ്വാസ്യത നൽകും. ഗ്രാമസഭകളെ വിശ്വാസത്തിലെടുത്ത് വേണം അന്തിമ തീരുമാനം എന്നത് ഗാഡ്ഗിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നത് രേഖകൾ കൃത്യമായി അവർക്ക് ലഭ്യമാക്കി കൊണ്ടാവണം

ഒരു പ്രദേശം ഇ.എസ്.എയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് അഭിപ്രായം ചോദിക്കുമ്പോൾ ആ പ്രദേശത്തിന്റെ കൃത്യമായ മാപ്പ്, സർവ്വെ, സ്ഥല നിർണയ രേഖകൾ, ഭൂവിനിയോഗ രീതി, പരിസ്ഥിതി സംരക്ഷണത്തിനുള്ള മാനദണ്ഡങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാകണം. വില്ലേജ് ഇ.എസ്.എ യിലാണ് എന്ന ഒറ്റവാചകം അപൂർണമാണ്, അപകടകരമാണ്. ഭൂമിയുടെ ആധാരങ്ങളിൽ ഈ സ്ഥലം ഇ എസ് എ യിൽ പെട്ടതാണ് എന്ന് എഴുതി ചേർക്കുന്നതിലെ സാംഗത്യമെന്താണ്? ഒരു കർഷകന് തന്റെ ഭൂമി ഇ.എസ്.എ യിൽ ഉൾപ്പെടുന്നുണ്ടോ എന്ന് അറിയാൻ കഴിയണം. ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് ഉൾപ്പെടുത്തിയെന്നും അതിന്റെ മാനദണ്ഡമെന്താണെന്നും അറിയാൻ കഴിയുന്നതാണ് യഥാർഥ ജനപങ്കാളിത്തം. പഞ്ചായത്തുകൾക്ക് പ്രൊപ്പോസൽ ഏരിയയുടെ മാപ്പും നിർദ്ദേശവും ലഭിച്ചതനുസരിച്ച്, അതാത് പഞ്ചായത്തുകൾ errors ഉണ്ടെന്നു മനസ്സിലാക്കി ഫീൽഡിൽ സർവേ നടത്തി തിരുത്തലുകൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് കൾക്ക് അയച്ചു കൊടുത്തിരുന്നു. എന്നാൽ ഇതിന്റെയൊന്നും മുകളിൽ നടപടി ആവുകയോ മാപ്പുകളിൽ മാറ്റങ്ങൾ വരുത്തുകയോ ചെയ്തിരുന്നില്ല.തിരുത്തലുകൾ വരുത്തിയ ജനവാസ മേഖലകൾ ഒഴിവാക്കപ്പെട്ടില്ല.മാത്രവുമല്ല ESA യുടെ പരിധിയിൽ ഇല്ലാതിരുന്ന എട്ടു വില്ലേജുകൾ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെട്ടതായി കാണുന്നു. ഏഴാമത്തെ കരട് വിജ്ഞാപനത്തിൽ സെപ്റ്റംബർ 25 ന് ശേഷം എപ്പോൾ വേണമെങ്കിലും അന്തിമവിജ്ഞാപനം ആകാം.

റവന്യൂ വില്ലേജുകളിലും ജനവാസ കേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും ESA അന്തിമ വിജ്ഞാപനം വന്നാൽ ജനങ്ങൾക്ക് ഉണ്ടാകാവുന്ന പ്രതിസന്ധികൾ.

ESA പരിധി തെറ്റായി നിർണയിക്കപ്പെട്ടാൽ, ഭാവിയിൽ ഭൂവിനിയോഗത്തിലും വികസന പ്രവർത്തനങ്ങളിലും ഉണ്ടാകാവുന്ന നിയന്ത്രണങ്ങളും അനുമതി സംബന്ധമായ അനിശ്ചിതത്വങ്ങളും വളരെ ഗൗരവമുള്ളതാണ്.

1. സ്വന്തം ഭൂമി ESAയിൽ ആണോ എന്ന ആശയക്കുഴപ്പം. ഒരു മുഴുവൻ revenue village ESA ആയി രേഖപ്പെടുത്തിയാൽ, ആ വില്ലേജിനുള്ളിലെ ഓരോ survey numberന്റെയും യഥാർഥ സ്ഥിതി വ്യക്തമായിരിക്കില്ല. ഒരു ഭൂവുടമയ്ക്ക് എന്റെ ഭൂമി ESAയിൽ ഉൾപ്പെടുന്നുണ്ടോ?' എന്ന അടിസ്ഥാന ചോദ്യത്തിന് പോലും കൃത്യമായ മാപ്പില്ലാതെ ഉത്തരം കണ്ടെത്താൻ കഴിയാതെ വരും.

2. കൃഷിഭൂമിയും തോട്ടങ്ങളും സംബന്ധിച്ച അനിശ്ചിതത്വം. റബർ, ഏലം, കാപ്പി, ചായ, കുരുമുളക് തുടങ്ങിയ തോട്ടങ്ങളും പരമ്പരാഗത കൃഷിഭൂമികളും ESA പരിധിയിൽ ഉൾപ്പെട്ടാൽ ഭാവിയിലെ ഭൂവിനിയോഗ തീരുമാനങ്ങളിൽ അധിക നിയന്ത്രണങ്ങളോ അനുമതി നടപടികളോ നേരിടേണ്ടിവരാം. ഇത് പ്രത്യേകിച്ച് കർഷകരുടെ ഭൂമിയുടെ ഉപയോഗം, വികസനം, കൈമാറ്റം, നിക്ഷേപം എന്നിവയിൽ അനിശ്ചിതത്വം സൃഷ്ടിക്കാം.

3. വീടുകളും കെട്ടിടനിർമാണവും സംബന്ധിച്ച പ്രശ്നങ്ങൾ. ESAയുടെ നിയന്ത്രണങ്ങൾ ബാധകമായ പ്രദേശങ്ങളിൽ ചില contsruction/development പ്രവർത്തനങ്ങൾക്ക് പ്രത്യേക നിയന്ത്രണങ്ങളും അനുമതികളും ഉണ്ടാകും. അതുകൊണ്ട് ഇന്ന് സാധാരണ residential area ആയിരിക്കുന്ന സ്ഥലത്ത് ഭാവിയിൽ പുതിയ വീട്, വീടിന്റെ വിപുലീകരണം,സ്ഥാപനങ്ങൾ,ആശുപത്രി,സ്കൂൾ, ചെറിയ വ്യാപാരസ്ഥാപനങ്ങൾ, റോഡ്/ പൊതുമരാമത്ത് പദ്ധതികൾ എന്നിവ നടപ്പാക്കുമ്പോൾ അനുമതി സംബന്ധമായ അധിക നടപടികൾ നേരിടേണ്ടിവരാനുള്ള സാധ്യതയുണ്ട്.

4. ഭൂമിയുടെ സാമ്പത്തിക മൂല്യത്തിൽ അനിശ്ചിതത്വം. ഈ ഭൂമി ഈ.എസ്.എ. യിൽ പെടുന്നതാണെന്ന് ആധാരങ്ങളിൽ ചേർക്കുന്നതോടെ ഭൂമിയുടെ വിൽപ്പന, വാങ്ങൽ, ബാങ്ക് വായ്പ, നിക്ഷേപം തുടങ്ങിയ കാര്യങ്ങളിൽ അനിശ്ചിതത്വം ഉണ്ടാക്കാം. പ്രത്യേകിച്ച് ഒരു survey number ESAയിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നതിൽ തർക്കമുണ്ടെങ്കിൽ, ഭൂമിയുടെ ഭാവി ഉപയോഗത്തെക്കുറിച്ച് വാങ്ങുന്നവരും ധനകാര്യ സ്ഥാപനങ്ങളും കൂടുതൽ ജാഗ്രത പുലർത്താൻ സാധ്യതയുണ്ട്.

5. റോഡുകളും അടിസ്ഥാന സൗകര്യങ്ങളും. ഇ എസ് എ പ്രദേശങ്ങളിൽ റോഡ്, പാലം, കുടിവെള്ള പദ്ധതി, വൈദ്യുതി, പൊതുസ്ഥാപനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് പരിസ്ഥിതി നിയന്ത്രണങ്ങൾ കൂടുതൽ പ്രസക്തമാകും. ESA boundary കൃത്യമല്ലെങ്കിൽ പൊതുതാൽപര്യ പദ്ധതികൾ പോലും അനാവശ്യമായ ഭരണപരമായ തടസങ്ങൾ നേരിടാൻ സാധ്യതയുണ്ട്.

6. ഇ എസ് എ യിൽ പെടുന്നതോടുകൂടി നിലവിലുള്ളതും ഭാവിയിൽ ആവശ്യമായതുമായ ചെറുകിട നാമ മാത്ര സംരംഭങ്ങൾക്കും ഉൾപ്പെടെ നിയന്ത്രണങ്ങളും വികസന പ്രവർത്തനങ്ങളിൽ തർക്കങ്ങളും ഉണ്ടാകാം.

7. അടുത്ത തലമുറയുടെ ഭൂമിയവകാശത്തിൽ പ്രശ്നങ്ങൾ. ഇന്ന് കൃഷി ചെയ്യുന്ന ഭൂമി അടുത്ത തലമുറയ്ക്ക്വീട് നിർമ്മിക്കാൻ, കൃഷി വികസിപ്പിക്കാൻ, ചെറിയ സംരംഭം ആരംഭിക്കാൻ, മറ്റ് നിയമപരമായ ഉപയോഗങ്ങൾക്ക് എത്രത്തോളം ഉപയോഗിക്കാനാകുമെന്ന് വ്യക്തമല്ലാത്ത സാഹചര്യം ഉണ്ടാകാം. അതുകൊണ്ട് ESA വിഷയം ഇന്നത്തെ കർഷകന്റെ മാത്രം പ്രശ്നമല്ല; അടുത്ത തലമുറയുടെ ഭൂമിയുപയോഗ അവകാശവുമായി ബന്ധപ്പെട്ട വിഷയവുമാണ്.

ESA പ്രഖ്യാപനത്തിന്റെ ഭാഗമായി പ്രദേശവാസികൾ പരിസ്ഥിതി സംരക്ഷണത്തിനായി ഏറ്റെടുക്കുന്ന വികസന നിയന്ത്രണങ്ങൾക്കും അവസരനഷ്ടങ്ങൾക്കും പകരമായി നൽകേണ്ട അവകാശാധിഷ്ഠിത സാമ്പത്തിക ആനുകൂല്യം അഥവാ 'സംരക്ഷണ പ്രോത്സാഹനവും നഷ്ടപരിഹാര സംവിധാനവും' പശ്ചിമഘട്ട സംരക്ഷണത്തിനു വേണ്ടി സ്വന്തം ഉപജീവനവും ജീവിതവും വികസന പ്രവർത്തനങ്ങളും വേണ്ടെന്ന് വെക്കേണ്ടിവരുന്നവർക്ക് ലഭ്യമാക്കണം. മറ്റു രാജ്യങ്ങൾ ചെയ്യുന്നതുപോലെ ഇത് നടപ്പിലാക്കാൻ കഴിയാത്തിടത്തോളം ഇതു വലിയ ഒരു ചൂഷണമായി മാറും. അത് ഭരണഘടന പൗരനു നൽകുന്ന മൗലികാവകാശങ്ങളുടെ നഗ്നമായ ലംഘനമായി തീരും എന്നതിൽ സംശയമില്ല.

പരിസ്ഥിതി സംരക്ഷണവും പശ്ചിമഘട്ട സംരക്ഷണവും കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിലെയും 1600ലധികം വില്ലേജുകളിലെയും മുഴുവൻ ജനങ്ങളുടെയും ഉത്തരവാദിത്വമാണെന്നിരിക്കെ, മുഴുവൻ ഉത്തരവാദിത്വവും 131 വില്ലേജുകളിലെ 30 ലക്ഷത്തിലധികം വരുന്നപാവപ്പെട്ട ഒരു വിഭാഗം ജനങ്ങളുടെ മേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിച്ച് അവരെ ബലിയാടാക്കി പരിസ്ഥിതിക്ക് പരിക്കേൽപ്പിക്കുന്ന പ്രവർത്തനങ്ങൾ യഥേഷ്ടം നടത്താമെന്ന ചില താൽപരകക്ഷികളുടെ നിഷിദ്ധ താല്പര്യങ്ങൾ സംസ്ഥാനത്തെ അപകടത്തിൽ എത്തിക്കും എന്ന സത്യം ഇ എസ് എ പ്രഖ്യാപനത്തിലൂടെ സാധ്യമാകും.

ESAയുടെ ലക്ഷ്യം പശ്ചിമഘട്ടത്തെ സംരക്ഷിക്കുകയാണ്; കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ അനിശ്ചിതത്വത്തിലാക്കുകയല്ല. കൃത്യമായ കണക്കില്ലാതെ ESA വേണ്ട; കൃത്യമായ മാപ്പില്ലാതെ അന്തിമിജ്ഞാപനം വേണ്ട.

### അടിയന്തരമായി ശ്രദ്ധിക്കേണ്ടവ

ഇനി വിവിധ തലങ്ങളിൽ ചെയ്യേണ്ടുന്ന ESA വിഷയത്തിലെ പ്രതിവിധികൾ അല്ലെങ്കിൽ ഉത്തരവാദിത്വങ്ങളെ പറ്റി പറയാം.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഏഴാമത് ഇ എസ് എ കരട് വിജ്ഞാപനമായിട്ടും ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്ന ഒരു സർക്കാർ പരാജയപ്പെടുകയാണ്.

കാരണം കരട് വിജ്ഞാപനത്തിൽ കേരളം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളുടേയും പ്രൊപ്പോസൽ ജിയോ കോർഡിനേറ്റ് സഹിതമുള്ള മാപ്പുകൾ അടക്കം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. എന്നാൽ കേരളത്തിന്റെ മാപ്പോ പ്രൊപ്പോസലോ ഇല്ല!എന്തുകൊണ്ട് ഇല്ല.? കേരളം ഇതുവരെ പ്രൊപ്പോസൽ നൽകിയിട്ടില്ല എന്നും, എന്നാൽ കേരളത്തിലെ ഇ എസ് എ എന്നത് 9993.7 ചതുരശ്ര കിലോമീറ്റർ ആയി ഫിസിക്കൽ വെരിഫിക്കേഷൻ വഴി കണക്കാക്കിയിട്ടുണ്ടെന്നും, കടസ്ടൽ മാപ്പ് (സർവ്വേ നമ്പർ രേഖപ്പെടുത്തിയ മാപ്പ്) കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും, ജനങ്ങൾ അത് നോക്കി തങ്ങളുടെ പരാതികൾ ഉണ്ടെങ്കിൽ വിജ്ഞാപനം പുറപ്പെടുവിച്ച് 60 ദിവസത്തിനകം അതായത് സെപ്റ്റംബർ 25ന് അകം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മെയിൽ ഐഡിയിലേക്കോ, തപാൽ വഴിയായോ അയച്ചുകൊടുക്കണമെന്നുമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശം. സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ മാപ്പ് സാധാരണക്കാരായ ജനങ്ങൾക്ക് പരാതി നൽകുവാൻ പര്യാപ്തമായ രീതിയിൽ ലഭ്യമല്ല. അക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും, കേരളത്തിലെപൊതുജനങ്ങളെയുംതെറ്റിദ്ധരിപ്പിച്ചിരിക്കുന്നു എന്ന ആശങ്ക നിലനിൽക്കുന്നു! പരാതികൾ നൽകുവാൻ ആയിട്ട് കരട് പറഞ്ഞിരിക്കുന്നത് ബയോഡേഴ്സിറ്റി ബോർഡിന്റെ സൈറ്റിലെ മാപ്പ് പരിശോധിച്ചാണ് . അത്തരം പരാതികൾക്കായിരിക്കും നിയമ സാധുതയും.

കേന്ദ്ര സർക്കാർ പുതിയ കരട് വിജ്ഞാപനം അന്തിമമാക്കുന്നതിന് മുമ്പ് കേരള സർക്കാരും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡും താഴെപ്പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കണം:

ഒന്ന്: 123/131 വില്ലേജുകളിൽ 9,107 ചതുരശ്ര കിലോമീറ്റർ വനഭൂമി എന്ന കണക്കിന്റെ അപാകതയും തെറ്റും അടിയന്തരമായി തിരുത്തി പുതിയ റിപ്പോർട്ട് കേന്ദ്രത്തിന് നൽകുക (കേരളം സമർപ്പിച്ച വിവിധ റിപ്പോർട്ടുകളിൽ കാണുന്ന ആശയക്കുഴപ്പം അടിയന്തരമായി പരിഹരിക്കുക. 2014ലെ 123 വില്ലേജുകൾ/9993.7ച . കി. മി. 2015 ലെ 119/9993.7. 2018 ൽ അത് 92/8,656.46. തുടർന്ന് ജില്ലാതല വെരിഫിക്കേഷനിൽ 98/8,711.89. 2024ലെ 98/8,590.69 എന്നീ നിർദേശങ്ങളും 2026ലെ 131/9,993.70 നിർദേശവും തമ്മിലുള്ള വ്യത്യാസം പരിഹരിച്ച് കൃത്യമായ മാപ്പും റിപ്പോർട്ടും സമർപ്പിക്കുക)

രണ്ട്: ജനവാസമേഖലകൾ, കൃഷിഭൂമികൾ, പരമ്പരാഗത തോട്ടങ്ങൾ എന്നിവ പൂർണമായും ഇ.എസ്.എയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് അതിർത്തികൾ കൃത്യമായി നിർണയിച്ച് മാപ്പുകൾ തയ്യാറാക്കുക. എത്രയും പെട്ടെന്ന് തിരുത്തലുകൾ വരുത്തിയ മാനദണ്ഡപ്രകാരമുള്ള മാപ്പ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ സൈറ്റിൽ പ്രസിദ്ധപ്പെടുത്തുക.

മൂന്ന്: വില്ലേജിനെ ഇ.എസ്.എയുടെ അടിസ്ഥാന യൂണിറ്റാക്കുന്ന രീതി ഒഴിവാക്കുക.

നാല്: വനമേഖല, സംരക്ഷിതമേഖല, ലോക പൈതൃക പദവി പ്രദേശങ്ങൾ എന്നിവ മാത്രം ഇ.എസ്.എ യിൽ ഉൾപ്പെടുത്തുക.

അഞ്ച്: : ഇ.എസ്.എ മാപ്പുകൾ സാധാരണക്കാർക്ക് പരിശോധിച്ച് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അയയ്ക്കാൻ പറ്റിയ രൂപത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുക. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഗ്രാമസഭകൾക്ക് വലിയ പ്രസക്തിയാണുള്ളത്. ഗ്രാമസഭകളിൽ കൂടി ജനവികാരങ്ങൾ പ്രമേയങ്ങളായി പാസാക്കപ്പെടുകയും അത് പഞ്ചായത്ത് ഭരണസമിതി റസലൂഷൻ ആയി മുകളിലേക്ക് അയയ്ക്കുകയും ചെയ്യുക.

ആറ്: ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടും സംസ്ഥാന സർക്കാരിന്റെ എല്ലാ ഇ.എസ്.എ നിർദേശങ്ങളും കേന്ദ്രത്തിന് അയച്ച കത്തുകളും സ്ഥലപരിശോധന വിവരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക.

എട്ട്: ഓരോ ജില്ലയിലും പൊതുജനങ്ങൾക്ക് മാപ്പ് പരിശോധിക്കാനും പരാതികൾ നൽകാനും കഴിയുന്ന സഹായകേന്ദ്രങ്ങൾ ആരംഭിക്കുക. അഫക്റ്റഡ് പഞ്ചായത്തുകളുടെ യോഗങ്ങൾ വിളിച്ചു ചേർക്കുകയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

ഒൻപത്: മലയാളത്തിൽ ലളിതമായ ഇ.എസ്.എ വിശദീകരണ രേഖ പ്രസിദ്ധീകരിക്കുക.

പത്ത്: ജനവാസ മേഖലകളും കൃഷിയിടങ്ങളും പൂർണമായും ഒഴിവാക്കിയ (zero error) പ്രൊപ്പോസലും ജിയോ കോർഡിനേറ്റുകൾ വ്യക്തമായി രേഖപ്പെടുത്തിയ KML file മാപ്പുകളും ജനത്തെ ബോധ്യപ്പെടുത്തി എന്നുറപ്പുവരുത്തിയതിനു ശേഷം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും അംഗീകരിപ്പിക്കുകയും ചെയ്യുക. ലഭിക്കുന്ന എല്ലാ പരാതികളും പരിശോധിച്ചശേഷം മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ.

പശ്ചിമഘട്ടത്തെ സംരക്ഷിക്കേണ്ടത് ജനങ്ങളെ പുറത്താക്കിക്കൊണ്ടല്ല; ജനങ്ങളോടൊപ്പം നിന്നുകൊണ്ടാകണം. ഇപ്പോൾ പ്രസിദ്ധീകരിച്ച ഏഴാമത്തെ കരട് വിജ്ഞാപനം ഒരു അന്തിമ തീരുമാനം അല്ല. കേന്ദ്രം തന്നെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിച്ചിരിക്കുകയാണ്. അതിനാൽ ഇത് കേരളത്തിന് പിഴവുകൾ ചൂണ്ടിക്കാട്ടാനും ശാസ്ത്രീയമായ തിരുത്തലുകൾ ആവശ്യപ്പെടാനും ലഭിച്ച നിർണായക അവസരമായി കണക്കാക്കണം. ■

# മിശിഹായ്ക്കും സഭയ്ക്കും വേണ്ടി

**പാലക്കാട് രൂപതയിൽ 2014 സെപ്തംബർ എട്ടിന് ബിഷപ് മാർ ജേക്കബ് മനത്തോടത്തിന്റെ അഗീകാരത്തോടെ ഫാ. സേവ്യർ ഖാൻ വട്ടായിൽ, ഫാ. ബിനോയ് കരിമരുതിങ്കൽ, മദർ എയ്മി എമ്മാനുവേൽ എന്നിവർ ചേർന്ന് സ്ഥാപിച്ചതാണ് അഭിഷേകാഗ്നി സിസ്റ്റേഴ്സ് (ASJM) എന്ന സമൂഹം. 'മിശിഹായ്ക്കും സഭയ്ക്കും വേണ്ടി' എന്ന ആദർശവാക്യം മുറുകെപിടിച്ചു ദൈവരാജശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഷേകാഗ്നി സിസ്റ്റേഴ്സിനെക്കുറിച്ച്...**





ഒരേ ഉൾവിളിയുടെ നെരിപ്പോട് ഉള്ളിലേറ്റി നടന്ന ASJMന്റെ ആത്മപാലകരായ ഫാ. സേവ്യർ ഖാൻ വട്ടായിൽ, ഫാ. ബിനോയ് കരിമരുതിങ്കൽ, മദർ എയ്മി എമ്മാനുവേൽ എന്നിവരെ വ്യത്യസ്ത ജീവിതസാഹചര്യങ്ങളിലൂടെ പരിശീലിപ്പിച്ചും വളർത്തിയും 2007-ൽ സെഹിയോനിൽ ദൈവം ഒരുമിപ്പിച്ചതിന്റെ ഫലമായിട്ടാണ് ASJM രൂപീകൃതമായത്. 2014 സെപ്തംബർ എട്ടിന് പാലക്കാട് രൂപതയുടെ മുൻ ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ASJMന്റെ ആദ്യ സമൂഹത്തെ പയസ് യൂണിയനായി പ്രഖ്യാപിച്ചു. വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ തിരുനാൾദിനം കൂടിയായ 2017 ഡിസംബർ 14ന് ASJM സ്വയാധികാര താപസഭവനം ആയി (sui iuris) ഉയർത്തപ്പെട്ടു. 2019-ൽ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയസച്ചന്റെ തിരുനാൾദിനമായ ജനുവരി മൂന്നിന് ആദ്യ അംഗങ്ങളായ ആറ് സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനവും ആദ്യ ബാച്ചായ ഏഴ് നോവിസസ്സിന്റെ ആദ്യ വ്രതവാഗ്ദാനവും നടന്നു. ശുശ്രൂഷയ്ക്കായി നീക്കിവയ്ക്കുന്ന മാസത്തിലെ 15 ദിവസങ്ങളൊഴികെ ബാക്കിയുള്ള എല്ലാ ദിവസവും ആഴമേറിയ പ്രാർഥനയിലും ആധ്യാത്മികവിചിന്തനത്തിലും ചെലവഴിക്കുന്ന സമൂഹമാണ് അഭിഷേകാഗ്നി സിസ്റ്റേഴ്സ്.

വിടുതൽശുശ്രൂഷ നിറഞ്ഞ വചനപ്രഘോഷണത്തിലൂടെയും കൃപാവരങ്ങൾ ഉപയോഗിച്ചുള്ള കൗൺസിലിങ്ങിലൂടെയും ആന്തരികസൗഖ്യശുശ്രൂഷകളിലൂടെയും ലോകം മുഴുവനേയും പ്രത്യേകിച്ച് വൈദികരെയും സമർപ്പിതരെയും ശക്തീകരിക്കാനും ഊർജ്ജസ്വലമായ ക്രൈസ്തവസമൂഹത്തെ ലോകം മുഴുവൻ കെട്ടിപ്പടുക്കാനുമാണ് അഭിഷേകാഗ്നി സിസ്റ്റേഴ്സ് ശ്രമിക്കുന്നത്. മിശിഹായുടെ മൗതികശരീരമായ തിരുസഭയെ ശക്തീകരിക്കുകയും യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിനുമുമ്പ് ലോകസുവിശേഷവല്ക്കരണം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. പരി. അമ്മയെപ്പോലെ ആഴമേറിയ ത്രിത്വാനുഭവം സ്വന്തമാക്കി താപസികതയിൽ അടിയുറച്ച പ്രാർഥനയിലൂടെയും പരിശുദ്ധാത്മ അഗ്നി നിറഞ്ഞ വിടുതൽ ശുശ്രൂഷയിലൂടെയും തെരഞ്ഞെടുക്കപ്പെട്ടവരെയും ലോകം മുഴുവനെയും ഉജ്വലിപ്പിച്ച് തിരുസഭയെ പടുത്തുയർത്തുകയും ലോകസുവിശേഷവല്ക്കരണം സാധ്യമാക്കുകയുമാണ് അഭിഷേകാഗ്നി സിസ്റ്റേഴ്സ് ചെയ്തുകൊണ്ടിരിക്കുന്നത്.

പൂർണമായും ദൈവപരിപാലനയിൽ ആശ്രയിച്ചും താപസജീവിതവും അപ്പസ്തോലിക ശുശ്രൂഷകളും സമന്വയിപ്പിച്ചുമാണ് ASJM മുന്നോട്ടു പോകുന്നത്. അട്ടപ്പാടി, വാഴക്കുളം, പത്തനംതിട്ട, മണ്ണുത്തി, ഒഡീഷ, ടെക്സസ് എന്നിവിടങ്ങളിലെ ആറ് ഭവനങ്ങളിലൂടെ അഭിഷേകാഗ്നി സിസ്റ്റേഴ്സ് സഭയെ സേവിക്കുകയും ഇന്ത്യയ്ക്കകത്തും പുറത്തും ASJM അതിന്റെ അപ്പസ്തോലികത വ്യാപിപ്പിക്കുകയും ചെയ്യുന്നു. അട്ടപ്പാടി സെഹിയോൻ റിട്രീറ്റ് സെന്ററിന് അടുത്തുള്ള താവളം അഭിഷേകാഗ്നിമൗണ്ടിലാണ് മദർഹൗസ്. ■

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

# തോമാശ്ലീഹാ മസ്ദായ് രാജാവിന്റെ മുൻപിൽ

**മസ്ദായി ചോദിച്ചു. 'ആരാണ് നിന്റെ യജമാനൻ? എന്താണവന്റെ പേര്? നീ ഏതു രാജ്യക്കാരനാണ്? യൂദാ അവനോട് പറഞ്ഞു' എന്റെ രാജാവ് നിന്റെയും യജമാനനാണ്. അവൻ ഈ ലോകംമുഴുവന്റെയും യജമാനനും ഭൂവിഭാഗങ്ങളുടെയെല്ലാം കർത്താവുമാണ്. 'മസ്ദായി വീണ്ടും ചോദിച്ചു.' അവന്റെ പേര് എന്താണ്? 'യൂദാ ഉത്തരിച്ചു.' അങ്ങേക്കിപ്പോൾ ഈ സമയത്ത് അവന്റെ യഥാർഥനാമം ഗ്രഹിക്കാൻ സാധ്യമല്ല. എങ്കിലും അവനു നല്കപ്പെട്ട നാമം ഈശോമിശിഹാ എന്നാണ്.**

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

തമിഴകത്തെ രാജാവായിരുന്ന മസ്ദായ് തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിൽ പ്രകോപിതനായി ശ്ലീഹായെ വധിക്കാൻ തീരുമാനിച്ചു. അതിനായി ശ്ലീഹായെ രാജാവിന്റെ മുൻപിൽ കൊണ്ടുവരുന്നതും ചോദ്യം ചെയ്യുന്നതും ശിക്ഷയ്ക്ക് വിധിക്കുന്നതും 'തോമയുടെ നടപടികളി'ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

അവൻ തടവറയിലേക്ക് കടന്നപ്പോൾ കാവൽക്കാർ കലഹിക്കുന്നതുകേട്ടു. ഈ മന്ത്രവാദി തന്റെ ക്ഷുദ്രപ്രയോഗങ്ങൾകൊണ്ട് ഈ കതകുകൾ തുറന്ന് തടവുകാരെ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുന്നതെന്ത്? എന്തു തെറ്റാണ് ഇയാളോട് നാം ചെയ്തിട്ടുള്ളത്? നമുക്കുപോയി മസ്ദായി രാജാവിനോട് ഇക്കാര്യം പറയാം. പ്രധാന കാവൽക്കാരൻ ഇതുപറഞ്ഞപ്പോൾ യൂദാ നിശബ്ദനായി ശ്രദ്ധിക്കുകമാത്രം ചെയ്തു. അവർ രാവിലെ എഴുന്നേറ്റ് രാജസമക്ഷം എത്തി ഇപ്രകാരം പറഞ്ഞു: 'ഞങ്ങളുടെ യജമാനനായ രാജാവേ ഒന്നുകിൽ ഈ മന്ത്രവാദിയെ വിട്ടുകളയുക. അല്ലെങ്കിൽ അവനെ മറ്റൊരു ജയിലിലേക്കു മാറ്റുക. അവനെ സൂക്ഷിക്കാൻ ഞങ്ങൾക്കു സാധിക്കുന്നില്ല. രണ്ടുപ്രാവശ്യം അങ്ങേഭാഗ്യം തടവുകാരെ കാത്തു. അല്ലായിരുന്നുവെങ്കിൽ അവരെല്ലാം രക്ഷപ്പെടുമായിരുന്നു. ഞങ്ങൾ കതകുകൾ അടച്ചിരുന്നു. അങ്ങയുടെ ഭാര്യയും മകനും മറ്റാളുകളും സദാ അയാളോടു കൂടിയാണ്.' ഇക്കാര്യങ്ങൾ കേട്ട മസ്ദായി രാജാവ് തടവറവാതിലിൽ ഇട്ട മുദ്ര നോക്കുവാനായി ഉടൻപുറപ്പെടുകയും താൻ വച്ചിരിക്കുന്നതുപോലെ കാണുകയും ചെയ്തു. അവൻ തടവറസൂക്ഷിപ്പുകാരോട് പറഞ്ഞു: നിങ്ങളെന്തിനു നുണപറഞ്ഞു? വാതിൽമുദ്രകൾ അതുപോലിരിക്കുന്നു. അപ്പോൾ തേർസ്യയും മിഗ്ദോണിയായും വന്നുവെന്നു നിങ്ങൾ പറയുന്നത് എങ്ങനെ? സൂക്ഷിപ്പുകാർ പറഞ്ഞു: 'ഞങ്ങൾ അങ്ങയോട് സത്യം പറഞ്ഞു.'

മസ്ദായി രാജാവ് പോയി തന്റെ ന്യായാസനത്തിങ്കൽ ഇരുന്നു. എന്നിട്ട് യൂദായെ പിടിച്ചുകൊണ്ടുവരുവാൻ ആളയച്ചു. അവർ അവനെ പിടിച്ചുകൊണ്ടുവന്ന് വസ്ത്രം ഉരിഞ്ഞു. പകരം ഒരു അരക്കച്ച ചുറ്റി മസ്ദായിയുടെമുന്നിൽനിർത്തി. മസ്ദായി അവനോടു ചോദിച്ചു, 'നീ അടിമയോ സ്വതന്ത്രനോ' യൂദാ പ്രതിവചിച്ചു. 'ഞാനൊരു അടിമയാണ്. പക്ഷേ അങ്ങേക്ക് എന്റെമേൽ യാതൊരധികാരവുമില്ല.' മസ്ദായി അവനോടു ചോദിച്ചു: 'എപ്രകാരമാണ് നീ ഓടിയെത്തി ഈ രാജ്യത്ത് അഭയം പ്രാപിച്ചത്' യൂദാ അവനോടുപറഞ്ഞു 'ഞാനിവിടെ വന്നത് തിരുവചനങ്ങളാൽ അനേകർക്കു ജീവൻനല്കുന്നതിനു വേണ്ടിയാണ്. പക്ഷേ, ഇപ്പോൾ അങ്ങയുടെ കൈകളാൽ ഞാനീ ലോകം വിട്ടുപോകേണ്ടിവരും.' മസ്ദായി ചോദിച്ചു. 'ആരാണ് നിന്റെ യജമാനൻ? എന്താണവന്റെ പേര്? നീ ഏതു രാജ്യക്കാരനാണ്? യൂദാ അവനോട് പറഞ്ഞു' എന്റെ രാജാവ് നിന്റെയും യജമാനനാണ്. അവൻ ഈ ലോകംമുഴുവന്റെയും യജമാനനും ഭൂവിഭാഗങ്ങളുടെയെല്ലാം കർത്താവുമാണ്. 'മസ്ദായി വീണ്ടും ചോദിച്ചു.' അവന്റെ പേര് എന്താണ്? 'യൂദാ ഉത്തരിച്ചു.' അങ്ങേക്കിപ്പോൾ ഈ സമയത്ത് അവന്റെ യഥാർഥനാമം ഗ്രഹിക്കാൻ സാധ്യമല്ല. എങ്കിലും അവനു നല്കപ്പെട്ട നാമം ഈശോമിശിഹാ എന്നാണ്. 'മസ്ദായി അവനോടുപറഞ്ഞു: 'നിന്നെ നശിപ്പിക്കാൻ എനിക്കു തിടുക്കമില്ലായിരുന്നു. നിന്നോടു ക്ഷമകാണിച്ചു. എന്നാൽ നീ പിന്നെയും ദുഷ്ക്കർമ്മങ്ങൾ വർദ്ധിപ്പിക്കുകയാണ്. നിന്റെ ക്ഷുദ്രപ്രവർത്തനങ്ങളെക്കുറിച്ചു നാടുമുഴുവൻ സംസാരമാണ്. ഞാൻ എന്തെങ്കിലും ചെയ്താൽ നിന്റെ പ്രവൃത്തികൾ നിന്നെ അനുധാവനം ചെയ്യത്തക്കരീതിയിലേ ആയിരിക്കൂ. അങ്ങനെ ഞങ്ങളുടെ രാജ്യം അവയിൽനിന്നു വിമുക്തമാക്കപ്പെടും'. യൂദാ പറഞ്ഞു 'എന്നെ അനുധാവനം ചെയ്യുമെന്നു അങ്ങ്പറയുന്ന ഈ ക്ഷുദ്രപ്രയോഗങ്ങളൊന്നും ഈ ലോകത്ത് ഇല്ലാതാകില്ല.'

അവൻ ഇതെല്ലാം പറഞ്ഞപ്പോൾ മസ്ദായി രാജാവ് അവനെ ബന്ധിച്ച് അവനെ കൊല്ലാൻ എന്താജ്ഞ നല്കണമെന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവിടെ കൂടിയ ജനാവലിയെ അദ്ദേഹം ഭയപ്പെട്ടു. രാജപ്രധാനികളടക്കം പലരും കർത്താവിൽ വിശ്വസിച്ചിരുന്നു. മസ്ദായി രാജാവ് യൂദായെ പട്ടണത്തിന്റെ പുറത്തേക്കുകൊണ്ടുപോയി ആയുധങ്ങളുമായി ഒരു പറ്റം സൈനികർ അവരെ അനുഗമിച്ചു. മസ്ദായി രാജാവ് യൂദായിൽനിന്ന് എന്തെങ്കിലും പഠിക്കുവാൻ ശ്രമിക്കുകയായിരിക്കുമെന്ന് ജനക്കൂട്ടം കരുതി. അതുകൊണ്ട് അവർ അവിടെത്തന്നെ നിന്നുകൊണ്ട് അവർ പോകുന്നത് വീക്ഷിച്ചു. ഏകദേശം അരമൈൽ ദൂരം പോയപ്പോൾ മസ്ദായി രാജാവ് യൂദായെ തന്റെ കൂടെയുണ്ടായിരുന്ന ഒരു പ്രഭുവിനും കുറെ പട്ടാളക്കാർക്കുമായി ഏല്പിച്ചുകൊടുത്തുകൊണ്ടുപറഞ്ഞു. 'ഈ മലയുടെ മുകളിലേക്കുപോയി അവനെ കൊല്ലുക.' ■

# കുട്ടികളിലെ അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ (ADHD) : യാഥാർഥ്യങ്ങൾ

മെന്റൽ ഹെൽത്ത് കോർണർ

റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ
കൺസൽട്ടന്റ് സൈക്കോളജിസ്റ്റ്



കുട്ടികൾ പക്വത വരാത്ത മുതിർന്നവരല്ല. ജീവശാസ്ത്രപരമായും മനഃശാസ്ത്രപരമായും അവർ മുതിർവരിൽനിന്ന് വ്യത്യസ്തരാണ്. കുട്ടികൾക്ക് തനതായ മാനസികതലമുണ്ട്. അവരുടെ വൈകാരികത, സ്വഭാവവിശേഷങ്ങൾ എന്നിവ വിവിധ സാഹചര്യങ്ങളുമായുള്ള പ്രവർത്തന പ്രതിപ്രവർത്തനഫലമായാണ് രൂപം കൊള്ളുന്നത്. ജനിതകപരമായും ജീവശാസ്ത്രപരവുമായ നിരവധി കാരണങ്ങൾ കൊണ്ടാണ് കുട്ടികളിൽ പലതരത്തിലുള്ള മാനസിക വൈകല്യങ്ങൾ പ്രകടമാകുന്നത്.

പതിനഞ്ചു വയസ്സിൽ താഴെയുള്ള അഞ്ചു ശതമാനം കുട്ടികളിൽ അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ കാണാറുണ്ട്. ആൺകുട്ടികളിൽ പെൺകുട്ടികളെക്കാൾ മൂന്നിരട്ടി കൂടുതലാണ് ഈ അവസ്ഥ. എഡിഎച്ച്എഡി തലച്ചോറിലെ കോശങ്ങളുമായി ബന്ധപ്പെട്ട രോഗാവസ്ഥയാണ്. ഏഴ് വയസ്സിന് മുൻപ് തന്നെ ഇതു കണ്ടുതുടങ്ങാറുണ്ട്.

## പ്രധാന ലക്ഷണങ്ങൾ

ശ്രദ്ധക്കുറവാണ് പ്രധാനലക്ഷണം പഠിക്കുമ്പോഴും അതുപോലെ മറ്റ് പ്രവൃത്തികൾ ചെയ്യുമ്പോഴും തെറ്റുകൾ വരുത്തുക, മറവി, സാമഗ്രികൾ നിരന്തരം കളഞ്ഞുപോകുക. സങ്കീർണമായ കാര്യങ്ങൾ ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക. അമിതവികൃതി, ഒരിടത്ത് അടങ്ങിയിരിക്കാൻ കഴിയാത്ത അവസ്ഥ, അമിതസംസാരം, മറ്റുള്ളവരെ ശല്യപ്പെടുത്തുക എന്നിവയെല്ലാം ലക്ഷണങ്ങളിൽ പെടുന്നു. എടുത്തുചാട്ട പ്രകൃതി, ക്ഷമയില്ലാത്ത പ്രകൃതം, ചോദ്യം ചോദിക്കും മുൻപ് ഉത്തരം പറയൽ, അപകടം വിളിച്ചുവരുത്തുന്ന രീതിയിൽ റോഡ് മുറിച്ചുകടക്കൽ,, അമിത ദേഷ്യം, കൃത്യത പാലിക്കാൻ സാധിക്കാത്ത അവസ്ഥ എന്നിവയും കണ്ടുവരാറുണ്ട്.

## കാരണങ്ങൾ

ജനിതകഘടകങ്ങൾക്ക് ഇതിൽ പ്രധാന പങ്കുണ്ട്. മാതാപിതാക്കൾക്ക് രോഗാവസ്ഥയുണ്ടെങ്കിൽ കുട്ടികളിൽ പിടിപെടാനുള്ള സാധ്യത കൂടുതലാണ്. അതുപോലെ മാതാപിതാക്കളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം, ക്രിമിനൽ സ്വഭാവം എന്നിവ ഉള്ളവർക്ക് സാധ്യത കൂടുതലുമാണ്. തലച്ചോറിലെ ഇടത്-വലത് അർദ്ധഗോളങ്ങളുടെ പ്രവർത്തനത്തിലെ ഏകോപനമില്ലായ്മയും, ഫ്രോണ്ടൽ ലോബിലെ ഡോപ്പമിൻ, നോർ എപി നെഫ്രിൻ എന്നീ രാസവസ്തുക്കളുടെ പ്രവർത്തന വ്യത്യാസങ്ങളും ഇത്തരം അവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത്തരം അവസ്ഥയോടുചേർന്ന് പഠനവൈകല്യം, സ്വഭാവവൈകല്യം എന്നിവയും ഇതിനോടൊപ്പം കൂടുതലായി കണ്ടുവരാറുണ്ട്.

## പരിഹാരമാർഗങ്ങൾ

രോഗാവസ്ഥയിലുള്ള വ്യക്തിയെയും മാതാപിതാക്കളെയും കണ്ട് സംസാരിച്ച് വിശദമായ ക്ലീനിക്കൽ പരിശോധനയിലൂടെയാണ് രോഗനിർണയം നടത്തുന്നത്. അധ്യാപകരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നത് നല്ലതാണ്. രോഗാവസ്ഥയുടെ തീവ്രത അളക്കാൻ കോണേഴ്സ് അസെസ്മെന്റ് സ്കെയിൽ പോലുള്ള സൈക്കോളജിക്കൽ ടെസ്റ്റുകളും

മനഃശാസ്ത്ര ചികിത്സയും കൗൺസിലിങ്ങും സംയുക്തമായും ഉപയോഗിക്കാം.. കുട്ടികളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള അവബോധം വളരെ ഉപകാരപ്രദമാണ്. അതുപോലെ സൈക്കോ എഡ്യൂക്കേഷന്റെ ഭാഗമായി ആരോഗ്യകരമായ കുടുംബാന്തരീക്ഷത്തിനുംപ്രാധാന്യമുണ്ട്. ശിക്ഷണനടപടികൾ ഒട്ടുംപരിഹാരമല്ല. അധ്യാപകർക്കുള്ള ബോധവത്കരണ ക്ലാസുകളും വളരെ പ്രയോജനം ചെയ്യുന്നവയാണ്. ബിഹേവിയറൽ തെറാപ്പികൾക്കൊപ്പം ചില സാഹചര്യങ്ങളിൽ മനോരോഗവിദഗ്ധന്റെ മേൽനോട്ടത്തിൽ ഔഷധചികിത്സയും ലഭ്യമാക്കേണ്ടതാണ്. ■

# മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ' (മത്തായി 8:22)

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ജോജു കോക്കാട്ട്

താന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിക്കണമെന്ന ഒരു ശിഷ്യന്റെ അപേക്ഷയ്ക്ക് ഈശോ നൽകിയ മറുപടിയാണ്: നീ എന്നെ അനുഗമിക്കുക; മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ' (മത്തായി 8:22). മരിച്ചവരെ സംസ്കരിക്കുന്നത് പവിത്രമായ കർമ്മമാണ്. അതുകൊണ്ടുതന്നെ ഈശോയുടെ വാക്കുകൾ ആദ്യനോട്ടത്തിൽ കഠിനവും മാനുഷിക പരിഗണനകളില്ലാത്തതുമായി തോന്നാം. എന്നാൽ വചനത്തിന്റെ പശ്ചാത്തലവും ആഴത്തിലുള്ള അർഥവും മനസിലാക്കുമ്പോൾ ശിഷ്യത്വത്തിന്റെ മഹത്വവും അതിന്റെ അടിയന്തരതയും വ്യക്തമാക്കുന്ന അതീവശക്തമായ വചനമാണിതെന്ന് തിരിച്ചറിയാൻ കഴിയും.

മാതാപിതാക്കളെ ബഹുമാനിക്കുക എന്നത് പത്തു കൽപ്പനകളിൽ അഞ്ചാമത്തേതാണ്. യഹൂദരുടെ ജീവിതത്തിൽ മാതാപിതാക്കളെ സംസ്കരിക്കുന്നത് ഈ കൽപ്പനയുടെ പ്രധാനപ്പെട്ട പ്രകടനമായിരുന്നു. യാക്കോബിനെ സംസ്കരിക്കുന്നതിനായി യോസേഫ് നടത്തിയ ക്രമീകരണങ്ങളും (ഉൽപത്തി 47:27-30; 50:5), തന്റെ പിതാവായ തോബിത്തിന്റെ ഉപദേശം അനുസരിച്ച് മരിച്ചവരെ സംസ്കരിക്കേണ്ടതിന്റെ പ്രാധാന്യം തോബിയാസ് മനസിലാക്കിയിരുന്നതും (തോബിത് 4:3-4) ഇതിന് തെളിവുകളാണ്. മാത്രമല്ല മൃതശരീരത്തിൽ സ്പർശിക്കുന്നതിലൂടെ അശുദ്ധിയാകുന്നതിനാൽ സാധാരണയായി അതിൽ നിന്ന് വിട്ടുനിൽക്കേണ്ടിയിരുന്ന പുരോഹിതന്മാർക്കും നാസീർവ്രതക്കാർക്കും പോലും അടുത്ത ബന്ധുക്കളുടെ മരണത്തിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സംസ്കാരച്ചടങ്ങുകളിൽ ഉത്തരവാദിത്വമുണ്ടായിരുന്നു (ലേവ്യർ 21:11; സംഖ്യ 6:6-7). അതിനാൽ ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ' എന്ന ഈശോയുടെ വാക്കുകൾ കൂടുതൽ ഗൗരവമുള്ളതായി തോന്നുന്നു.

എന്നാൽ മത്തായി 8:18-22 വരെയുള്ള ഭാഗത്തെ പ്രധാന വിഷയം ശിഷ്യത്വത്തിന്റെ വിലയും അതിന്റെ അടിയന്തരസ്വഭാവവുമാണ്.. ഈശോയെ അനുഗമിക്കുക എന്നത് സൗകര്യാനുസരണം പിന്നീട് ചെയ്യാവുന്ന ഒരു തീരുമാനമല്ല; ദൈവരാജ്യത്തിന്റെ വിളിയോട് ഉടൻ പ്രതികരിക്കേണ്ട വിശ്വാസത്തിന്റെ തീരുമാനമാണ്. ഇവിടെ യഹൂദരുടെ സംസ്കാരരീതിയെക്കുറിച്ചുള്ള ഒരു വസ്തുത കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാം നൂറ്റാണ്ടിലെ യഹൂദരിൽ മൃതദേഹം കല്ലറയിൽ സംസ്കരിച്ചതിനു ശേഷം ഏകദേശം ഒരു വർഷം കഴിഞ്ഞ് അസ്ഥികൾ ശേഖരിച്ച് ഒരു പെട്ടിയിൽ സൂക്ഷിക്കുകയും വീണ്ടും സംസ്കരിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതിനാൽ 'ആദ്യം പോയി എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിക്കണമേ' എന്ന ശിഷ്യന്റെ വാക്കുകൾ, പിതാവ് അപ്പോൾ മരിച്ചുകിടക്കുകയാണെന്നോ ഉടൻ സംസ്കരിക്കേണ്ട സാഹചര്യമാണെന്നോ നിർബന്ധമായും അർഥമാക്കണമെന്നില്ല. പിതാവിന്റെ മരണംവരെ കാത്തിരിക്കുക, അല്ലെങ്കിൽ മരണാനന്തര ചടങ്ങുകൾ പൂർത്തിയാകുന്നതുവരെ ശിഷ്യത്വം മാറ്റിവയ്ക്കുക എന്ന ദീർഘവും അനിശ്ചിതവുമായ കാലതാമസത്തെയും അത് സൂചിപ്പിക്കാം. അതുകൊണ്ടാണ് ഈശോയുടെ മറുപടിയിൽ ശിഷ്യത്വത്തിന്റെ അടിയന്തരത ഇത്ര ശക്തമായി ഉയർത്തിക്കാട്ടുന്നത്.

ഈ വചനത്തിലെ 'മരിച്ചവർ' എന്ന പ്രയോഗത്തിനും പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഗ്രീക്ക് ഭാഷയിലെ നെക്രോസ് എന്ന പദം സാധാരണയായി ശാരീരികമായി മരിച്ച വ്യക്തിയെയോ മൃതശരീരത്തെയോ സൂചിപ്പിക്കുന്നു. എന്നാൽ ബൈബിൾ ഭാഷയിൽ ദൈവത്തിൽനിന്നും ദൈവികജീവിതത്തിൽ നിന്നും അകന്നുനിൽക്കുന്നവരെ സൂചിപ്പിക്കുന്നതിനും ഈ പദം ആലങ്കാരികമായി ഉപയോഗിക്കുന്നു. ഉദാഹരണത്തിന് ആത്മീയമായി ദൈവത്തിൽനിന്ന് അകന്നിരിക്കുന്ന അവസ്ഥയെ 'മരണം' എന്ന പ്രതീകത്തിലൂടെ വിശുദ്ധഗ്രന്ഥം പലപ്പോഴും അവതരിപ്പിക്കുന്നു.

അതിനാൽ,'മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ' എന്ന ഈശോയുടെ വാക്കിന്റെ ആഴത്തിലുള്ള അർഥം ഇങ്ങനെ മനസ്സിലാക്കാം: ദൈവരാജ്യത്തിന്റെ വിളിയോട് പ്രതികരിക്കാത്ത ആത്മീയമായി 'മരിച്ചവർ' ഭൗതികമായി മരിച്ചവരെ സംസ്കരിക്കട്ടെ; എന്നാൽ ദൈവരാജ്യത്തിന്റെ വിളി കേട്ടിരിക്കുന്ന നീ ഇപ്പോൾ തന്നെ എന്നെ അനുഗമിക്കുക. ഇവിടെ പിതാവിനെ സംസ്കരിക്കുന്നതിന്റെ പുണ്യത്തെ ഈശോ നിരാകരിക്കുന്നില്ല. മറിച്ച് അതിനേക്കാൾ ഉയർന്ന ഒരു മുൻഗണനയെയാണ് അവിടുന്ന് ശിഷ്യന്റെ മുന്നിൽ വയ്ക്കുന്നത്. ദൈവരാജ്യത്തിന്റെ വിളിയോടുള്ള പൂർണവും അടിയന്തരവുമായ പ്രതികരണം.

മത്തായിയുടെ സുവിശേഷത്തിൽ തന്നെ കുടുംബബന്ധങ്ങളേക്കാൾ ക്രിസ്തുവിനോടുള്ള ബന്ധത്തിന് നൽകേണ്ട മുൻഗണന ഈശോ വ്യക്തമാക്കുന്നുണ്ട്: 'എന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല' (മത്തായി 10:37). അതുപോലെ, 'എന്റെ നാമത്തെപ്രതി വീടോ സഹോദരന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ ഉപേക്ഷിച്ചവന് നൂറിരട്ടി ലഭിക്കുകയും നിത്യജീവൻ അവകാശമാകുകയും ചെയ്യും' (മത്തായി 19:29) എന്നും ഈശോ പറയുന്നു. കുടുംബബന്ധങ്ങൾ അപ്രധാനമാണെന്നല്ല മറിച്ച് എല്ലാ ബന്ധങ്ങളുടെയും ഉത്തരവാദിത്വങ്ങളുടെയും മുകളിലായി ദൈവത്തിന് നൽകേണ്ട പരമമായ മുൻഗണനയെക്കുറിച്ചാണ് ഈശോ പഠിപ്പിക്കുന്നത്.

അതുകൊണ്ട് ഈ വചനം കുടുംബധർമ്മത്തെ നിരാകരിക്കുന്ന വചനമല്ല; മറിച്ച്, ദൈവവിളിയെ യാതൊരു കാരണത്താലും അനിശ്ചിതമായി മാറ്റിവയ്ക്കരുതെന്ന ശക്തമായ ആഹ്വാനമാണ്. പിതാവിനെ സംസ്കരിക്കുക എന്നത് പുണ്യകരമായ കടമ തന്നെയാണ്. എന്നാൽ ക്രിസ്തുവിന്റെ വിളി ലഭിച്ച നിമിഷത്തിൽ ആ വിളിയോട് പ്രതികരിക്കുന്നതാണ് ഏറ്റവും ഉയർന്ന ഉത്തരവാദിത്വം. ദൈവരാജ്യത്തിന്റെ വിളി 'പിന്നീട്' എന്ന് പറഞ്ഞ് മാറ്റിവയ്ക്കാനുള്ള ഒന്നല്ല; അത് ഇപ്പോൾ സ്വീകരിക്കേണ്ട വിളിയാണ്. വിശുദ്ധ ആഗസ്തീനോസിന്റെ ചിന്തയിൽ ഈ സത്യത്തിന്റെ മനോഹരമായ ഒരു പ്രതിധ്വനി കാണാം: 'ജന്മം നൽകിയവനെ സ്നേഹിക്കണം; എന്നാൽ സ്രഷ്ടാവിന് മുൻഗണന നൽകണം.' മനുഷ്യബന്ധങ്ങളെ സ്നേഹിക്കുകയും ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും ചെയ്യുമ്പോഴും അവയെല്ലാം ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന് കീഴിൽ ക്രമീകരിക്കണം.

അതിനാൽ 'മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ' എന്ന ഈശോയുടെ വചനം ക്രൂരതയുടെ ഭാഷയല്ല; മറിച്ച്, ശിഷ്യത്വത്തിന്റെ സമ്പൂർണതയിലേക്കുള്ള ഉണർത്തലാണ്. ജീവിതത്തിൽ ക്രിസ്തുവിന് ഒന്നാം സ്ഥാനം നൽകുക, ദൈവരാജ്യത്തിന്റെ വിളി കേൾക്കുമ്പോൾ കാലതാമസം വരുത്താതിരിക്കുക, എല്ലാ ബന്ധങ്ങളെയും ഉത്തരവാദിത്വങ്ങളെയും ദൈവത്തോടുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ ക്രമീകരിക്കുക.ഇതാണ് ഈ വചനത്തിന്റെ ഹൃദയസന്ദേശം. ക്രിസ്തുവിനെ അനുഗമിക്കുന്ന ജീവിതം നാളെയിലേക്ക് മാറ്റിവയ്ക്കാനുള്ള തീരുമാനമല്ല; ദൈവം വിളിക്കുന്ന ഇന്നിൽ തന്നെ 'അതെ' എന്ന് പറയുന്ന വിശ്വാസജീവിതമാണ്. ■

# സീറോമലബാർ മെത്രാന്മാരുടെ 34-ാമത് സിനഡിന്റെ രണ്ടാം സമ്മേളനം സമാപിച്ചു

കാക്കനാട്: സീറോമലബാർ സഭയുടെ 34-ാമത് മെത്രാൻ സിനഡിന്റെ രണ്ടാം സമ്മേളനം മൗണ്ട് സെന്റ് തോമസിലെ മേജർആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിൽ 2026 ഓഗസ്റ്റ് 17 മുതൽ 28 വരെ നടന്നു. സമ്മേളനത്തിൽ ഇന്ത്യയിലും വിദേശത്തുമായി അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരും ശുശ്രൂഷയിൽനിന്ന് വിരമിച്ചവരുമായ 52 മെത്രാന്മാർ പങ്കെടുത്തു. സഭയുടെ വിശ്വാസജീവിതം, അജപാലനദൗത്യം, സമകാലിക സാമൂഹിക സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളാണ് സിനഡ് ചർച്ച ചെയ്തത്.



ഓഗസ്റ്റ് 17 ന് രാവിലെ പത്തുമണിക്ക് ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ നൽകിയ ധ്യാനചിന്തകളോടെ സിനഡ് സമ്മേളനത്തിന് തുടക്കംകുറിച്ചു. സിനഡ്പിതാക്കന്മാർ ഒരുമിച്ചുഅർപ്പിച്ച വിശുദ്ധ കുർബാനയ്ക്കുശേഷം സീറോമലബാർസഭയുടെ പിതാവുംതലവനുമായ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും സീറോമലബാർ സഭയുടെ മതബോധന കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പുളിക്കലിനെ അന്താരാഷ്ട്ര മതബോധന കൗൺസിൽ അംഗമായി അഞ്ചുവർഷത്തേക്ക് നിയമിച്ചതിൽ സിനഡ് അഭിനന്ദനം രേഖപ്പെടുത്തി. മെത്രാഭിഷേകത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന മാർ ജോർജ് പുന്നക്കോട്ടിലിനെയും പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന മാർ ആൻഡ്രൂസ് താഴത്തിയെയും മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജോസഫ് പെരുന്തോട്ടത്തെയും മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനെയും മേജർ ആർച്ചുബിഷപ്പ് സിനഡ് പിതാക്കന്മാരുടെ സാന്നിധ്യത്തിൽ അനുമോദിച്ചു.

കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ആനിമൂട്ടിലിനെ സിനഡ് തിരഞ്ഞെടുത്തു. ആഗസ്റ്റ് 27-ാം തീയതി വത്തിക്കാനിൽ ഇറ്റാലിയൻ സമയം ഉച്ചയ്ക്ക് 12നും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പൊതുസമ്മേളനത്തിൽ വച്ച് മേജർ ആർച്ചുബിഷപ്പ് ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3.30 നുമാണ് ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്.

സിറിയൻ കത്തോലിക്കാ സഭയുടെ അന്ത്യോക്യൻ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നേഷ്യസ് ജോസഫ് മൂന്നാമൻ യൗനാൻ മെത്രാൻ സിനഡിനെ അഭിസംബോധന ചെയ്തു. മേജർ ആർച്ചുബിഷപ് പാത്രിയാർക്കീസിന് സ്വാഗതം ആശംസിക്കുകയും സിനഡ് സെക്രട്ടറി നന്ദി പറയുകയും ചെയ്തു. സഭയ്ക്കും പൊതുസമൂഹത്തിനും വിവിധ മേഖലകളിൽ വിലയേറിയ സംഭാവനകൾ നൽകുന്ന അത്മായർക്ക് സീറോമലബാർ മെത്രാൻ സിനഡ് ഏർപ്പെടുത്തിയ 'സഭാതാരം' പുരസ്കാരത്തിന് തൃശ്ശൂർ അതിരൂപതാംഗമായ സന്തോഷ് കരുമാത്രയെയും എറണാകുളം-അങ്കമാലി അതിരൂപതാംഗമായ ജേക്കബ് പൈനാടത്തിനെയും തിരഞ്ഞെടുത്തു. പുരസ്കാര പ്രഖ്യാപനം മാർ റാഫേൽ തട്ടിൽ പിതാവ് സിനഡിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ നിർവഹിച്ചു.

സിനഡുദിവസങ്ങളിൽ പിതാക്കന്മാർ വിവിധഗ്രൂപ്പുകളുമായി ആശയവിനിമയം നടത്തി. സീറോമലബാർസഭയിലെ സന്യാസസമൂഹങ്ങളിലെ 140 മേജർ സുപ്പീരിയേഴ്സുമായി നടന്ന കൂടിക്കാഴ്ചയിൽ സമർപ്പിതജീവിതവുമായി ബന്ധപ്പെട്ട കാലികമായ വിഷയങ്ങൾ ചർച്ച ചെയ്തു. നാലു സിനഡൽ മേജർ സെമിനാരി-ആലുവ, കുന്നോത്ത്, വടവാതൂർ, സത്ന-റെക്ടേഴ്സുമായും വടവാതൂരിലെയും ആലുവയിലെയും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡണ്ടുമാരുമായും സിനഡുദിവസങ്ങളിൽ കൂടിക്കാഴ്ച നടന്നു. സീറോമലബാർ സഭാംഗങ്ങളായ എംഎൽഎ മാരും എംപിമാരുമായും സിനഡ് ചർച്ച നടത്തി. അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ 'ദി ചോസൺ' വെബ് സീരിസിന്റെ പ്രസന്റേഷനും സിനഡ് സമ്മേളനത്തിലുണ്ടായിരുന്നു. ഓഗസ്റ്റ് 28 ന് സമ്മേളനം സമാപിച്ചു.



സീറോമലബാർസഭയുടെ മുപ്പത്തിനാലാമതു മെത്രാൻ മെത്രാൻ സിൻഡിന്റെ രണ്ടാം സമ്മേളനത്തോട് അനുബന്ധിച്ച്നടന്ന വിവിധ സന്ന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെ സംഗമം



സീറോമലബാർസഭയുടെ ആരാധനാക്രമ കമ്മീഷൻ ഏർപ്പെടുത്തിയ 'പൗരസ്ത്യ രത്നം' പുരസ്കാരം കല്യാൺ രൂപതയുടെ മുൻ അധ്യക്ഷൻ മാർ തോമസ് ഇലവനാലിന് സിനഡ് പിതാക്കന്മാരുടെ സാന്നിധ്യത്തിൽ മേജർ ആർച്ച്ബിഷപ്പ് സമ്മാനിക്കുന്നു.



മെത്രാഭിഷേക സുവർണ ജൂബിലി ആഘോഷിക്കുന്ന മാർ ജോർജ് പുന്നക്കോട്ടിൽ, മെത്രാഭിഷേക രജത ജൂബിലി ആഘോഷിക്കുന്ന ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുന്ന ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർക്ക് മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ, സിനഡ് പിതാക്കന്മാരുടെ സാന്നിധ്യത്തിൽ ആശംസകൾ നേരുന്നു.

## സീറോമലബാർ സഭാതാരം അവാർഡ് പ്രഖ്യാപിച്ചു



ജേക്കബ് പൈനാടത്ത്



സന്തോഷ് കരുമാത്ര

കാക്കനാട്: സഭയ്ക്കും പൊതുസമൂഹത്തിനും വിവിധ മേഖലകളിൽ വിലയേറിയ സംഭാവനകൾ നല്കുന്ന അത്മായർക്കായി സീറോമലബാർ മെത്രാൻസിനഡ് ഏർപ്പെടുത്തിയിരിക്കുന്ന സഭാതാരം അവാർഡിന് തൃശ്ശൂർ അതിരൂപതാംഗമായ ശ്രീ. സന്തോഷ് കരുമാത്രയെയും എറണാകുളം-അങ്കമാലി അതിരൂപതാംഗമായ ജേക്കബ് പൈനാടത്തിനെയും മെത്രാൻസിനഡ് തെരഞ്ഞെടുത്തു. സീറോമലബാർസഭയിലെ വിവിധ രൂപതകളിൽനിന്നുള്ള നാമനിർദേശങ്ങൾ സിനഡൽ കമ്മിറ്റി പഠിക്കുകയും മെത്രാൻസിനഡിൽ അവതരിപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2026 ആഗസ്റ്റ് 17 നു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ച സീറോമലബാർസഭയുടെ 34-ാമത് മെത്രാൻ സിനഡിന്റെ രണ്ടാം സമ്മേളനമാണ് ഇരുവരെയും അവാർഡിന് അർഹരായി കണ്ടെത്തിയത്. 2027 ജൂലൈ മൂന്നിന് സഭാകേന്ദ്രത്തിൽ നടക്കുന്ന ദുക്റാന സഭാദിനാഘോഷങ്ങളിൽ അവാർഡ് സമ്മാനിക്കും.

# സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ ആശീർവദിച്ചു



കാക്കനാട്: മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ആശീർവദിച്ചു. സീറോമലബാർ സഭയുടെ 34-ാമത് മെത്രാൻ സിനഡിൽ പങ്കെടുക്കാനെത്തിയ സഭയിലെ എല്ലാ മെത്രാന്മാരും ചടങ്ങിൽ സന്നിഹിതരായിരുന്നു. സീറോമലബാർ സഭയുടെ വിശ്വാസപാരമ്പര്യം, ചരിത്രം, ആരാധനാപാരമ്പര്യം, സംസ്കാരം, കലാപൈതൃകം എന്നിവ സംരക്ഷിക്കുകയും പഠിക്കുകയും ഗവേഷണം നടത്തുകയും വരുംതലമുറയ്ക്ക് കൈമാറുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ചത്. മുൻ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും സിനഡ് പിതാക്കന്മാരും ചേർന്നാണ് സെന്ററിന്റെ ശിലാസ്ഥാപനം നിർവഹിച്ചത്. സഭയുടെ സമ്പന്നമായ പൈതൃകവും ചരിത്രസ്മരണകളും ശാസ്ത്രീയമായി രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനൊപ്പം ഗവേഷകർക്കും വിദ്യാർഥികൾക്കും വിശ്വാസികൾക്കും പഠനത്തിനാവശ്യമായ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇതിനായി ഹിസ്റ്റോറിക്കൽ ലൈബ്രറിയും ഡിജിറ്റൽ ലൈബ്രറിയും സജ്ജീകരിച്ചിരിക്കുന്നു. മാർതോമാശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷപ്രഘോഷണ പാരമ്പര്യം മുതൽ സീറോമലബാർസഭയുടെ വളർച്ചയുടെയും വിശ്വാസജീവിതത്തിന്റെയും വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെട്ട ചരിത്രരേഖകൾ, പൈതൃകവസ്തുക്കൾ, ആരാധനോപകരണങ്ങൾ, കലാസൃഷ്ടികൾ തുടങ്ങിയവ സംരക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നതിനായി സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയവും സെന്ററിൽ പ്രവർത്തിക്കുന്നു. സഭയുടെ ചരിത്രവും പൈതൃകവും ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്ന സംവിധാനവും ഒരുക്കിയിട്ടുണ്ട്. പ്രശസ്ത മ്യൂസിയോളജിസ്റ്റ് ഡോ. ജോൺ ഫിലിപ്പോസിന്റെ നേതൃത്വത്തിലാണ് സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയം വിഭാവനം ചെയ്തിരിക്കുന്നത്. സീറോമലബാർസഭയുടെ ചരിത്രവും പൈതൃകവും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ രേഖപ്പെടുത്തുകയും പഠനവിധേയമാക്കുകയും ചെയ്യുന്ന പ്രധാന കേന്ദ്രമായി ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ മാറുകയാണ്. ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ ചെയർമാൻ ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, ഫാ. ഡോ. ജോബിൻ കാഞ്ഞിരത്തിങ്കൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.



# ഫാ. തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ

കാക്കനാട്: കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ആനിമൂട്ടിലിനെ സീറോമലബാർസഭയുടെ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവു നിയമിച്ചു. 2026 ആഗസ്റ്റ് 17 മുതൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ച മെത്രാൻ സിനഡാണ് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ അദ്ദേഹത്തെ തെരഞ്ഞെടുത്തത്.



പൊതുസമ്മേളനത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി. ബഹു. തോമസ് ആനിമൂട്ടിൽ അച്ചനെ കോട്ടയം അതിരൂപതയുടെ സഹായ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ കല്പ്പന മേജർ ആർക്കി എപ്പിസ്കോപ്പൽ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ വായിച്ചു. മേജർ ആർച്ചുബിഷപ്പും കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടുംചേർന്നു തോമസ് ആനിമൂട്ടിൽ അച്ചനെ മെത്രാന്റെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. അതിരൂപതാ സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിയും ഗീവർഗീസ് മാർ അപ്രേമും ചേർന്നു ബൊക്കെ നല്കി അനുമോദിച്ചു. കല്യാൺ അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ സെബാസ്റ്റിയൻ വാണിയപുരയ്ക്കൽ ആശംസകളർപ്പിച്ചു. നിയുക്ത മെത്രാന്റെ മറുപടിപ്രസംഗത്തിനും മേജർ ആർച്ചുബിഷപ്പിന്റെ പ്രാർഥനക്കും ആശീർവാദത്തിനുംശേഷം സിനഡുപിതാക്കന്മാരും മേജർ ആർക്കി എപ്പിസ്കോപ്പൽ കുരിയായിലെ അംഗങ്ങളും നിയുക്ത മെത്രാന് ആശംസകൾ നേർന്നു. കണ്ണൂർ ജില്ലയിലെ പയ്യാവൂർ സെന്റ് ആൻസ് ക്നാനായ ഇടവകയിൽ പരേതരായ ആനിമൂട്ടിൽ ജോസഫ് ഏലി ദമ്പതികളുടെ മകനായി 1962 ജനുവരി 13 നു ജനിച്ച അദ്ദേഹം സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കോട്ടയം അതിരൂപതയുടെ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ചു. മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ നിന്നു തത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1989 ഏപ്രിൽ 13ന് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു. പൗരോഹിത്യസ്വീകരണത്തിനുശേഷം കോട്ടയം അതിരൂപതയിലെ പുളിഞ്ഞാൽ ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിച്ചതിനുശേഷം ഉപരി പഠനത്തിനായി റോമിലേക്കുപോയി. റോമിലെ ഹോളി ക്രോസ്സ് സർവകലാശാലയിൽനിന്നു കാനൻനിയമത്തിൽ ബിരുദവും അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽനിന്നു ക്ലിനിക്കൽ പാസ്റ്ററൽ എഡ്യൂക്കേഷനിൽ ഉപരിപഠനവും പൂർത്തിയാക്കി. ഉഴവൂർ, കടുത്തുരുത്തി എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സെക്രട്ടറി, കോട്ടയം രൂപത പ്രൊക്യുറേറ്റർ, രൂപതാ ചാൻസലർ, കണ്ണൂർ ബാർമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ, രൂപതാ ട്രിബ്യൂണൽ നോട്ടറി, കാരിത്താസ് ആശുപത്രിയുടെ ഡയറകർ, രൂപത പ്രസ്ബിററൽ കൗൺസിൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അതിരൂപതയുടെ പ്രോട്ടോസിൻചെല്ലൂസായി ശുശ്രൂഷചെയ്തുവരുമ്പോഴാണ് പുതിയ നിയോഗം.

സഹായമെത്രാനായുള്ള കടമ യേൽപിച്ചതു ദൈവമാണ്. അതു ദൈവഹിതപ്രകാരം നിർവഹിക്കാൻ ആവശ്യമായ ശക്തിയും അനുഗ്രഹവും അവിടുന്നു നൽകുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. ദൈവത്തെയും ദൈവജനത്തെയും കൂടുതൽ വിശ്വസ്തതയോടെ ശുശ്രൂഷിക്കാനുള്ള നിയോഗമായാണ് ഇതിനെ കാണുന്നത്.' മൗണ്ട് സെന്റ് തോമസിൽ നടന്ന ചടങ്ങിൽ പങ്കെടുത്തു സംസാരിക്കവേ നിയുക്ത മെത്രാൻ പറഞ്ഞു. 'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലി 4.13)' എന്നതാണ് ഇടയദൗത്യത്തിനായി അദ്ദേഹം സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം. ഒക്ടോബർ 2ന് കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മെത്രാഭിഷേക ചടങ്ങുകൾ നടക്കും.

# മാർ ജോസ് പുളിക്കൽ ഇന്റർനാഷണൽ കാറ്റെക്കെറ്റിക്കൽ കൗൺസിൽ അംഗം



കാഞ്ഞിരപ്പള്ളി രൂപതാ മെത്രാനും സീറോമലബാർ സഭയുടെ കാറ്റെക്കെറ്റിക്കൽ കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പുളിക്കൽ പിതാവിനെ അന്താരാഷ്ട്ര കാറ്റെക്കെറ്റിക്കൽ കൗൺസിലിൽ (ഇന്റർനാഷണൽ കാറ്റെക്കെറ്റിക്കൽ കൗൺസിൽ) അംഗമായി നിയമിച്ചു. പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായുടെ അംഗീകാരത്തോടെ സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ കാര്യാലയമാണ് നിയമനം നടത്തിയിരിക്കുന്നത്. അഞ്ചു വർഷത്തേക്കാണ് നിയമനം.

സുവിശേഷവൽക്കരണത്തിനായുള്ള ഡിക്കാസ്റ്ററിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കാറ്റെക്കെറ്റിക്കൽ കൗൺസിൽ, ആഗോളസഭയുടെ വിശ്വാസപരിശീലന ദൗത്യത്തിന് ആവശ്യമായ പഠനങ്ങൾ, മാർഗനിർദേശങ്ങൾ, നയപരമായ ശുപാർശകൾ എന്നിവ രൂപപ്പെടുത്തുന്നതിനും, വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സമിതിയാണ്. വിവിധ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള മെത്രാന്മാരും വൈദികരും മതബോധനരംഗത്തെ വിദഗ്ധരുമാണ് കൗൺസിലിലെ അംഗങ്ങൾ.

2016ൽ കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായും 2020ൽ മെത്രാനായും ചുമതലയേറ്റ മാർ ജോസ് പുളിക്കൽ 2024 മുതലാണ് സീറോമലബാർസഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ചെയർമാനായി നിയമിതനായത്. 2026 ഫെബ്രുവരി മാസത്തിൽ മനിലയിൽ സംഘടിപ്പിച്ച ഏഷ്യയിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ വിശ്വാസപരിശീലന വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ സമ്മേളനത്തിൽ മാർ ജോസ് പുളിക്കൽ പങ്കെടുക്കുകയും സീറോമലബാർസഭയുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങളും വിശ്വാസപരിശീലന രംഗത്തെ നേട്ടങ്ങളും വെല്ലുവിളികളും അവതരിപ്പിക്കുകയും ചെയ്തിരുന്നു. കെ സി ബി സി ബൈബിൾ കമ്മിഷൻ ചെയർമാൻ, സീറോമലബാർ സഭയുടെ മീഡിയ കമ്മീഷൻ അംഗം, വടവാതൂർ സെമിനാരി സിനഡൽ കമ്മീഷൻ അംഗം എന്നീ നിലകളിലും മാർ ജോസ് പുളിക്കൽ സേവനം ചെയ്യുന്നു.

വിശ്വാസപരിശീലന രംഗത്തെ മാർ ജോസ് പുളിക്കൽ പിതാവിന്റെ മികവുറ്റ നേതൃത്വത്തിനും സംഭവനകൾക്കും ലഭിച്ച അന്തർദേശീയ അംഗീകാരമാണ് ഈ നിയമനം. സാർവത്രികസഭയുടെ മതബോധന ദൗത്യത്തിൽ സീറോമലബാർസഭയുടെ വിശ്വാസപരിശീലന പാരമ്പര്യം കൂടുതൽ ഫലപ്രദമായി പങ്കുവയ്ക്കുന്നതിനുള്ള അവസരമാണ് ഈ നിയമനത്തിലൂടെ ലഭിച്ചിരിക്കുന്നത്.

# ‘പരസ്പര ഐക്യം’ *(Mutua Concordia)*: പാത്രിയാർക്കൽ സഭകളിലെ സിനഡൽ സംവിധാനത്തിന് പുതിയ മാനങ്ങൾ

CANON LAW

**റവ. ഡോ. ജോർജ് തെക്കേക്കര**

പൗരസ്ത്യ കത്തോലിക്കാസഭകളുടെ പാരമ്പര്യത്തിൽ, പാത്രിയർക്കീസും മെത്രാന്മാരുടെ സിനഡും തമ്മിലുള്ള പരസ്പര കൂട്ടായ്മയും സഹകരണവും സഭാഭരണത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. സഭയുടെ പിതാവും തലവനുമായി പാത്രിയർക്കീസ് നേതൃത്വംനല്കുമ്പോൾ, മെത്രാൻമാരുടെ സിനഡ് സഭയുടെ കൂട്ടായ ഉത്തരവാദിത്വവും ഐക്യവും പ്രകടമാക്കുന്നു. ഈ രണ്ടു ഘടകങ്ങൾ തമ്മിലുള്ള സഹകരണം സഭയുടെ ക്രമബദ്ധമായ ഭരണത്തിനും ഐക്യത്തിനും അത്യന്താപേക്ഷിതമാണ്.

എന്നാൽ, ഈ ബന്ധം ഗുരുതരമായി തകരുകയും അത് പരിഹരിക്കാനാവാത്ത അവസ്ഥയിലെത്തുകയും ചെയ്താൽ എന്തു ചെയ്യണം? പ്രത്യേകിച്ച്, സഭയുടെ തുടർഭരണത്തിന് പുതിയ നേതൃത്വം അനിവാര്യമാണെന്ന് വ്യക്തമായിരിക്കെ, സ്വമേധയാ രാജിവയ്ക്കാൻ പാത്രിയർക്കീസ് തയ്യാറാകാത്ത സാഹചര്യത്തിൽ, സഭയ്ക്ക് എന്ത് കാനോനിക മാർഗമാണ് ലഭ്യമാകുക? പൗരസ്ത്യ സഭകളുടെ കാനോനിക നിയമസംഹിതയായ CCEOയിൽ ഇതുസംബന്ധിച്ച് വ്യക്തമായ ഒരു നടപടിക്രമം ഇതുവരെ ഉണ്ടായിരുന്നില്ല.

ഈ നിയമവിടവ് പരിഹരിക്കുന്നതിനാണ് 2026 ഓഗസ്റ്റ് 29ന് ലിയോ പതിനാലാമൻ മാർപാപ്പ “പരസ്പര ഐക്യം” *(Mutua Concordia)* എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം സ്വമേധയാ *(Motu Proprio)* പ്രസിദ്ധീകരിച്ചത്. ഇതിലൂടെ CCEO-യിലെ കാനോനകളിൽ 106, 126 എന്നിവയിൽ സുപ്രധാനമായ ഭേദഗതികൾ വരുത്തി. പാത്രിയർക്കീസും അദ്ദേഹത്തിന്റെ സഭയിലെ മെത്രാൻമാരുടെ സിനഡും തമ്മിലുള്ള ബന്ധം ഗുരുതരവും പരിഹരിക്കാനാവാത്തതുമായ വിധത്തിൽ തകരുകയും, സഭയുടെ നേതൃത്വത്തിൽ ഒരു മാറ്റം അനിവാര്യമാവുകയും ചെയ്യുന്ന അസാധാരണ സാഹചര്യത്തിൽ, പാത്രിയർക്കീസ് സ്വമേധയാ രാജിവയ്ക്കാത്ത പക്ഷം, നേതൃത്വമാറ്റത്തിനായി മെത്രാൻമാരുടെ സിനഡ് സ്വീകരിക്കേണ്ട പ്രത്യേക കാനോനിക നടപടിക്രമമാണ് ഈ ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

അതിനാൽ, “പരസ്പര ഐക്യം” ഒരു പ്രത്യേക സഭയിലെ പ്രതിസന്ധിക്ക് താൽക്കാലികമായി നല്കിയ പരിഹാരമായി കാണേണ്ടതല്ല; മറിച്ച്, അസാധാരണമായ നേതൃത്വപ്രതിസന്ധികളിൽ സഭയുടെ കൂട്ടായ്മയും ക്രമബദ്ധമായ ഭരണവും സംരക്ഷിക്കുന്നതിന് മെത്രാൻമാരുടെ സിനഡിനെ പ്രാപ്തമാക്കുന്ന വ്യക്തമായ കാനോനിക നടപടിക്രമത്തിന്റെ അഭാവം പരിഹരിക്കുന്ന ഘടനാപരമായ നിയമപരിഷ്കാരമായാണ് ഇതിനെ മനസ്സിലാക്കേണ്ടത്.

മാർപാപ്പയ്ക്കു നിലവിലുള്ള പരമാധികാരത്തിൽ കുറവൊന്നും വരുത്താതെ, കൂട്ടായ ഉത്തരവാദിത്വത്തിൽ മെത്രാൻമാരുടെ സിനഡിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യക്തമായ കാനോനിക മാർഗ്ഗം ഈ ഭേദഗതിയിലൂടെ ഉൾചേർത്തിരിക്കുകയാണ്.

### സിനഡ് വിളിച്ചുകൂട്ടുന്നതിനുള്ള ബദൽ കാനോനിക സംവിധാനം

നിയമാനുസൃതമായി മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടുന്നതിനുള്ള പാത്രിയർക്കീസിന്റെ അധികാരവും കടമയും വ്യക്തമാക്കുന്നതാണ് കാനോന 106-ലെ ഒന്നും രണ്ടും ഖണ്ഡികകൾ. എന്നാൽ, പാത്രിയർക്കീസ് ഈ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുകയോ അതിനു കഴിയാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ, സിനഡ് വിളിച്ചുകൂട്ടുന്നതിനുള്ള അധികാരം സഭയിലെ മെത്രാന്മാരിൽ മെത്രാൻപട്ടത്തിൽ ഏറ്റവും മുതിർന്നതും വോട്ടവകാശമുള്ളതുമായ അംഗത്തിന് നല്കിക്കൊണ്ട് കാനോന 106-ൽ പുതിയതായി §3 ചേർത്തിരിക്കുന്നു. (കാനോന 102 §3 ലെ വ്യവസ്ഥപ്രകാരം 80 വയസ്സ് പൂർത്തിയാകാത്ത മെത്രാന്മാർക്കാണ് വോട്ടവകാശമുള്ളത്.)

ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന ഏറ്റവും മുതിർന്ന മെത്രാനും സിനഡ് വിളിച്ചുകൂട്ടുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ, മെത്രാൻപട്ടത്തിൽ അടുത്ത മുതിർന്നതും വോട്ടവകാശമുള്ളതും ഈ ഉത്തരവാദിത്വം നിർവഹിക്കാൻ പ്രാപ്തനുമായ മെത്രാനിലേക്ക് ഈ അധികാരം ക്രമാനുഗതമായി കൈമാറപ്പെടും.

ഇതിലൂടെ, പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ സിനഡ് വിളിച്ചുകൂട്ടാൻ കഴിയാത്ത അസാധാരണ സാഹചര്യത്തിലും മെത്രാന്മാരുടെ സിനഡിന് നിയമാനുസൃതമായി സമ്മേളിക്കാനുള്ള വ്യക്തമായ കാനോനിക സംവിധാനം ഉറപ്പാക്കുന്നു. അതിനാൽ, കാനോന 126-ൽ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള അനിവാര്യമായ കാനോനിക സംവിധാനമാണ് കാനോന 106 §3 ലൂടെ രൂപപ്പെടുത്തിയിരിക്കുന്നത്.

### കാനോന 126–ലെ പ്രധാന മാറ്റങ്ങൾ

നിലവിലുള്ള പാത്രിയർക്കീസ് കാലം ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്യുമ്പോഴാണ് പാത്രിയാർക്കൽ സിംഹാസനം ഒഴിവാകുന്നത്. ഇതുസംബന്ധിച്ച വ്യവസ്ഥകൾ കാനോന 126-ലെ ഒന്നും രണ്ടും ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്. ഇപ്പോൾ വരുത്തിയ ഭേദഗതിയിലൂടെ ഇതോടൊപ്പം മൂന്ന് പുതിയ ഖണ്ഡികകൾ കൂടി (കാനോന 126 §§3–5) ചേർത്തിരിക്കുന്നു.

നിയമാനുസൃതം വിളിച്ചുകൂട്ടപ്പെട്ട സിനഡിന്റെ അജണ്ടയിൽ പുതിയൊരു വിഷയം ഉൾപ്പെടുത്തുന്നതിന് മൂന്നിലൊന്ന് അംഗങ്ങളുടെ സമ്മതം മതി എന്ന് കാനോന 108 §3 വ്യവസ്ഥ ചെയ്യുന്നു. പൊതുനിയമത്താൽ പാത്രിയർക്കീസിനോ മെത്രാന്മാർക്കോ മറ്റു വ്യക്തികൾക്കോ ആയി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അവകാശങ്ങൾക്ക് അർഹമായ പരിഗണനനല്കിക്കൊണ്ടുതന്നെ ഒരു പ്രത്യേക കാര്യത്തിനുവേണ്ടി അംഗങ്ങളിൽ മൂന്നിലൊരു ഭാഗമെങ്കിലും ആവശ്യപ്പെടുമ്പോൾ പാത്രിയർക്കീസ് മെത്രാൻമാരുടെ സിനഡ് വിളിച്ചു കൂട്ടണം എന്ന് കാനോനാ 106 §1 അനുശാസിക്കുന്നു. ഇപ്രകാരം വിളിച്ചു കൂട്ടപ്പെട്ട സിനഡിൽ കാനോന 108 §3 ലെ വ്യവസ്ഥപ്രകാരം പാത്രിയർക്കീസിന്റെ രാജി അജണ്ടയിൽ ഉൾപ്പെടുത്തി പാത്രിയർക്കീസ് രാജിവയ്ക്കണമെന്ന് സിനഡിന് ആവശ്യപ്പെടാം (കാനോന 126 §3).

എന്നാൽ അദ്ദേഹം അതിന് തയ്യാറാകുന്നില്ലെങ്കിൽ സിനഡിന് ഒരു പുതിയ അധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി, മുമ്പ് സൂചിപ്പിച്ച പ്രകാരം, മെത്രാൻ പട്ടത്തിൽ ഏറ്റവും മുതിർന്ന, വോട്ടവകാശം ഉള്ള മെത്രാന് സ്വീകരിക്കാം. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന മെത്രാന്റെ അധ്യക്ഷതയിൽ പാത്രിയർക്കീസിനെ തൽസ്ഥാനത്തുനിന്ന് നീക്കുന്നതിന് രഹസ്യ വോട്ടെടുപ്പ് നടത്തുകയും മൂന്നിൽ രണ്ട് അംഗങ്ങൾ അനുകൂലമായി വോട്ട് ചെയുകയും ചെയ്താൽ അദ്ദേഹം ഇക്കാര്യം മാർപാപ്പയെ അറിയിക്കുകയും വേണം. എന്നാൽ, വോട്ടെടുപ്പിന് മുമ്പ് പാത്രിയർക്കീസിന് സിനഡിന്റെ മുമ്പാകെ തന്റെ ഭാഗം വിശദീകരിക്കാനും സ്വയം പ്രതിരോധിക്കാനും ന്യായമായ അവസരം നല്കണം (കാനോന 126 §4). ഈ അവസരം ഏതു രീതിയിൽ നൽകണമെന്നത് കാനോന 126 §4ൽ വ്യക്തമാക്കിയിട്ടില്ല.

സിനഡിന്റെ തീരുമാനത്തിന് മാർപാപ്പയുടെ അംഗീകാരം (assent) ലഭിക്കുന്നതോടെ പാത്രിയർക്കൽ പദവി ഒഴിവായതായി കണക്കാക്കപ്പെടും. തുടർന്ന്, കാനോനിക നിയമം അനുശാസിക്കുന്നതനുസരിച്ച് പുതിയ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാം.

ഇങ്ങനെ നീക്കം ചെയ്യപ്പെടുന്ന പാത്രിയർക്കീസിന് സ്ഥാനികനാമവും ആരാധനാക്രമ അനുഷ്ഠാന അവസരങ്ങളിൽ ഉള്ള പ്രത്യേകസ്ഥാനവും അദ്ദേഹത്തിന്റെ പദവിക്ക് അനുസൃതമായ താമസസൗകര്യങ്ങളും മറ്റു സംവിധാനങ്ങളും നൽകുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനും സിനഡിന് അധികാരം നല്കുന്നതാണ് 126-ാം കാനോയിലെ അഞ്ചാമത്തെ ഖണ്ഡിക.


ഭേദഗതി നേരിട്ട് പാത്രിയാർക്കൽ സഭകളെ സംബന്ധിക്കുന്ന കാനോനകളിലാണ് വരുത്തിയിരിക്കുന്നതെങ്കിലും, ഇതിലെ ഈ നടപടിക്രമങ്ങൾ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകൾക്കും ബാധകമാണ് (കാനോന 152).

### ഉപസംഹാരം

പാത്രിയർക്കീസും സിനഡും തമ്മിലുള്ള കൂട്ടായ്മ ഗുരുതരമായി തകരുന്ന അസാധാരണ സാഹചര്യത്തിൽ, പൗരസ്ത്യസഭയുടെ സിനഡൽ ഘടനയ്ക്കുള്ളിൽ തന്നെ ക്രമബദ്ധവും കാനോനികവുമായ ഒരു പരിഹാരമാർഗം ഒരുക്കുക എന്നതാണ് ഈ ഭേദഗതിയുടെ പ്രധാന ലക്ഷ്യം.

മുറിവേറ്റ കൂട്ടായ്മ പുനഃസ്ഥാപിക്കുക, പൗരസ്ത്യസഭകളുടെ സിനഡൽ സ്വഭാവം സംരക്ഷിക്കുക, റോമൻ മാർപാപ്പയുമായുള്ള കൂട്ടായ്മയിൽ സഭയുടെ ഐക്യവും ക്രമവും ഉറപ്പാക്കുക, തുടങ്ങിയവയാണ് ഈ നിയമപരിഷ്കാരത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ. ■

# മരണവും ദൈവകരങ്ങളിൽ നിന്ന് സ്വീകരിച്ചവൾ




**വിനായക് നിർമ്മൽ**



കഴുത്തുവേദനയും കൈവേദനയുമായിട്ടായിരുന്നു തുടക്കം. വിട്ടുമാറാത്ത വേദന കൂടുതൽ വിശദമായ മെഡിക്കൽ പരിശോധനകൾക്ക് വിധേയമായി. ഒടുവിൽ റിസൾട്ട് വന്നു. മാരകമായ ട്യൂമർ. അന്ന് അലക്സിയ ഗോൺസാലസിന് വെറും പതിമൂന്നു വയസുമാത്രമായിരുന്നു പ്രായം. ഈ ചെറുപ്രായത്തിൽ ഒരു കൊച്ചുപെൺകുട്ടിക്ക് ഇത്രയും ഗുരുതരമായ രോഗംവന്നല്ലോ എന്ന സങ്കടം അവളെ അറിയാവുന്നവരെയെല്ലാം പൊതിഞ്ഞു. അവളും തുടക്കത്തിൽ വിഷമിച്ചു. അതുകൊണ്ട് അവൾ ഇങ്ങനെ പ്രാർഥിച്ചു. ‘അസുഖം ഭേദമാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും. ഇനി അതല്ല അസുഖം ഭേദമാകാനല്ല നിന്റെ ആഗ്രഹമെങ്കിൽ നിന്റെ ഇഷ്ടംപോലെ നടക്കട്ടെ’. നിരുപാധികമായ കീഴടങ്ങൾ. ദൈവഹിതത്തിന് സമ്പൂർണസമർപ്പണം. അതാണ് അലക്സിയ ഗോൺസാലസ് ചെയ്തത്. എങ്ങനെ ലഭിച്ചു ഒരു പതിമൂന്നുകാരിക്ക് ഇത്രയും ആത്മീയപക്വത? ദൈവവിശ്വാസം?

സ്പെയ്നിലെ മാഡ്രിഡിൽ 1971 മാർച്ച് ഏഴിന് ആഴപ്പെട്ട ദൈവവിശ്വാസമുള്ള ഒരു കത്തോലിക്കാകുടുംബത്തിലായിരുന്നു അലക്സിയായുടെ ജനനം. ഓപ്പൂസ് ദേയി മൂവ്മെന്റുമായി അടുത്തുസഹകരിച്ചവരായിരുന്നു മാതാപിതാക്കളായ ഫ്രാൻസിസ്ക്കോയും മോഞ്ചയും. ആ ദമ്പതികളുടെ ഏഴുമക്കളിൽ ഇളയവളായിരുന്നു അലക്സിയ. കാവൽമാലാഖയോടുള്ള ഭക്തിയിലാണ് അലക്സിയ വളർന്നുവന്നത്. ഹ്യൂഗോ എന്നാണ് തന്റെ കാവൽമാലാഖയ്ക്ക് അവൾ പേരിട്ടിരുന്നത്. എട്ടാം വയസിൽ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തിയ അലക്സിയായ്ക്ക് ആ വർഷം തന്നെ അവിസ്മരണീയമായ ഒരു നിമിഷത്തിന് സാക്ഷിയാകാനുള്ള അവസരമുണ്ടായി. വത്തിക്കാനിൽ മാതാപിതാക്കൾക്കൊപ്പം എത്തിയ അലക്സിയായ്ക്ക് പൊതുദർശനവേളയിൽ ജോൺ പോൾ രണ്ടാമൻ പാപ്പയിൽ നിന്ന് ആശീർവാദം സ്വീകരിക്കാൻ സാധിച്ചതായിരുന്നു അത്. പാപ്പയെനേരിൽ കാണാനും അനുഗ്രഹം സ്വീകരിക്കാനും സാധിച്ചതിന്റെ സന്തോഷവും ഓർമയും മരണംവരെ അവൾക്കൊപ്പമുണ്ടായിരുന്നു. അങ്ങനെ ഒരു കൗമാരക്കാരിയുടെ ജീവിതം സ്വച്ഛവും ശാന്തവുമായി കടന്നുപോകുന്ന അവസരത്തിലായിരുന്നു വേദനയുടെ രൂപത്തിൽ രോഗം അവളുടെ ജീവിതത്തിലേക്ക് കടന്നുവന്നത്. നട്ടെല്ലിനായിരുന്നു ട്യൂമർ. നാലു ഓപ്പറേഷനുകൾ ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ അവൾക്ക് നടത്തേണ്ടിവന്നു. അതിന്റെ ഫലമായി അവൾ പക്ഷാഘാതത്തിന് കീഴടങ്ങി. പത്തുമാസം മാത്രമേ രോഗനിർണ്ണയം നടത്തിയതിനു ശേഷം അവൾ ജീവിച്ചിരുന്നുള്ളൂ. പക്ഷേ ആ പത്തുമാസം കഠിനവേദനകളുടേതായിരുന്നു. സഹനങ്ങളുടേതായിരുന്നു. എന്നാൽ ഈ കാലയളവ് മുഴുവൻ അവൾ ജീവിച്ചത് സന്തോഷത്തോടും വിശ്വാസത്തോടും കൂടിയായിരുന്നു. വേദനയ്ക്കിടയിലും താൻ ദൈവത്തിന്റെ കരങ്ങളിലാണെന്ന് അലക്സിയ ഉറച്ചുവിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് അവൾ ഇപ്രകാരം പ്രാർഥിച്ചത്. ‘യേശുവേ എനിക്ക് സുഖം പ്രാപിക്കണം. പക്ഷേ നിനക്കതു വേണ്ടെങ്കിൽ എനിക്കും വേണ്ട’. തനിക്കുസംഭവിച്ചതെല്ലാം വിശ്വാസത്തോടെയാണ് അവൾ വീക്ഷിച്ചത്. അതുകൊണ്ട് മറ്റുള്ളവർക്ക് കഷ്ടപ്പാടെന്ന് തോന്നുന്നപലതും അവൾക്ക് കഷ്ടപ്പാടായിരുന്നില്ല. 1985-ൽ സ്പെയ്നിലെ പാംപ്ലോനയിലെ യൂണിവേഴ്സിറ്റി ഓഫ് നവാരെ ക്ലീനിക്കിൽവച്ചായിരുന്നു അലക്സിയായുടെ അന്ത്യം. വെറും പതിനാലാം വയസിൽ. അലക്സിയായുടെ സഹനജീവിതവും ആത്മീയതയും അനേകരെ അന്നുമുതല്ക്കേ പ്രചോദിപ്പിച്ചിരുന്നു. 1993-ൽ മാഡ്രിഡ് അതിരൂപതയിൽ നാമകരണനടപടികൾക്ക് തുടക്കം കുറിക്കപ്പെട്ടു. 2018 ജൂലൈ അഞ്ചിന് ഫ്രാൻസിസ് മാർപാപ്പ അലക്സിയായെ ധന്യയായി പ്രഖ്യാപിച്ചു. അനുദിനജീവിതത്തിലെ സാധാരണസംഭവങ്ങളെയും ദൈവകരങ്ങളിൽ നിന്ന് നന്ദിയോടെ സ്വീകരിക്കാൻ സാധിച്ചാൽ നമ്മുടെ ജീവിതം വിശുദ്ധീകരിക്കപ്പെടുക തന്നെ ചെയ്യും. എത്രകാലം ജീവിച്ചിരുന്നു എന്നത് അത്രമേൽ പ്രധാനമല്ല. മറിച്ച് ജീവിച്ചിരിക്കുന്ന കാലമത്രയും ദൈവഹിതത്തിന് അനുസരിച്ചുജീവിക്കുക എന്നതാണ് പ്രധാനം. ■

# ആത്മീയനവീകരണത്തിന്റെ മഹാസംഗമമായി ചിക്കാഗോ രൂപത രജതജൂബിലി കൺവൻഷൻ



ചിക്കാഗോ: അമേരിക്കയിലെ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ രജതജൂബിലിയോടനുബന്ധിച്ച് മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ ജൂലൈ ഒമ്പതു മുതൽ 12 വരെ തീയതികളിൽ നടന്ന രൂപതതല കൺവൻഷൻ സമാപിച്ചു. വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും ആത്മീയ നവീകരണത്തിന്റെയും മഹാസംഗമമായിരുന്നു കൺവൻഷൻ. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിലെ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. സീറോമലബാർസഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെയാണ് കൺവെൻഷൻ ആരംഭിച്ചത്. ചിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത്, ചിക്കാഗോ ലത്തീൻ അതിരൂപതാധ്യക്ഷൻ കർദിനാൾ ബ്ലേസ് ജെ. ക്യൂപ്പിച്ച്, ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലിത്ത, ബിഷപ് മാർജോസ് കല്ലുവേലിൽ എന്നിവർ സഹകാർമികരായിരുന്നു. സുവിശേഷസാക്ഷികളായി ലോകത്തിലേക്ക് കടന്നുചെല്ലാൻ ഓരോ വിശ്വാസിയും തയ്യാറാകണമെന്ന് മേജർആർച്ചുബിഷപ്പ് സന്ദേശത്തിൽ ആഹ്വാനം ചെയ്തു. സീറോമലബാർസഭയുടെ വിശ്വാസപൈതൃകവും ആത്മീയപാരമ്പര്യവും വരുംതലമുറകളിലേക്ക് വിശ്വസ്തതയോടെ കൈമാറേണ്ടത് കാലഘട്ടത്തിന്റെ വലിയ ഉത്തരവാദിത്തമാണെന്നും ചിക്കാഗോ രൂപതയുടെ കാൽനൂറ്റാണ്ടുകാലത്തെ വളർച്ച ദൈവാനുഗ്രഹത്തിന്റെയും വിശ്വാസസമൂഹത്തിന്റെ അർപ്പണബോധത്തിന്റെയും ഫലമാണെന്നും അദ്ദേഹം പറഞ്ഞു.

പൊതുസമ്മേളനം മേജർ ആർച്ചുബിഷപ്പ് ഉദ്ഘാടനം ചെയ്തു. രജതജൂബിലി കൺവൻഷൻ അമേരിക്കയിലെ സീറോമലബാർ സഭയുടെ വളർച്ചയുടെയും വിശ്വാസയാത്രയുടെയും ചരിത്രസാക്ഷ്യമാണെന്ന് രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് അഭിപ്രായപ്പെട്ടു. രൂപതയുടെ സ്ഥാപനം മുതൽ സഭയുടെ വളർച്ചയ്ക്കായി സമർപ്പിതസേവനം നടത്തിയ മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും അത്മായ നേതൃത്വത്തെയും അദ്ദേഹം അനുസ്മരിച്ചു. കൺവൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായ വിശ്വാസറാലിയിൽ അമേരിക്കയിലെ വിവിധ ഇടവകകളിൽനിന്നും മിഷനുകളിൽനിന്നും എത്തിയ വിശ്വാസികൾ ആവേശപൂർവം പങ്കെടുത്തു. പ്രവാസി സീറോമലബാർ സമൂഹത്തിന്റെ ആത്മീയ ഉണർവിനും കൂട്ടായ്മയ്ക്കും സാക്ഷ്യം വഹിച്ച റാലിയിൽ ശ്രദ്ധേയമായ പങ്കാളിത്തം കാഴ്ചവെച്ച ഇടവകകൾക്കും മിഷനുകൾക്കും ആദരവും അംഗീകാരവും നൽകി. കുട്ടികൾ, യുവജനങ്ങൾ, ദമ്പതികൾ, കുടുംബങ്ങൾ, വനിതകൾ, മുതിർന്നവർ തുടങ്ങി വിവിധ വിഭാഗങ്ങൾക്കായി ആത്മീയ രൂപീകരണ ക്ലാസുകൾ, സെമിനാറുകൾ, ചർച്ചാവേദികൾ, പ്രത്യേക സമ്മേളനങ്ങൾ എന്നിവയും സംഘടിപ്പിച്ചു. കുടുംബജീവിതം, വിശ്വാസപരിശീലനം, സഭാജീവിതത്തിലെ സജീവപങ്കാളിത്തം, സമകാലിക സമൂഹത്തിൽ ക്രൈസ്തവസാക്ഷ്യം എന്നിവ വിഷയമാക്കിയ സെഷനുകളും കർദിനാൾ മാർ ജോർജ് കൂവക്കാട്, ആർച്ചുബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ തോമസ് തറയിൽ എന്നിവരുടെ സാന്നിധ്യവും പ്രഭാഷണങ്ങളും ശ്രദ്ധേയമായിരുന്നു. അത്മായരുടെ സുവിശേഷദൗത്യപങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച 'ജീവൻ ജ്യോതി' എന്ന പുതിയ അത്മായ പ്രേഷിതപ്രസ്ഥാനത്തിന്റെ ചിക്കാഗോ രൂപതാതല ഉദ്ഘാടനം മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു. വിവിധ ഇടവകകളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ കലാപരിപാടികളും സംഗീതാവിഷ്കാരങ്ങളും സാംസ്കാരിക പരിപാടികളും നടന്നു.

# ദേശീയതലത്തിൽ പുതിയ ഉണർവ് നല്കി കത്തോലിക്ക കോൺഗ്രസ് പ്രഥമ നാഷണൽ കോൺഫറൻസ്



മുംബൈ: ക്രൈസ്തവസമൂഹം ഭാരതത്തിന് ചെയ്ത സംഭാവനകൾ അതുല്യമാണെന്നും വിദ്യാഭ്യാസ രംഗത്തും ആതുരശുശ്രൂഷ രംഗത്തും സഭയുടെ സേവനങ്ങൾ പൊതുസമൂഹം എന്നും ഓർമിക്കുമെന്നും

സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. കത്തോലിക്ക കോൺഗ്രസ് ദേശീയ സമ്മേളനം മുംബൈയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്. രാജ്യത്തിന്റെ വളർച്ചക്ക് ക്രൈസ്തവ സമൂഹം നൽകിയ സംഭാവനകൾ നമ്മുടെ അഭിമാനങ്ങളാണ്. ആക്രമിക്കപ്പെട്ട സമൂഹമല്ല നമ്മൾ. കുടിയേറ്റങ്ങൾ വർദ്ധിച്ചു വരുമ്പോൾ ചെല്ലുന്ന പ്രദേശങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം പകർന്ന് നൽകാനും സഭയുടെ പാരമ്പര്യങ്ങൾ മുറുകെ പിടിക്കുവാനും മറ്റുള്ളവർക്ക് നന്മ ചെയ്യാനും ഓരോ ക്രൈസ്തവനും ശ്രമിക്കണം. കത്തോലിക്ക കോൺഗ്രസിന്റെ ഒപ്പം ഒന്നുചേർന്ന് സമുദായം ഇന്ത്യയൊട്ടാകെ ഒന്നായി മുന്നേറണം. മാർ റാഫേൽ തട്ടിൽ പറഞ്ഞു.

പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷനായ സമ്മേളനത്തിൽ ആർച്ചുബിഷപ്പുമാരായ മാർ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ റാഫി മഞ്ഞളി, ബിഷപ് ലഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, മാർ. ജോസഫ് അരുമച്ചാടത്ത്, ജന. സെക്രട്ടറി ഡോ. ജോസുകുട്ടി ജെ ഒഴുകയിൽ, ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, മോൺ. സിറിയക് കുമ്പാട്ട്, അഡ്വ. ബിജു പറയനിലം, ഡോ. ട്രീസ ലിസ് സെബാസ്റ്റ്യൻ, അഡ്വ ടോണി പുഞ്ചക്കുന്നേൽ, ബെന്നി ആന്റണി, രാജീവ് തോമസ്, സജി വർക്കി എന്നിവർ പ്രസംഗിച്ചു.

ഓഗസ്റ് ഒന്നിന് രാവിലെ സമ്മേളന നഗരിയിൽ ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ പതാക ഉയർത്തിയതോടെ സമ്മേളന പരിപാടികൾക്ക് തുടക്കം കുറിച്ചു. മുംബൈ പൻവേൽ എആർസിയിൽ നടന്ന ദേശീയ സമ്മേളനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ രൂപതകളിൽ നിന്നുള്ള 170 പ്രതിനിധികൾ പങ്കെടുത്തു. 'സമുദായ ശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി പാനൽ ചർച്ചകൾ, സംവാദം, വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, നയ രൂപീകരണം എന്നിവ നടന്നു. ആർച്ചുബിഷപ് മാർ റാഫി മഞ്ഞളി, ബിഷപ് മാർ ജോസഫ് അരുമച്ചാടത്ത്, ബിഷപ് മാർ തോമസ് പാടിയത്ത്, കേന്ദ്ര ന്യൂനപക്ഷ കമ്മിഷൻ അംഗം ഗ്ലെൻ ഇ സൂസ ടിക്ലോ, സി ബി സി ഐ അൽമായ കമ്മീഷൻ സെക്രട്ടറി അഡ്വ എബ്രഹാം പറ്റിയാനി, അനൂപ് ആന്റണി, ഫാ. വർഗീസ് വള്ളിക്കാട്ട്, ജോർജ് കള്ളിവയലിൽ, ഡോൾഫി ഡിസൂസ, ഷെവ. ഡോ.കെ.എം. ഫ്രാൻസിസ് തുടങ്ങിയവർ വിഷയാവതരണങ്ങൾ നടത്തി.

ഓഗസ്റ്റ് 2 ന് നടന്ന സമാപന സമ്മേളനം കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്തു. രാജ്യത്തെ പുതിയ നിയമങ്ങൾ സമുദായങ്ങളുടെ നിലനിൽപിനെ ബാധിക്കുന്നതാകരുതെന്നും നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് പൗരസ്വാതന്ത്ര്യം നിഷേധിക്കുന്നത് പരിഷ്കൃതസമൂഹത്തിന് ഭൂഷണമല്ലെന്നും കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് പറഞ്ഞു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ സുവിശേഷത്തിന് സാക്ഷ്യം നൽകുന്ന അത്മായരെ നന്ദിയോടെ ഓർക്കുന്നു. സുവിശേഷം പ്രസംഗിക്കുവാനും അപരന് നന്മ ചെയ്യാനും ആരേയും ഭയക്കേണ്ടതില്ല. നമ്മുടെ കടമയാണിത്. കർദിനാൾ ഓർമ്മിപ്പിച്ചു. കല്യാൺ അതിരൂപതയാണ് കോൺഫ്രൻസിന് ആതിഥേയത്വം വഹിച്ചത്.

# കരിദിനം ആചരിച്ചു

കോട്ടയം : ഭരണഘടനാതത്വങ്ങൾക്കു വിരുദ്ധമായി മതത്തിന്റെ പേരിൽ രാജ്യത്തെ ദളിത് ക്രൈസ്തവർ പതിറ്റാണ്ടുകളായി അനുഭവിച്ചുവരുന്ന അവഗണനയിൽ പ്രതിഷേധിച്ചു ദളിത് കാത്തലിക് മഹാജനസഭയുടെ നേതൃത്വത്തിൽ 1950ലെ ഷെഡ്യൂൾഡ് കാസ്റ്റ് ഓർഡർ പുറത്തുവന്നതിന്റെ വാർഷികദിനമായ ഓഗസ്റ് 10നു കരിദിനം ആചരിച്ചു. മതംമാറ്റത്തിന്റെ പേരിൽ രാജ്യത്തെ ദളിത് ക്രൈസ്തവ സമൂഹത്തിന് ദശാബ്ദങ്ങളായി നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ സംവരണാവകാശങ്ങൾ അടിയന്തരമായി തിരികെ നൽകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. കോട്ടയം തിരുനക്കര ബസിസ്റ്റാൻഡിൽ നടന്ന കരിദിനാചരണം കെസിബിസി എസ്‌സി, എസ്ടി, ബിസി കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഷിബു ജോസഫ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, ടോമി വിജയപുരം, യു. വി. മാത്യു, റോസമ്മ അഗസ്റ്റിൻ, ബിന്ദു ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു.

# ഹെസദ് 2K26 സുവർണജൂബിലി മാതൃമഹാസംഗമം



പൊടിമറ്റം: കാഞ്ഞിരപ്പള്ളി രൂപതയുടെ സുവർണ ജൂബിലിയാചരണത്തിന്റെ ഭാഗമായി രൂപതാതല മാതൃമഹാസംഗമം വെളിച്ചിയാനി ഫൊറോനയുടെ ആതിഥേയത്വത്തിൽ ഓഗസ്റ്റ് 11 ചൊവ്വാഴ്ച നടന്നു. സെന്റ് മേരീസ് പള്ളിയിൽ രൂപതയുടെ മുൻ മേലധ്യക്ഷൻ മാർ മാത്യു അറയ്ക്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയെ തുടർന്ന് പൊതുസമ്മേളനം നടന്നു. രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ച സമ്മേളനം പാല രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ദൈവത്തോടും മനുഷ്യരോടും എന്നല്ല വിശേഷമായി കുടുംബത്തോട് അമ്മമാർ പുലർത്തുന്ന ആത്മാർപ്പണം വെല്ലുവിളികൾ നിറതാണെന്നും പ്രസ്തുത ദൗത്യം കരുതലോടും കരുത്തോടും പ്രാർഥിക്കുന്ന അമ്മമുഖത്തോടും കൂടി നിർവ്വഹിക്കുവാൻ കഴിയട്ടെ എന്നും മാർ പുളിക്കൽ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. പ്രത്യാശയോടെ ജീവിക്കാനും വെല്ലുവിളികളെ വിശ്വാസവെളിച്ചത്തിൽ അതിജീവിക്കാനും അമ്മമാർ കുടുംബങ്ങളെ പരിശീലിപ്പിക്കുന്നുവെന്നും ദൈവാശ്രയത്വമുള്ള അമ്മ കുടുംബത്തിൽ സമാധാനം വിതയ്ക്കുന്നവളാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് ഓർമിപ്പിച്ചു.

അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ കുടുംബം സംബന്ധിച്ച് വിഷയാവതരണം നടത്തി. മാതൃമഹാസംഗമത്തിൽ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ സ്വാഗതം ആശംസിച്ചു.

വികാരി ജനറാൾ റവ.ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, ഫൊറോന വികാരി റവ. ഡോ. സെബാസ്റ്റ്യൻ പാലമൂട്ടിൽ, ഫൊറോന ഡയറക്ടർ ഫാ. മനു പുത്തൻവീട്ടിൽ, പൊടിമറ്റം പള്ളി വികാരി ഫാ. വർഗീസ് പുതുപ്പറമ്പിൽ, രൂപതാ ആനിമേറ്റർ സിസ്റ്റർ റോസ്മി എസ്എബിഎസ്, ഫൊറോന ആനിമേറ്റർ സിസ്റ്റർ മരിയ ടോം എഫ്സിസി, ഫൊറോന രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

രൂപതയിലെ 148 ഇടവകകളിൽ നിന്നായി ആയിരത്തോളം അമ്മമാർ പങ്കെടുത്തു. കഴിഞ്ഞ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ രൂപതയിൽ നിന്ന വിജയികളായ 73 വനിതാ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി. പരമ്പരാഗത കലാരൂപങ്ങളായ മാർഗംകളി, റമ്പാൻ പാട്ട്, കോൽക്കളി, ക്രൈസ്തവ തിരുവാതിര എന്നിവയും അവതരിപ്പിക്കപ്പെട്ടു. ജിജി ജേക്കബ് പുളിയംകുന്നേൽ, ജൂബി ആന്റണി വേഴമ്പശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. സ്നേഹവിരുന്നോടെ ഹെസദ് 2ഗ26 സമാപിച്ചു.

# തീർഥാടനങ്ങൾ സഹനങ്ങളെ പ്രത്യാശയോടെ നേരിടാൻ സഹായിക്കും: ആർച്ചുബിഷപ് മാർ തോമസ് തറയിൽ



കുടമാളൂർ: ജീവിതസഹനങ്ങളെ അൽഫോൻസാമ്മയെ പോലെ പ്രത്യാശയോടെ നേരിടാൻ തീർഥാടനങ്ങൾ നമ്മെ പ്രാപ്തരാക്കുമെന്ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ തോമസ് തറയിൽ. 38-ാമത് അൽഫോൻസാതീർഥാടനത്തിന് കുടമാളൂരിൽ എത്തിച്ചേർന്ന വിശ്വാസിസമൂഹത്തെ അഭിസംബോധനചെയ്യുകയായിരുന്നു അദ്ദേഹം. ചങ്ങനാശ്ശേരി അതിരൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് ഒന്നിന് നടന്ന തീർഥാടനത്തിൽ പ്രതികൂല കാലാവസ്ഥയിലും പതിനായിരങ്ങൾ പങ്കെടുത്തു. വി. അൽഫോൻസാമ്മയുടെ ജന്മഗൃഹത്തിലും മാതൃ ഇടവകയായ കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർഥാടനകേന്ദ്രത്തിലും മാന്നാനം ആശ്രമദൈവാലയത്തിലും ചങ്ങനാശ്ശേരി അതിരൂപതയുടെ വിവിധ മേഖലകളിൽ നിന്നായി തീർഥാടകർ എത്തിച്ചേർന്നു. രാവിലെ 7.15 ന് ആർച്ചുപ്രീസ്റ്റ് റവ. ഡോ. ജോർജ് മംഗലത്തിലിന്റെ നേതൃത്വത്തിൽ കുടമാളൂർ മേഖലയുടെ തീർഥാടനം എത്തിച്ചേർന്നതോടെ അൽഫോൻസാ ജന്മഗൃഹത്തിലെ തിരുക്കർമ്മങ്ങൾക്ക് തുടക്കമായി. ആർച്ചുബിഷപ്പ് എമരിത്തുസ് മാർ ജോസഫ് പെരുന്തോട്ടം ദിവ്യബലി മധ്യേ സന്ദേശം നൽകി.



# അഭിനന്ദനങ്ങൾ

**ഏറ്റവും മികച്ച തെങ്ങു കർഷകനു നൽകുന്ന കേരളസർക്കാരിന്റെ 2025 ലെ സംസ്ഥാന കേരകേസരി അവാർഡ് ജേതാവ് ശ്രീ. സേവ്യർ കാര്യാവിൽ. താമരശ്ശേരി രൂപത ചെമ്പനോട ഇടവകാംഗമാണ്.**

# കെ.സി.വൈ.എം. സംസ്ഥാന വനിതാസംഗമം താമരശ്ശേരിയിൽ



താമരശ്ശേരി: കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ക്യാമ്പ് 'ഇനി' കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ ഓഗസ്റ്റ് 28,29, 30 തിയതികളിലായി കൈതപ്പൊയിൽ ലിസ്സ കോളേജിൽ നടന്നു. സംഗമത്തിൽ കേരളത്തിലെ വിവിധ രൂപതകളിൽ നിന്നായി നൂറോളം വനിതകൾ പങ്കെടുത്തു. കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡണ്ട് ആഗി മരിയ ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങ് താമരശ്ശേരി രൂപതയുടെ മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യുവതികൾ ഈ കാലഘട്ടത്തിന്റെ ശക്തി ആണെന്നും യുവതികൾ നേതൃസ്ഥാനങ്ങളിലേക്ക് കടന്നുവരണമെന്നും അദ്ദേഹം പറഞ്ഞു. അബിൻ പാലാവയൽ മെന്റലിസ്റ്റ് ആയുഷ്, ലിനറ്റ് മരിയ,ട്യൃ. ക്രിസ്റ്റി, സ്വാതി, MVR ടീം എന്നിവർ ക്ലാസുകൾ നയിച്ചു. കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിമാരായ സെഞ്ചു ജേക്കബ്, ധന്യ മോഹൻരാജ്, രൂപത വൈസ് പ്രസിഡണ്ട് ബിൽഹ മാത്യു, രൂപത ആനിമേറ്റർ സി. റോസീൻ SABS, രൂപത പ്രസിഡണ്ട് ആൽബിൻ ജോസ്, രൂപത ഡയറക്ടർ ഫാ. ജ്യോതിസ് ചെറുശ്ശേരിൽ, സെക്രട്ടറി ആൻസിൽ തോമസ്, സംസ്ഥാന സെനറ്റ് മെമ്പർ അലോണ ജോൺസൺ, എസ്.എം. വൈ.എം. കൗൺസിലർ അഞ്ജലി ജോയി ഷിബിൻ ഷാജി, ജോയൽ ജോൺ, ജെൻസൺ എന്നിവർ നേതൃത്വം നൽകി.

# കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷനു പുതിയ നേതൃത്വം



മാനന്തവാടി: കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ (ചായ്) കേരള റീജണിന്റെ 2026– 2029 കാലയളവിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫാ. ഡോ. ഫിലിപ്പ് പയ്യമ്പിള്ളിലാണു പ്രസിഡന്റ്. തിരുവല്ല പുഷ്പഗിരി ഇൻസ്റ്റിറ്റിയൂഷൻസ് സിഇഒയും സെക്രട്ടറിയുമാണ് ഇദ്ദേഹം.എറണാകുളം ലൂർദ് ആശുപത്രി ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് വൈസ് പ്രസിഡന്റ്, പോട്ട ധന്യ മിഷൻ ആശുപത്രി അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ തേജസ് എഫ്സിസി സെക്രട്ടറി, ആലപ്പുഴ സഹൃദയ ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പിള്ളിത്തറ ജോയിന്റ് സെക്രട്ടറി, തൃശൂർ അമല മെഡിക്കൽ കോളജ് ജോയിന്റ് ഡയറക്ടർ ഫാ.ഷിബു പുത്തൻപുരയ്ക്കൽ സിഎംഐ ട്രഷറർ എന്നിവരാണു മറ്റു ഭാരവാഹികൾ. മേഖലാ കോഓർഡിനേറ്റർമാരായി ഫാ. ബിനു കുന്നത്ത് (തിരുവനന്തപുരം), ഫാ. ഉല്ലാസ് (കോട്ടയം), ഫാ. ക്ലൗഡിൻ ബിവേറ (എറണാകുളം), ഫാ. ഡെമിൻ (തൃശൂർ), സിസ്റ്റർ ജോസ്ന (മലബാർ) എന്നിവരെ തെരഞ്ഞെടുത്തു. ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന 64-ാമത് വാർഷിക ജനറൽ ബോഡി യോഗത്തിലായിരുന്നു തെരഞ്ഞെടുപ്പ്.

# ദളിത് ക്രൈസ്തവരുടെ സംവരണ വിഷയം ഗൗരവമായി പരിശോധിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ ദളിത് ക്രൈസ്തവരുടെ സംവരണവിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഇക്കാര്യത്തിൽ സർക്കാർ നിയമവശങ്ങളൊക്കെ പരിശോധിച്ച് പഠനം നടത്തും. ദളിത് ക്രൈസ്തവരുടെ സംവരണ വിഷയം ചേരമ സാംബവ ഡെവലപ്മെന്റ് സൊസൈറ്റിയാണ് ഈ സർക്കാരിന്റെ മുന്നിൽ അവതരിപ്പിച്ചത്. നിലവിൽ ഈ വിഭാഗത്തിനു ദളിതരുടെ സംവരണവും കിട്ടുന്നില്ല, ക്രൈസ്തവരുടെ പ്രിവിലേജും ലഭിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ചേരമ സാംബവ ഡെവലപ്മെന്റ് സൊസൈറ്റി (സിഎസ്ഡിഎസ്) സംഘടിപ്പിച്ച അയ്യൻകാളി ജന്മദിനാഘോഷം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി.

# സംസ്ഥാന കർഷക അവാർഡ് പാലാ രൂപതയുടെ സാൻതോം കമ്പനിക്ക്



പാലാ: സംസ്ഥാന കർഷക അവാർഡ് പാലാ രൂപതയുടെ സാൻതോം കമ്പനിക്ക്. കളമശ്ശേരി ആശിഷ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച സംസ്ഥാനതല കർഷകദിനാഘോഷത്തിൽ മുഖ്യമന്ത്രി വി. ഡി.സതീശൻ അവാർഡ് സമ്മാനിച്ചു. കേരളത്തിലെ ഏറ്റവും മികച്ച ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനും കമ്പനിയുമായ പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ പ്രൊമോട്ടിങ്ങ് ഏജൻസിയായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ മാനേജർ രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപറമ്പിൽ, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, എഫ്. പി.സി ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ വിമൽ ജോണി, ഡയറക്ടർ ബോർഡ് അംഗങ്ങളായ സിബി കണിയാമ്പടി, പി വി ജോർജ് പുരയിടത്തിൽ, ഷീബ ബെന്നി, ക്ലാരിസ് ചെറിയാൻ, ടോണി കണിപറമ്പിൽ, തോമസ് മാത്യു, ജോസ് കെ. ജോർജ് ,തോമസ് കെ ജോർജ്, ഷിൽജോ ഈറ്റയ്ക്കക്കുന്നേൽ തുടങ്ങിയവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. കൃഷിവകുപ്പ് മന്ത്രി ടി. സിദ്ദിഖ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കരൂർ സ്റ്റീൽ ഇന്ത്യ കാമ്പസിലാണ് സാൻതോം കമ്പനി പ്രവർത്തിക്കുന്നത്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ഏജൻസികളുടെയും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടുള്ള സുസ്ഥിരമായ സംയോജിത സംരംഭകത്വ മുന്നേറ്റത്തെ കണക്കിലെടുത്താണ് സാൻതോം സംസ്ഥാനതലത്തിൽ അവാർഡിനർഹമായത്.

# സഭാ ആസ്ഥാനത്ത് സ്വാതന്ത്ര്യദിനാഘോഷം



കാക്കനാട്: ഭാരതത്തിന്റെ 80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച ആഘോഷപരിപാടികളിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ദേശീയ പതാകയുയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു.

രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും സ്വാതന്ത്ര്യദിന ആശംസകൾ നേർന്ന മേജർ ആർച്ചുബിഷപ്പ്, സ്വാതന്ത്ര്യമെന്നത് കേവലം അവകാശങ്ങൾ അനുഭവിക്കൽ മാത്രമല്ലെന്നും അത് വലിയൊരു ഉത്തരവാദിത്തംകൂടിയാണെന്നും സന്ദേശത്തിൽ ഓർമിപ്പിച്ചു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിനൊപ്പം ഇന്ത്യയുടെ മഹത്തായ വൈവിധ്യങ്ങളെയും പാരമ്പര്യത്തെയും ചേർത്തുപിടിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കായി സ്വാർത്ഥതയില്ലാതെ പോരാടുകയും ജീവത്യാഗം സഹിക്കുകയും ചെയ്ത മഹദ്വ്യക്തികളുടെ ത്യാഗപൂർണമായ പോരാട്ടങ്ങളെ നിത്യവും ഓർമിച്ചുകൊണ്ടായിരിക്കണം സ്വതന്ത്ര ഇന്ത്യയിലെ ഓരോ പൗരനും ജീവിക്കേണ്ടതെന്നും അദേഹം കൂട്ടിച്ചേർത്തു. വൈദികരും സമർപ്പിതരും വിശ്വാസികളും അടക്കം നിരവധിയാളുകൾ ചടങ്ങിൽ പങ്കെടുത്തു.



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

**2026 ജൂലൈ 28 മുതൽ ആഗസ്റ്റ് 27 വരെ**

**ജൂലൈ**

- **28 ചൊവ്വ:** പാലാ രൂപതയിലെ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.
- **31 വെള്ളി:** കാക്കനാട് സി.എം.ഐ ജനറലേറ്റിൽ ജനറൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

**ആഗസ്റ്റ്**

- **1 ശനി:** കല്യാൺ അതിരൂപതയുടെ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.
- **2 ഞായർ:** മുംബൈ പൻവേലിൽ കത്തോലിക്കാ കോൺഗ്രസ് പ്രഥമ ദേശീയസമ്മേളനം ഉദ്ഘാടനം ചെയ്യുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.
- **3 തിങ്കൾ:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി ബിഷപ്പ്സ്-തിയോളജിയൻസ് കൊളോക്കിയത്തിൽ പങ്കെടുത്തു സന്ദേശം നല്കി
- **3–7:** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി ധ്യാനത്തിൽ പങ്കെടുത്തു
- **8 ശനി:** എറണാകുളം-അങ്കമാലി അതിരൂപതയിലെ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ നവതി ആഘോഷത്തിന്റെ ഭാഗമായ പൊതുസമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തി.
  എറണാകുളം-അങ്കമാലി അതിരൂപതയിലെ കലൂർ റിന്യൂവൽ സെന്ററിൽ സത്യദീപം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ചു നടത്തിയ പൊതുസമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തി.
- **15 ശനി:** തൃശൂർ അതിരൂപതയുടെ മതബോധന ദിനാചരണം ഡി.ബി.സി.എൽ.സി യിൽ ഉദ്ഘാടനംചെയ്തു.
- **17–28:** സീറോമലബാർ മെത്രാന്മാരുടെ മുപ്പത്തിനാലാമതു സിനഡിന്റെ രണ്ടാം സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ആദ്യന്തം പങ്കെടുക്കുകയും ചെയ്തു.
- **22 ശനി:** ആലുവ എസ്.ഡി ജനറലേറ്റിൽ എസ്.ഡി സന്യാസിനിസമൂഹത്തിന്റെ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു.
- **23 ഞായർ:** ആലുവ എസ്.ഡി ജനറലേറ്റിൽ എസ്.ഡി സന്യാസിനി സമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു.
- **24 തിങ്കൾ:** സിറിയൻ കത്തോലിക്കാസഭയുടെ അന്ത്യോക്യൻ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നേഷ്യസ് ജോസഫ് മൂന്നാമൻ യൗനാനെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥിരം സിനഡ് അംഗങ്ങളായ പിതാക്കന്മാരോടുചേർന്നു സ്വീകരിച്ചു.
  സിനഡ് പിതാക്കന്മാരോടൊപ്പം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി സന്ദർശിച്ചു.
- **26 ബുധൻ:** കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സിറോമലബാർസഭയുടെ ഹെറിറ്റേജ് & റിസർച്ച് സെന്റർ ആശീർവദിച്ചു.
- **27 വ്യാഴം:** കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ആനിമൂട്ടിലിലിനെ നിയമിക്കുകയും ആ വിവരം ഉച്ചകഴിഞ്ഞു നടന്ന പൊതുസമ്മേളനത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു.

## സിനഡനന്തര സർക്കുലർ

3–ാം പേജ് തുടർച്ച

മ്യൂസിയങ്ങളിലൊന്നാണ്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥാപിച്ചിരിക്കുന്ന ഈ പൈതൃകകേന്ദ്രവും മ്യൂസിയവും സന്ദർശിക്കാൻ ഏവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

### കോട്ടയം അതിരൂപതയ്ക്കു സഹായമെത്രാൻ

കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി പെരിയ ബഹുമാനപ്പെട്ട ആനിമൂട്ടിൽ തോമസച്ചനെ നിയമിച്ചതു സീറോമലബാർസഭയ്ക്കാകെ ഏറെ സന്തോഷകരമായ കാര്യമാണ്. ബഹുമാനപ്പെട്ട തോമസ് അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെയെന്നു പ്രാർഥിക്കുകയും അദ്ദേഹത്തിന്റെ ശുശ്രൂഷകൾക്കു ആശംസകളും ഭാവുകങ്ങളും നേരുകയുംചെയ്യുന്നു.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ദൈവികപരിപാലനയിൽ നടന്ന ഈ സിനഡ്, നമ്മുടെ സഭയെ ദൈവഹിതത്തിന് അനുസൃതമായി രൂപപ്പെടുത്തുന്നതിനുള്ള പുതിയ ഉത്തരവാദിത്വബോധമാണ് നമ്മിൽ ഉണർത്തുന്നത്. പ്രതിസന്ധികളിൽ തളരാതെ, വെല്ലുവിളികളിൽ പതറാതെ, കർത്താവിൽ പ്രത്യാശയർപ്പിച്ചു വിശ്വാസത്തിലും കൂട്ടായ്മയിലും പ്രേഷിത തീക്ഷ്ണതയിലും നമുക്കു മുന്നേറാം.

കേരളത്തിൽ മൺസൂൺ മഴയെത്തുടർന്നുണ്ടായ ദുരന്തങ്ങളിൽ ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളോടുള്ള നമ്മുടെ സഭയുടെ ഹൃദയപൂർവമായ ഐക്യദാർഢ്യം രേഖപ്പെടുത്തുന്നു. അതോടൊപ്പം, നേപ്പാളിൽ സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുകയും വീടും ഉപജീവന മാർഗങ്ങളും ഇല്ലാതായവർക്കുവേണ്ടി പ്രാർഥിക്കുകയുംചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യംതേടിക്കൊണ്ടു, നമ്മുടെ സഭയെയും കുടുംബങ്ങളെയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. പരിശുദ്ധാത്മാവു നമ്മുടെ യാത്ര നയിക്കുകയും മിശിഹായിൽ ഒന്നായ ഒരു സഭയായി കൂടുതൽ ശക്തിയോടെ സുവിശേഷത്തിനു സാക്ഷ്യംവഹിക്കാൻ നമ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

മാർ റാഫേൽ തട്ടിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026–ാം ആണ്ട് ആഗസ്റ്റ് മാസം 28–ാം തീയതി നല്കപ്പെട്ടത്. ■

# ഫരീദാബാദ് അതിരൂപത ദേശീയ സിംപോസിയം

**ഉത്തരേന്ത്യയിലെ സീറോമലബാർ സഭയുടെ സാന്നിധ്യവും സിനഡൽ വളർച്ചയും സംബന്ധിച്ച ആഴത്തിലുള്ള വിചിന്തനത്തിന് വേദിയായി**

ഗാസിയാബാദ്: പ്രവാചകസിനഡൽ ദൗത്യദർശനം യാഥാർഥ്യമാകുമെന്ന പ്രത്യാശയോടെ ഫരീദാബാദ് മെട്രോപോളിറ്റൻ അതിരൂപതയുടെയും ഗോരഖ്പൂർ-ബിജ്നോർ രൂപതകളുടെയും നേതൃത്വത്തിൽ ദേശീയ സിംപോസിയം നടന്നു ക്രൈസ്റ്റ് സർവകലാശാലാ ക്യാമ്പസിൽ ഫരീദാബാദ് അതിരൂപതയും ക്രൈസ്റ്റ് സർവകലാശാലയും 2026 ജൂലൈ 28ന് സംയുക്തമായി സംഘടിപ്പിച്ച ദേശീയ സിംപോസിയത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പും പിതാവുമായ മാർ റാഫേൽ തട്ടിൽ വീഡിയോ സന്ദേശം നൽകി. ഉത്തരേന്ത്യയിലെ സഭാഭരണ മേഖലകളുടെ പുനഃസംഘടന വിശ്വാസികളുടെ രൂപീകരണവും ഇടയശുശ്രൂഷയും സുവിശേഷവത്കരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായാണ് നടപ്പാക്കിയതെന്നും വിശുദ്ധ തോമാശ്ലീഹായുടെ മക്കളെന്ന നിലയിൽ ഉത്തരേന്ത്യയുടെ പ്രത്യേക യാഥാർഥ്യങ്ങൾ മനസ്സിലാക്കി കുടുംബങ്ങളോടും യുവജനങ്ങളോടും കുട്ടികളോടും ചേർന്ന് സഞ്ചരിക്കുന്ന സുവിശേഷവത്കരണ ശൈലി വികസിപ്പിക്കണമെന്നും അദ്ദേഹം സന്ദേശത്തിൽ ആഹ്വാനം ചെയ്തു.



ഉജ്ജയിൻ അതിരൂപതാ മെത്രാപ്പോലീത്തയും സീറോമലബാർ സഭയുടെ സുവിശേഷവത്കരണത്തിനുള്ള സിനഡൽ കമ്മീഷൻ അംഗവുമായ മാർ സെബാസ്റ്റ്യൻ വടക്കേൽ സിംപോസിയം ഉദ്ഘാടനംചെയ്തു. സമൂഹത്തിൽ ക്രൈസ്തവർ ബന്ധങ്ങളുടെ പാലങ്ങൾ പണിയുന്നവരാകണമെന്നും ഉത്തരേന്ത്യയിലെ സീറോമലബാർസഭയുടെ സഭാഭരണ മേഖലകൾ പുനഃസംഘടിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ എല്ലാവരെയുംഉൾക്കൊണ്ട് ഒരുമിച്ച് മുന്നേറുന്ന സിനഡൽ സമൂഹമെന്ന നിലയിൽ സഭയ്ക്ക് വലിയ ഉത്തരവാദിത്വമുണ്ടെന്നും മാർ സെബാസ്റ്റ്യൻ വടക്കേൽ പറഞ്ഞു.

സീറോമലബാർസഭയുടെ കാനോനിക അധികാരപരിധി പ്രധാനമായും കേരളത്തിൽ മാത്രമായി പരിമിതപ്പെട്ടിരുന്ന സാഹചര്യത്തിൽ 2012–ൽ ബെനഡിക്ട് പതിനാറാമൻ പാപ്പ ഫരീദാബാദ് രൂപത സ്ഥാപിക്കുകയും ഉത്തരേന്ത്യയിലെ ആറ് സംസ്ഥാനങ്ങളിൽ സുവിശേഷവത്കരണ ദൗത്യം സഭയെ ഏൽപ്പിക്കുകയും ചെയ്തത് 2017–ൽ ഷംഷാബാദ് രൂപത സ്ഥാപിക്കുന്നതിലൂടെ ഇന്ത്യ മുഴുവൻ സഭയുടെ സുവിശേഷവത്കരണ ദൗത്യവും കാനോനിക അധികാരപരിധിയും വ്യാപിപ്പിക്കുന്നതിനുള്ള സുപ്രധാനമുന്നൊരുക്കമായിരുന്നുവെന്ന് അധ്യക്ഷപ്രസംഗത്തിൽ ഫരീദാബാദ് അതിരൂപതാധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണികുളങ്ങര പറഞ്ഞു.

സിംപോസിയത്തിന്റെ ആദ്യദിനത്തിലെ എല്ലാ സെഷനുകളും 'ഉത്തരേന്ത്യയുടെ പുനഃസംഘടിത മേഖലയിലെ കാനോനികവും നിയമപരവുമായ പ്രാധാന്യം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം, ഫരീദാബാദ് അതിരൂപതാധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണികുളങ്ങര, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായുടെ ചാൻസലർ റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ, ഫരീദാബാദ് അതിരൂപതയുടെ ചാൻസലർ റവ. ഡോ. മാർട്ടിൻ പാലമറ്റം എന്നിവർ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഷംഷാബാദ് അതിരൂപതയുടെ സഹായമെത്രാൻ മാർ തോമസ് പാടിയത്ത് അധ്യക്ഷത വഹിച്ച 'പുനഃസംഘടിത മേഖലയിലെ അന്തർസഭാ പശ്ചാത്തലം' എന്ന പാനൽ ചർച്ചയിൽ ഫരീദാബാദ് വികാരി ജനറൽ മോൺ. ജോൺ ചോഴിത്തറ, ബിജ്നോർ വികാരി ജനറൽ മോൺ. ഫ്രാൻസിസ് കൊല്ലംകുടി, ഗോരഖ്പൂർ ചാൻസലർ റവ. ഫാ. സതീഷ് ചാത്തംകുന്നേൽ എന്നിവർ വിവിധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആന്റോ അക്കര നിർമ്മിച്ച് സംവിധാനം ചെയ്ത മദർ തെരേസയെക്കുറിച്ചുള്ള പുതിയ ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

രണ്ടും മൂന്നും ദിവസങ്ങളിൽ, ഉത്തരേന്ത്യയിലെ പുതിയ പുനഃസംഘടിത മേഖലയിലെ ദൈവശാസ്ത്രപരവും മിഷൻപരവും ഇടയശുശ്രൂഷാപരവുമായ പ്രത്യാഘാതങ്ങൾ പ്രായോഗികതലത്തിൽ നടപ്പിലാക്കുക എന്ന വിഷയം ചർച്ച ചെയ്തു. ഫരീദാബാദ് സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ, ഗോരഖ്പൂർ രൂപതാധ്യക്ഷൻ മാർ മാത്യു നെല്ലിക്കുന്നേൽ, ബിജ്നോർ രൂപതയുടെ വിരമിച്ച മെത്രാൻ മാർ ജോൺ വടക്കേൽ, ഗോരഖ്പൂർ രൂപതയുടെ വിരമിച്ച മെത്രാൻ മാർ തോമസ് തുരുത്തിമറ്റം, പഞ്ചാബ് മിഷന്റെ സിഞ്ചെല്ലൂസ് മോൺ. സിറിയക് കൊച്ചാലുങ്കൽ CST, MST മിഷൻസ്, ഗുവാഹത്തിയുടെ കോഓർഡിനേറ്റർ റവ. ഡോ. ജസ്റ്റിൻ വെട്ടുകല്ലേൽ MST, CBCI ലീഗൽ സെല്ലിന്റെ ഉപദേശകാംഗവും CBCI കൗൺസിൽ ഫോർ വിമന്റെ സെക്രട്ടറിയുമായ സിസ്റ്റർ അഡ്വ. ആശ പോൾ CHF, CISCEയുടെ ചീഫ് എക്സിക്യൂട്ടീവും മുൻ CBSE ബോർഡിന്റെ സെക്രട്ടറിയുമായ ഡോ. ജോസഫ് ഇമ്മാനുവേൽ, SD സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറും സാമൂഹിക പ്രവർത്തകയുമായ സിസ്റ്റർ സ്മിത S.D. എന്നിവർ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപന സമ്മേളനം ഡൽഹി ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ്പ് റവ.ഡോ അനിൽ ജെ. ടി. കൂട്ടോ ഉദ്ഘാടനം ചെയ്തു. ഉത്തരേന്ത്യയിലെ എല്ലാ മിഷൻ പ്രവർത്തനങ്ങളിലും സഭൈക്യചിന്തയും പരസ്പര സഹയാത്രികതയും ഉണ്ടായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഇരുനൂറോളം പ്രതിനിധികൾ പങ്കെടുത്തു. ■



# Eparchy of BIJNOR








St. Joseph, the Patron Saint

**Erected on 26 February 1977**






**Bishop Mar Vincent Nellaiparambil**
**Bishop of Bijnor**



**Bishop Mar John Vadakel CMI**
**Bishop Emeritus of Bijnor**



**Bishop Mar Gratian Mundadan CMI**
**Bishop Emeritus of Bijnor**

## ബിജ്നോർ രൂപതയുടെ തുടക്കവും ദൈവിക വഴിനടത്തലിലൂടെയുള്ള കൃപാനിർഭരമായ യാത്രയും

1972-ൽ, മോൺസിഞ്ഞോർ ഗ്രേഷ്യൻ മുണ്ടാടൻ, ഫാ. കാസിയസ് ചാമക്കാല, ഫാ. ജെറാൾഡ് പടിഞ്ഞാറേപ്പീടിക എന്നീ മൂന്ന് സി.എം.ഐ. മിഷനറി വൈദികരിലൂടെ ബിജ്നോർ മിഷന് തുടക്കമായി. മീററ്റ് രൂപതയിൽ നിന്ന് വേർതിരിച്ചെടുത്ത പ്രദേശത്താണ് ഈ മിഷൻ ആരംഭിച്ചത്. കത്തോലിക്കരില്ല, ഭൂമിയില്ല, കെട്ടിടങ്ങളില്ല, സ്ഥാപനങ്ങളില്ല—ഒന്നുമില്ലാത്ത അവസ്ഥയിൽ, പൂർണ്ണമായും ശൂന്യതയിൽ നിന്ന് ആരംഭിക്കേണ്ടിവന്ന ഒരു ദൗത്യമായിരുന്നു അത്. എന്നാൽ മുന്നിൽ നിന്ന് വഴിനടത്തുന്ന ദൈവത്തിന്റെ കരങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ടുള്ള ഒരു യാത്രയായിരുന്നു അത്.

ചിതറിക്കിടന്നിരുന്ന ഏതാനും മെത്തഡിസ്റ്റ് ക്രൈസ്തവർ മാത്രമായിരുന്നു ഈ പ്രദേശത്തെ ക്രൈസ്തവ സാന്നിധ്യം. അതിനാൽ സുവിശേഷവത്കരണം ഒട്ടും എളുപ്പമായിരുന്നില്ല. ഹിന്ദു സഹോദരങ്ങളുടെ പുണ്യഭൂമിയായ ഈ പ്രദേശം ഗംഗാനദിയുടെ ഉദ്ഭവസ്ഥാനമാണ്. സാമൂഹികമായി മാത്രമല്ല, ആത്മീയമായും അനേകം സംസ്കാരങ്ങളെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന പുണ്യനദിയാണ് ഗംഗ.

ഈ മനോഹരവും ശാന്തവുമായ മലനിരകളിലും താഴ്വരകളിലും ഋഷിമാരും മഹർഷിമാരും ധ്യാനനിരതമായ ജീവിതം നയിച്ചു. ദൈവസാക്ഷാത്കാരം നേടിയ അവർ തങ്ങളുടെ ആത്മീയ അനുഭവങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി. ബദരീനാഥ്, കേദാർനാഥ്, ഗംഗോത്രി, യമുനോത്രി എന്നീ നാല് ധാമങ്ങൾ ഇന്നും ലക്ഷക്കണക്കിന് തീർത്ഥാടകരുടെ ആത്മീയ ദാഹം ശമിപ്പിക്കുന്നു. സിഖ് സഹോദരങ്ങളുടെ പുണ്യ തീർത്ഥാടനകേന്ദ്രമായ ഹേമകുണ്ഡ് സാഹിബും ഓരോ വർഷവും അനേകം തീർത്ഥാടകരെ ആകർഷിക്കുന്നു.

ഈ പശ്ചാത്തലത്തിൽ മിഷനറിമാർ വിശ്വസിച്ചു: ഈ പ്രദേശത്തിനായി കർത്താവിന് ഒരു പ്രത്യേക പദ്ധതിയുണ്ട്; അതുകൊണ്ടുതന്നെയാണ് തങ്ങളെ ഇവിടെ അയച്ചിരിക്കുന്നത്. ആ വിശ്വാസത്തിൽ ആരംഭിച്ച ചെറിയ വിത്ത്, ദൈവിക വഴിനടത്തലിലും മിഷനറിമാരുടെ ത്യാഗത്തിലും അധ്വാനത്തിലും വളർന്ന് ഇന്ന് ബിജ്നോർ രൂപതയായി പുഷ്പിച്ചിരിക്കുന്നു. സുവർണ്ണജൂബിലിയിലെത്തിയ ഈ യാത്ര, മനുഷ്യശ്രമത്തേക്കാൾ ഉപരി ദൈവകൃപയുടെ മനോഹരമായ ചരിത്രമാണ്.

1977-ൽ ബിജ്നോർ മിഷൻ ഒരു രൂപതയായി ഉയർത്തപ്പെട്ടു. ഇന്ന് ബിജ്നോർ രൂപതയുടെ അജപാലന പരിധിയിൽ ഉത്തരാഖണ്ഡിന്റെ മുഴുവൻ പ്രദേശവും ഉത്തർപ്രദേശിലെ 14 സിവിൽ ജില്ലകളും ഉൾപ്പെടുന്നു. കൃപയുടെയും നന്ദിയുടെയും ഈ യാത്ര ഇന്നും തുടരുന്നു. മുന്നിൽ നിന്ന് വഴിനടത്തുന്ന കർത്താവിൽ വിശ്വാസമർപ്പിച്ച്, രൂപത തന്റെ ദൗത്യവുമായി മുന്നേറിക്കൊണ്ടിരിക്കുന്നു.

## ബിജ്നോർ രൂപതയുടെ സുവർണ്ണജൂബിലി



Unveiling of the Golden Jubilee Flag

**ആത്മീയതയുടെയും തീർത്ഥാടനങ്ങളുടെയും പുണ്യഭൂമിയായ ഉത്തരാഖണ്ഡിന്റെയും ഉത്തരപ്രദേശിന്റെയും മണ്ണിൽ, വിശ്വാസത്തിന്റെ വിത്തുകൾ പാകി വളർത്തിയെടുത്ത ഒരു മഹത്തായ മിഷൻയാത്രയാണ്**

ബിജ്നോർ രൂപതയുടെ ചരിത്രം. പ്രാർത്ഥനയിലും ത്യാഗത്തിലും സേവനത്തിലും അധിഷ്ഠിതമായ ഈ യാത്ര ഇന്ന് അതിന്റെ സുവർണ്ണജൂബിലി വർഷത്തിൽ എത്തിനിൽക്കുകയാണ്.

അനേകം വെല്ലുവിളികളും പ്രതികൂല സാഹചര്യങ്ങളും നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് ഈ മിഷൻ വളർന്നത്. ഭാഷയും സംസ്കാരവും കാലാവസ്ഥയും ജീവിതസാഹചര്യങ്ങളും വ്യത്യസ്തമായിരുന്നിട്ടും, ജനങ്ങളോടൊപ്പം ജീവിച്ചും അവരുടെ വേദനകളിൽ പങ്കുചേർന്നും സുവിശേഷത്തിന്റെ സ്നേഹം പകർന്നും മിഷനറിമാർ ഈ ദൗത്യം മുന്നോട്ടുകൊണ്ടുപോയി.

ബിഷപ്പ് മാർ ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ. പിതാവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ദൗത്യം, തുടർന്ന് ബിഷപ്പ് മാർ ജോൺ വടക്കേൽ സി.എം.ഐ. പിതാവിന്റെ നേതൃത്വത്തിൽ കൂടുതൽ ശക്തിപ്പെട്ടു. എണ്ണമറ്റ മിഷനറി വൈദികരും സന്യാസിനികളും കത്തോലിക്കാ വിശ്വാസപ്രബോധകരും (Catechists), സമർപ്പിതരായ സഹപ്രവർത്തകരും അഭ്യുദയകാംക്ഷികളും തങ്ങളുടെ അധ്വാനവും സമയവും ജീവിതവും ഈ ദൗത്യത്തിനായി സമർപ്പിച്ചു. അവരുടെ ത്യാഗവും പ്രാർത്ഥനയും സഹനവും തന്നെയാണ് ഇന്നത്തെ ബിജ്നോർ രൂപതയുടെ അടിത്തറ.

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സേവനം, അജപാലന പ്രവർത്തനം, മനുഷ്യവികസനം എന്നിവയിലൂടെ സഭ ഇന്ന് അനേകം മനുഷ്യരുടെ ജീവിതത്തിൽ പ്രത്യാശയുടെ സാന്നിധ്യമായി മാറിയിരിക്കുന്നു. ഈ സുവർണ്ണജൂബിലി വർഷത്തിൽ, രൂപതയുടെ ഇപ്പോഴത്തെ ഇടയനായ ബിഷപ്പ് മാർ വിൻസെന്റ് നെല്ലായിപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ, കഴിഞ്ഞ അമ്പത് വർഷത്തെ ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും, കൂടുതൽ വിശ്വസ്തതയോടും ധൈര്യത്തോടും സ്നേഹത്തോടും കൂടി വരുംകാല മിഷൻ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നു. ബിജ്നോർ രൂപതയുടെ ഈ സുവർണ്ണയാത്ര ദൈവകൃപയുടെ സാക്ഷ്യവും മിഷനറിമാരുടെ ത്യാഗത്തിന്റെ സ്മാരകവും സുവിശേഷത്തിന്റെ ശക്തിയുടെ തെളിവുമാണ്.

## മാർ ഗ്രേഷ്യൻ മുണ്ടാടൻ പിതാവിന്റെ മെത്രാഭിഷേക സുവർണ ജൂബിലി



ബിഷപ്പ് മാർ ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ. പിതാവും തന്റെ മെത്രാൻ പദവിയുടെ സുവർണ്ണജൂബിലി ആഘോഷിക്കുകയാണ്. അബ്രഹാമിനെയും മോശയെയും പോലെ, ദൈവത്തിന്റെ പദ്ധതിയിൽ വിശ്വാസമർപ്പിച്ച് കഠിനവും ദുഷ്കരവുമായ ദൗത്യം വിശ്വസ്തതയോടെ നിർവഹിച്ച അദ്ദേഹം ബിജ്നോർ രൂപതയ്ക്ക് ശക്തമായ അടിത്തറ പാകി. ബിജ്നോർ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. സുവർണ്ണജൂബിലി ആശംസകൾ! ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

### ബിജ്നോർ രൂപതയുടെ കത്തീഡ്രൽ



ഉത്തരാഖണ്ഡിലെ കോട്ദ്വാറിൽ സ്ഥിതി ചെയ്യുന്ന ബിജ്നോർ രൂപതയുടെ കത്തീഡ്രൽ വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ശ്രദ്ധേയമായ അടയാളമാണ്. 2001 ഡിസംബർ 5-ന് കത്തീഡ്രലിന്റെ തറക്കല്ലിട്ടു. 2011 ഒക്ടോബർ 31-ന് ഇത് കൂദാശ ചെയ്യപ്പെട്ടു. ആരാധനാകേന്ദ്രം എന്ന നിലയിൽ മാത്രമല്ല, ഈ പ്രദേശത്തിന്റെ ആത്മീയവും സാംസ്കാരികവുമായ സ്വത്വത്തെ സമ്പന്നമാക്കുകയും സഭയുടെ പാരമ്പര്യങ്ങളെയും മൂല്യങ്ങളെയും സംരക്ഷിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന വിശ്വാസസാക്ഷ്യമാണ് ഈ കത്തീഡ്രൽ.

### ആശാദീപ് — പ്രത്യാശയുടെ വെളിച്ചം

"പ്രത്യാശയുടെ വെളിച്ചം" എന്നർത്ഥമുള്ള ആശാദീപ്, പ്രത്യേക പരിചരണവും പിന്തുണയും ആവശ്യമായ കുട്ടികൾക്കായുള്ള ഒരു കേന്ദ്രവും ബിജ്നോർ കത്തോലിക്കാ രൂപതയുടെ ഒരു പ്രധാന സംരംഭവുമാണ്. 2002-ൽ സ്ഥാപിതമായ ഈ സ്ഥാപനം ഇന്ത്യയിലെ ഉത്തർപ്രദേശിലെ ബിജ്നോർ ജില്ലയിൽ, ദോദ് രാജ്പുർ എന്ന ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് സുരക്ഷിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സ്നേഹപൂർണ്ണവും പരിപോഷണപരവുമായ ഒരു അന്തരീക്ഷമാണ് ആശാദീപ് ഒരുക്കുന്നത്. ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഇത് ഇന്ന് പ്രത്യാശയുടെ ഒരു ഭവനമായി മാറിയിരിക്കുന്നു. നിലവിൽ ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഹരിയാന, ഡൽഹി, ജമ്മു-കശ്മീർ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള 127 പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾ ഇവിടെ താമസിച്ച് പഠിക്കുന്നു. ആശാദീപിന്റെ സവിശേഷതകളിലൊന്ന് എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധതയാണ്. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾ സമീപത്തെ 21 ഗ്രാമങ്ങളിൽ നിന്നുള്ള 1,130 ഡേ-സ്കോളർ സാധാരണ വിദ്യാർത്ഥികളോടൊപ്പം പഠിക്കുന്നു. ഈ സമീപനം ഇരുവരിലും പരസ്പര ധാരണയും മാനവികമായ അന്തസ്സും പങ്കാളിത്തവും സാമൂഹിക ഏകീകരണവും വളർത്തിയെടുക്കുന്നു.

### പ്രേ ധാ ആശ്രമം



കർത്താവിന്റെ വിളിക്ക് ഉത്തരം നൽകിയും പരിശുദ്ധാത്മാവിനാൽ പ്രചോദിതരായും ബിജ്നോർ രൂപതയിലെ ഫാ. ബെന്നി ഫാ. ഷിബു എന്നീ രണ്ട് വൈദികർ പ്രേംധാം ആശ്രമം വിഭാവനം ചെയ്യുകയും ആരംഭിക്കുകയും ചെയ്തു.

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തതെല്ലാം എനിക്കാണ് ചെയ്തത്" (മത്തായി 25:40) എന്ന കർത്താവിന്റെ വചനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സമൂഹത്തിലെ ഏറ്റവും എളിയവരിലേക്കും, ഏറ്റവും പിന്നാക്കം നിൽക്കുന്നവരിലേക്കും, നഷ്ടപ്പെട്ടവരിലേക്കും കരുണയോടെ എത്തിച്ചേരുന്ന ഒരു ദൗത്യമാണ് ഇത്. 2009-ൽ സ്ഥാപിതമായ പ്രേംധാം, ബുദ്ധിപരമായ വൈകല്യമുള്ളവർ, ശാരീരിക വൈകല്യമുള്ളവർ, മാരകമായ രോഗബാധിതർ എന്നിവരടങ്ങുന്ന ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിലും പരിചരണത്തിലും സജീവമായി ഏർപ്പെട്ടുവരുന്നു. സ്ഥാപനത്തിലെ സഹോദരരിൽ ഭൂരിഭാഗവും അവഗണിക്കപ്പെട്ടവരും ഉപേക്ഷിക്കപ്പെട്ടവരും സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ടവരുമായ, ആശ്രയമില്ലാത്ത യുവാക്കളും മുതിർന്നവരുമാണ്. ചില സഹോദരങ്ങൾ രോഗങ്ങളോടും വൈകല്യങ്ങളോടും ബന്ധപ്പെട്ട സാമൂഹിക അപമാനം കാരണം, അവരുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ അവരെ പരിചരിക്കുന്നതിൽ താൽപര്യമില്ലാതായിരിക്കുന്നു.
പ്രേംധാം ആശ്രമം ഉത്തർപ്രദേശിലെ ബിജ്നോർ ജില്ലയിൽ, നജീബാബാദ് തഹസീലിലാണ് സ്ഥിതി ചെയ്യുന്നത്. പ്രേംധാമിന്റെ പുനരധിവാസ പ്രവർത്തനങ്ങളിൽ പ്രധാനമായും മെഡിക്കൽ പരിചരണം, സഹായ ഉപകരണങ്ങളുടെ വിതരണം, കൗൺസിലിംഗ്, ആവശ്യമായ ശസ്ത്രക്രിയകൾ, പഠിക്കാൻ കഴിവുള്ള കുട്ടികൾക്കുള്ള ഔപചാരിക വിദ്യാഭ്യാസം എന്നിവ ഉൾപ്പെടുന്നു. ആരംഭം മുതൽ തന്നെ പ്രേംധാം ശ്രദ്ധേയമായ ഒരു സ്ഥാപനമായി മാറുകയും, പ്രദേശവാസികളുടെ ഹൃദയപൂർവമായ പിന്തുണയും സഹകരണവും നേടുകയും ചെയ്തിട്ടുണ്ട്

### മരിയ ആശ്രമം

മരിയ ആശ്രമം ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കുമുള്ള ഒരു കേന്ദ്രമാണ്. ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ നന്ദാനഗർ ഘാട്ടിൽ സ്ഥിതി ചെയ്യുന്ന ഇത് ഗഢ്വാളിൽ ബിജ്നോർ രൂപതയുടെ ഭാഗമാണ്.
2002-ൽ ഫാ. ബെന്നി തെക്കേക്കരയാണ് ഈ മിഷൻ സ്റ്റേഷൻ സ്ഥാപിച്ചത്. വാടകയ്ക്ക് എടുത്ത ഒരു വീട്ടിൽ നിന്നാണ് അദ്ദേഹം തന്റെ ശുശ്രൂഷ ആരംഭിച്ചത്. ഭിന്നശേഷിക്കാരായ കുട്ടികളിലേക്ക് എത്തിച്ചേരുകയും, കരുണയോടും സമർപ്പണത്തോടും കൂടി അവരുടെ ആവശ്യങ്ങളോട് പ്രതികരിക്കുകയും ചെയ്തു. 2003-ൽ ഫാ. ഷിബു തുണ്ടത്തിൽ ഈ മിഷനിൽ അദ്ദേഹത്തോടൊപ്പം ചേർന്നു. വൈകല്യമുള്ള കുട്ടികളുടെ ദയനീയമായ ജീവിതസാഹചര്യങ്ങളും അവർക്ക് ലഭ്യമായ പരിമിതമായ അവസരങ്ങളും കണ്ടറിഞ്ഞ വൈദികർ, ഈ പിന്നാക്കം നിൽക്കുന്ന കുട്ടികളെ ശാക്തീകരിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ "മരിയ ആശ്രമം" എന്ന പേരിൽ ഒരു പ്രത്യേക കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചു.
സ്ഥാപിതമായതുമുതൽ പരിചരണം, വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, സ്വയംപര്യാപ്തതയ്ക്കുള്ള അവസരങ്ങൾ എന്നിവ നൽകുക എന്ന ലക്ഷ്യങ്ങളോട് മരിയ ആശ്രമം പ്രതിബദ്ധമായി പ്രവർത്തിച്ചുവരുന്നു. വർഷങ്ങളായി 60-ലധികം ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും വിവിധ പദ്ധതികളിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. തയ്യൽ, മഫ്ലർ നിർമ്മാണം തുടങ്ങിയ നൈപുണ്യങ്ങളിൽ നൽകിയ പരിശീലനം നിരവധി സഹോദരികളെ കൂടുതൽ സ്വയംപര്യാപ്തരും സാമ്പത്തികമായി സ്വതന്ത്രരുമാകാൻ സഹായിച്ചിട്ടുണ്ട്. 15-ലധികം സഹോദരികളെ വിജയകരമായി പുനരധിവസിപ്പിക്കപ്പെട്ടിട്ടുണ്ട്. അവരിൽ ചിലർ വിവാഹിതരായി ഉത്തമ കുടുംബജീവിതം നയിക്കുന്നു. മറ്റുചിലർ വിവിധ ജോലികളിലും ആദായ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. രണ്ട് പെൺകുട്ടികൾക്ക് നഴ്സിംഗ് പരിശീലനവും നൽകി. അവർ ഇപ്പോൾ വിവിധ ആശുപത്രികളിൽ സേവനം ചെയ്തുകൊണ്ട് നല്ല നിലയിൽ എത്തിയിരിക്കുന്നു. നിലവിൽ, 13 പെൺകുട്ടികളും സ്ത്രീകളും മരിയ ആശ്രമത്തിൽ താമസിക്കുന്നു. കരുണാപൂർവമായ പരിചരണം, നൈപുണ്യ വികസനം, പുനരധിവാസം എന്നിവയിലൂടെ ഭിന്നശേഷിക്കാരുടെ അന്തസ്സ് പുനഃസ്ഥാപിക്കുകയും ആത്മവിശ്വാസം വളർത്തുകയും അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ദൗത്യം ആശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. ഗാസിയാബാദ് പ്രവിശ്യയിലെ ഡെസ്റ്റിറ്റ്യൂട്ട് സിസ്റ്റേഴ്സ് ഈ ശുശ്രൂഷയിൽ സജീവമായി പങ്കാളികളാണ്.

### ബിജ്നോർ രൂപതയുടെ ദർശനവും ദൗത്യവും

വിശ്വാസം, സ്നേഹം, കരുതൽ, കരുണാപൂർവമായ സേവനം എന്നിവയിലൂടെ, പ്രത്യേകിച്ച് ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഇടയിൽ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന, സജീവവും ക്രിസ്തുകേന്ദ്രിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സഭ കെട്ടിപ്പടുക്കുക. ബിജ്നോർ രൂപത അജപാലന ശുശ്രൂഷ, സുവിശേഷവത്കരണം, മതബോധനം, വിശ്വാസപരിശീലനം എന്നിവയിലൂടെ സുവിശേഷം പ്രഘോഷിക്കുന്നതിനും വിശ്വാസസമൂഹങ്ങളെ പരിപോഷിപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. ക്രിസ്തുവിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ജാതി, മതം, സാമൂഹിക പദവി എന്നിവ പരിഗണിക്കാതെ, വിദ്യാഭ്യാസം, ആരോഗ്യപരിചരണം, സാമൂഹിക വികസനം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശാക്തീകരണം എന്നിവയിലൂടെ ജനങ്ങളെ സേവിക്കുന്നു. രൂപത മനുഷ്യാന്തസ്സ്, മതാന്തര സൗഹാർദ്ദം, സമഗ്ര വികസനം എന്നിവ പ്രോത്സാഹിപ്പിക്കുകയും വൈദികർ, സമർപ്പിതർ, അല്മായർ എന്നിവരുടെ സജീവ പങ്കാളിത്തം വളർത്തുകയും ചെയ്യുന്നു. പ്രാർത്ഥനയിലും മിഷനറി തീക്ഷ്ണതയിലും വേരൂന്നി, ആത്മീയമായി സമ്പന്നമായ ഉത്തരാഖണ്ഡിന്റെയും ഉത്തർപ്രദേശിന്റെയും മണ്ണിൽ ക്രിസ്തുവിന്റെ സ്നേഹസന്ദേശം മനുഷ്യഹൃദയങ്ങളിൽ സാന്നിധ്യമാകാൻ രൂപത സമർപ്പിക്കപ്പെട്ടിരിക്കുന്നു.





# നേപ്പാൾ ദുരന്തത്തിൽ സഹായവുമായി ലെയോ പതിനാലാമൻ മാർപാപ്പ



വത്തിക്കാൻ സിറ്റി: മിന്നൽപ്രളയത്തിൽ ദുരിതം അനുഭവിക്കുന്ന നേപ്പാളിലെ ജനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കാൻ സഹായവുമായി ലെയോ പതിനാലാമൻ മാർപാപ്പ. കാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള ഡിക്കാസ്റ്ററി വഴിയായിട്ടാണ് ലെയോ പാപ്പ സാമ്പത്തിക സഹായം കൈമാറിയത്. ഭക്ഷണം, അടിസ്ഥാന ആവശ്യങ്ങൾ, പാർപ്പിടം എന്നീ ആവശ്യങ്ങൾക്കുവണ്ടി ഈ സഹായം വിനിയോഗിക്കും. ദുരിതബാധിതരായ ഏറ്റവും ദുർബലരായവർക്ക് പരിശുദ്ധ പിതാവിന്റെ സാമീപ്യവും സ്നേഹവും പ്രകടമാക്കുന്നതാണ് ഈ സഹായമെന്നും സഭ അവരെ അനുഗമിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുവെന്നതിന്റെ പ്രകടമായ തെളിവാണിതെന്നും കാരുണ്യപ്രവർത്തനങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ട് ആർച്ചുബിഷപ്പ് ലൂയിസ് മാരിൻ ദി സാൻ മാർട്ടിൻ പറഞ്ഞു. ഭക്ഷണം, ശുദ്ധജലം, മെഡിക്കൽ സാമഗ്രികൾ, ശുചിത്വ വസ്തുക്കൾ, അടിയന്തര താമസസൗകര്യം, വസ്ത്രങ്ങളും പുതപ്പുകളും, മരുന്നുകൾ എന്നിവയാണ് കാരിത്താസ് നേപ്പാൾ ലഭ്യമാക്കുന്നത്. കമ്മ്യൂണിറ്റി അടുക്കളയുടെ പ്രവർത്തനം കാരിത്താസ് ആരംഭിച്ചിട്ടുണ്ട്. സാമ്പത്തികസഹായത്തിന് പുറമെ നേപ്പാളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ തന്റെ അതീവദുഃഖവും പ്രാർഥനകളും അറിയിച്ചുകൊണ്ട് ലെയോ പാപ്പ ടെലിഗ്രാം സന്ദേശവും അയച്ചിരുന്നു.

# മധ്യപൂർവേഷ്യയിൽ ക്രൈസ്തവരുടെ എണ്ണം ക്രമാതീതമായി കുറയുന്നതിൽ ആശങ്ക: കർദിനാൾ ക്ലൗദിയോ ഗുജ്റോത്തി

റോം: മധ്യപൂർവേഷ്യയിൽ ക്രൈസ്തവരുടെ എണ്ണം ക്രമാതീതമായി കുറയുന്നത് ആശങ്ക ഉളവാക്കുകയാണെന്ന് പൗരസ്ത്യസഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫറ്റ് കർദിനാൾ ക്ലൗദിയോ ഗുജ്റോത്തി. ഇറ്റലിയിലെ റിമിനിയിൽ നടന്ന 47-ാമത് ജനതകളുടെ സൗഹൃദത്തിനായുള്ള സമ്മേളനത്തിലാണ് പൗരസ്ത്യസഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ തലവൻ പൗരസ്ത്യ നാടുകളിൽ ക്രിസ്ത്യാനികൾ നേരിടുന്ന വെല്ലുവിളികളെ ചൂണ്ടിക്കാട്ടിയത്. മധ്യപൂർവേഷ്യയിൽ യുദ്ധങ്ങളും കുടിയിറക്കങ്ങളും ഏറെ ദുരിതം വിതയ്ക്കുന്ന ഈ കാലഘട്ടത്തിൽ പൗരസ്ത്യസഭകളിലെ ക്രിസ്ത്യാനികൾ ആ സ്ഥലങ്ങളിൽ പൂർണമായും ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ക്രിസ്തീയവിശ്വാസം ബഹുസ്വരയാഥാർഥ്യമാണ്. ഈ ബഹുസ്വരത വൈവിധ്യത്തിൽ സമ്പന്നമാണ്. കിഴക്കൻ ലോകം ഇന്ന് ആഭ്യന്തര യുദ്ധത്തിന്റെ പിടിയിലായതോടെ പ്രതിസന്ധിയുടെ ആക്കം കൂട്ടിയിരിക്കുകയാണ്. കർദിനാൾ ഗുജ്റോത്തി പറഞ്ഞു സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യം നിലനിർത്തുന്നതിൽ ആഭ്യന്തരപ്രശ്നങ്ങൾ ഏറെ അസ്വസ്ഥത സൃഷ്ടിക്കുന്നു. ഇസ്ലാമിക് സ്റ്റേറ്റ് പോലെയുള്ള തീവ്രവാദ സംഘടകൾ ഉണ്ടാക്കുന്ന ഭീഷണികളിൽ തങ്ങളുടെ മാതൃരാജ്യങ്ങൾ വിട്ട് മറ്റെവിടെയെങ്കിലും സുരക്ഷ തേടി പലായനം ചെയ്യുന്ന ക്രിസ്ത്യാനികൾക്ക് അതിജീവനം പോലും വഴിമുട്ടുന്ന അവസ്ഥയാണ് ഉണ്ടാകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മധ്യപൂർവ്വേഷ്യയിലെ ക്രൈസ്തവ ജനസംഖ്യ കുറയുന്നതിൽ ദുഃഖം പ്രകടിപ്പിച്ച് ലെബനോനിലെ മാരോണൈറ്റ് സഭയുടെ പാത്രിയാർക്കീസ് കർദിനാൾ ബെച്ചാര റായ് ഉൾപ്പെടെയുള്ള ക്രൈസ്തവനേതാക്കളും രംഗത്ത് വന്നിരിന്നു.




# പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നേഷ്യസ് ജോസഫ് മൂന്നാമൻ യൗനാൻ സീറോമലബാർ സഭആസ്ഥാനം സന്ദർശിച്ചു



കാക്കനാട്: സിറിയൻ കത്തോലിക്കാ സഭയുടെ അന്ത്യോക്യൻ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നേഷ്യസ് ജോസഫ് മൂന്നാമൻ യൗനാൻ സീറോമലബാർസഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസ് സന്ദർശിച്ചു. സീറോമലബാർസഭയുടെ 34-ാമത് മെത്രാൻ സിനഡിന്റെ രണ്ടാം സമ്മേളനം നടക്കുന്നതിനിടെയായിരുന്നു പാത്രിയർക്കീസിന്റെ സന്ദർശനം. സീറോമലബാർസഭയുടെ പിതാവും തലവനുമായ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവും സീറോമലബാർസഭയുടെ സ്ഥിരം സിനഡ് അംഗങ്ങളായ പിതാക്കന്മാരും ചേർന്ന് പാത്രിയർക്കീസിനെ സഭാആസ്ഥാനത്തു സ്വീകരിച്ചു. തുടർന്ന് സിനഡ് ഹാളിൽ എത്തിയ പാത്രീയാർക്കിസിനെ മേജർ ആർച്ചുബിഷപ് സ്വാഗതം ചെയ്തു. പാത്രിയാർക്കിസ് സിനഡ് പിതാക്കന്മാരെ അഭിസംബോധന ചെയ്തു. പൗരസ്ത്യ കത്തോലിക്കാ സഭകൾ തമ്മിലുള്ള കൂട്ടായ്മയും പരസ്പര സഹകരണവും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. പൗരസ്ത്യസഭകളുടെ പാരമ്പര്യങ്ങളും ആത്മീയസമ്പത്തും വിശ്വാസസാക്ഷ്യവും ഇന്നത്തെ സാഹചര്യങ്ങളിൽ കൂടുതൽ ശക്തമായി അവതരിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം പങ്കുവച്ചു. സീറോമലബാർസഭയും അന്തിയോഖ്യൻ സുറിയാനി കത്തോലിക്കാ സഭയും തമ്മിലുള്ള ചരിത്രപരവും ആത്മീയവുമായ ബന്ധങ്ങൾ കൂടുതൽ വളർത്തിയെടുക്കുന്നതിൽ ഈ സന്ദർശനം ഏറെ പ്രാധാന്യമർഹിക്കുന്നതായി മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു. സിനഡ് സെക്രട്ടറി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി പാത്രിയർക്കീസിന്റെ സന്ദർശനത്തിന് നന്ദി പ്രകാശിപ്പിച്ചു.



സെപ്റ്റംബർ 29 നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്
സീറോമലബാർസഭ മുഴുവന്റെയും പ്രാർഥനാശംസകൾ!



മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന
സീറോമലങ്കരസഭയുടെ മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ
ക്ലീമിസ് പിതാവിന് സീറോമലബാർ വിഷന്റെ പ്രാർഥനാശംസകൾ!